
Aikyadeepam

# ഐക്യദീപം

ഓഗസ്റ്റ് 2014

Since 1976 വില ₹ 10











# ചൈൽഡ് ലൈൻ

## പത്തനംതിട്ട

ശ്രദ്ധയും സംരക്ഷണവും
ആവശ്യമുള്ള കുട്ടികൾക്ക്
അവരുടെ വിഷമഘട്ടങ്ങളിൽ
നേരിട്ടോ, അല്ലെങ്കിൽ
കുട്ടികളുമായി ബന്ധപ്പെട്ട
വ്യക്തികൾക്കോ
1098 എന്ന നമ്പറിലേക്ക് സൗജന്യമായി
24 മണിക്കൂറും വിളിച്ച് സഹായം
ഉറപ്പുവരുത്താവുന്നതാണ്.



**Call Day & Night**
**1098**



വിഷമഘട്ടങ്ങളിലായിരിക്കുന്ന കുട്ടികളെ കണ്ടാൽ വിളിക്കാൻ മറക്കരുതേ...


### കൊളാബൊറേറ്റീവ് ഏജൻസി

ബോധന (തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി)
തുകലശ്ശേരി, പുഷ്പഗിരി റോഡ്, തിരുവല്ല, പത്തനംതിട്ട
കേരള, ഇൻഡ്യ 689 101
ഫോൺ: 0469 - 2730561, 2606063
E-mail: bodhanatiruvalla@gmail.com









CHILDLINE is a Project of the Ministry of Women and Child Development, Government of India in partnership with State Government, NGOs, the Corporate Sector and Concerned in individuals.



എഡിറ്റോറിയൽ
editorial

ജീവിതം ഒരു ലഹരിയാണ്, തീരാത്ത ലഹരി.... ഒരു പുഴപോലെ നിരന്തരം നുരഞ്ഞും പതഞ്ഞും ഒഴുകിയിറങ്ങേണ്ട ലഹരി. ജീവന്റെ ലഹരിയിൽ അവസാനമെത്തുന്ന നേർത്ത അലകൾ പോലും, ആത്മാവിലും ഓരോ കോശത്തിലും ആർത്തലച്ചു പെയ്യുന്ന മഴത്തുള്ളികളായ് മാറണം..... അപ്പോൾ മാത്രമേ ജീവിതം ലഹരിയാവൂ, തീരാത്ത ലഹരി. എല്ലാം വിസ്മരിക്കുന്ന മറവിയുടെ മൂടുപടം കൊണ്ട് ഓർമ്മയുടെ വാതിലുകളെ ചേർത്തടച്ച് മുഖം കുനിച്ചിരിക്കാൻ പ്രേരിപ്പിക്കുന്ന ലഹരിയല്ല, മറിച്ച് ജീവിക്കാൻ കൊതിപ്പിക്കുന്ന ലഹരി. ജീവിതമെന്ന ഈ ലഹരിയെ ചില സന്ധ്യമയങ്ങുന്ന നേരങ്ങളിൽ ഒരു ചെറിയ ഗ്ലാസിന്റെ ഉള്ളിലേക്ക് മാത്രം ഒതുക്കി, യാഥാർത്ഥ്യങ്ങളുടെ ലോകത്തിൽ നിന്ന് അകലങ്ങളിലേക്ക് പറക്കുമ്പോൾ, പറക്കാൻ വിഫലമായൊരു ശ്രമം നടക്കുമ്പോൾ, നോക്കൂ! ചിറകിലെ എത്ര മനോഹര തൂവലുകളാണ് തീക്കനലുകളിൽ പൊള്ളി വീണുപോകുന്നത്?

ഇന്ന് മദ്യവും മയക്കുമരുന്നും കടിഞ്ഞാണില്ലാത്ത കുതിരകളെപ്പോലെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും ചവിട്ടിമെതിച്ച് പാഞ്ഞുപോകുന്നു. ബാല്യത്തിന്റെ നിറവും കൗമാരത്തിന്റെ ശോഭയും അസ്തമിക്കുമ്പോൾ നാം തിരിച്ചറിയുക, നാളത്തെ പ്രഭാതത്തിൽ ഒരുപക്ഷേ സൂര്യനുദിക്കാൻ മറന്നുപോയേക്കാം.... കാരണം ആർക്കുവേണ്ടി സൂര്യനുദിക്കണം? അത്ര ബലഹീനമായ കാഴ്ചകളല്ലേ നമുക്കു ചുറ്റും. മദ്യം തകർക്കുന്ന ജീവിതങ്ങളുടെ നടുവിൽ നിഴലുപോലെ നാം ഇന്ന് ജീവിക്കുന്നു. നിസഹായതയുടെ നിഴലുകൾ. നിഴലായ് ജീവിക്കാനെളുപ്പമാണ്, എന്നാൽ നിഴലുകളുടെ വേഷം അഴിച്ചുവച്ച് പുതിയ തീരുമാനങ്ങളുടെ കുപ്പായങ്ങൾ ധരിക്കുകയെന്നതാണ് നമ്മുടെ ദൗത്യം. ജീവിതമെന്ന ലഹരിയുടെ മറന്നുപോയ പാഠങ്ങൾ നമുക്കവരെ വീണ്ടും പഠിപ്പിക്കാം. ജീവന്റെ ആദ്യ തുടിപ്പ് ഹൃദയത്തിൽ ചേർത്തുവച്ച ദൈവമെന്ന ലഹരിയും സ്നേഹത്തിന്റെ തണലാവുന്ന മാതാപിതാക്കളെന്ന ലഹരിയും അളക്കാനാവാത്ത സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ആകാശഗോപുരങ്ങൾ നിനക്കായ് ഒരുക്കുന്നവരുടെ സ്നേഹത്തിന്റെ ലഹരിയും അവരുടെ ജീവന്റെ പാനപാത്രങ്ങളിൽ നമുക്ക് നിറയ്ക്കാം.



സ്വർഗ്ഗത്തോളം ഉയർത്തപ്പെട്ട പരി.അമ്മയും സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗത്തിലേക്കുയർത്തപ്പെട്ട ഭാരതാംബയും പ്രതീക്ഷയോടെ നമ്മെ ചേർത്തുവയ്ക്കുന്നു. മദ്യലഹരിയുടെ ആലസ്യത്തിൽ നിന്നും ജീവിതമെന്ന യഥാർത്ഥ ലഹരിയുടെ തണലിലേക്ക് നടക്കാം... ജീവിതം ഇനിയും തളിരണിയട്ടെ, പുതിയ പ്രഭാതം വിടരട്ടെ... യഥാർത്ഥ ലഹരിയുമായി എന്നും... എന്നും... എന്നും...

# ഐക്യദീപം
*Aikyadeepam*

2014 ഓഗസ്റ്റ് പുസ്തകം 45 ലക്കം 8



- രക്ഷാധികാരി
  മോസ്റ്റ് റവ. ഡോ. തോമസ് മാർ
  കൂറിലോസ് മെത്രാപ്പോലീത്താ
- സഹ രക്ഷാധികാരി
  മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
  മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ
- ചീഫ് എഡിറ്റർ
  ഫാദർ വർഗ്ഗീസ് ചാമക്കാലായിൽ
- പ്രസാധകൻ
  ഫാദർ തോമസ് കൊടിനാട്ടുകുന്നേൽ
- സർക്കുലേഷൻ മാനേജർ
  ബ്രദർ വർഗ്ഗീസ് കണ്ടത്തിൽ
- ഉപദേശക സമിതി
  മോൺ. ആന്റണി ചെത്തിപ്പുഴ
  റവ. ഫാ. ചെറിയാൻ താഴമൺ
  റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
  ശ്രീ. ഷാജി കാരയ്ക്കൽ
  പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
  ശ്രീ. ജോമി കലയപുരം
  ശ്രീ. ജിജി മുളമൂട്ടിൽ
  ശ്രീമതി ലീലാമ്മ കച്ചിറയ്ക്കൽ



**Printing at: Dona Offset, Kottayam**

**Annual Subscription ₹ 120.00**
**Single Copy ₹ 10.00**
**Overseas: $40.00 or ₹ 2750**

**Bank Details :**
**Chief Editor, Aikyadeepam**
**Andhra Bank, Tiruvalla 689 101**
**A/c No. 110110100023901**
**IFSC. ANDB0001101**
**SWIFT CODE: ANDBINBB**

**Designed by :**
**Prasad P. S.**
**Greeshma Designs, Kottayam**
**Ph: 9447304348**
**gdesignktm@gmail.com**



03 Editorial



ഇടയശബ്ദം 05



06



11



15



19



23





## സ്ഥിരം പംക്തികൾ

പ്രബോധനം,
കുടുംബവേദി,
ആരോഗ്യം, അമ്മ മനസ്സ്
ഉള്ളതുപറഞ്ഞാൽ,
വിശുദ്ധിയുടെ
ലില്ലിപുഷ്പങ്ങൾ,
സീൻ ബൈ സീൻ,
ഉൾക്കണ്ണ്

06 **ലഹരിയിൽ മുങ്ങുന്ന ബാല്യങ്ങൾ**
റവ: ഫാ : ബേണി വർഗീസ്സ് കപ്പൂച്ചിൻ

10 **മദ്യാസക്തിയുടെ വിനകൾ**
അദ്ധ്യ. ചാർളി പോൾ

15 **നുരഞ്ഞ് പതഞ്ഞ് മരണത്തിലേക്ക്**
പ്രൊഫ. മോഹൻദാസ്



19 **ജീവിതശൈലീരോഗങ്ങളും കുട്ടികളും**
ഡോ. എസ്. ലത

23 **അദ്ധ്യാപകൻ ആചാര്യനായി മാറണം**
ബിനു കണ്ണന്താനം

24 **ലഹരിയുടെ അമിതോപയോഗം കൗമാരക്കാരിൽ**
ഡോ.എ. ജെ ജോൺ നാക്കട



All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Metropolitan Cathedral, Tiruvalla-1. Phone: 0469-2600626 Fax: 0469-2600822. E-mail: aikyadeepamtvla@gmail.com

ഇടയശബ്ദം



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്

# ലഹരിയും നവഭാരത സ്വപ്നവും

ഐക്യദീപത്തിന്റെ ഈ ലക്കം ലഹരിയും നവഭാരതസ്വപ്നവും എന്ന ഏറെ കാലികപ്രസക്തിയുള്ള വിഷയം ചർച്ച ചെയ്യുന്നു എന്നതിൽ സന്തോഷമുണ്ട്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ സ്വപ്നവും ലഹരിവിമുക്തമായ നവഭാരതം എന്നതായിരുന്നു.

ഒരുവ്യക്തിയെ കീഴ്പ്പെടുത്തുവാൻ നേരിട്ടുള്ള ദ്വന്ദയുദ്ധം നടത്തിയിരുന്ന ഒരു കാലമുണ്ടായിരുന്നു. ദ്വന്ദയുദ്ധം നന്നല്ലെങ്കിലും അതിൽ നേരിന്റെ അംശം ഉണ്ടായിരുന്നു എന്നു സമ്മതിക്കണം. പിന്നെ ഒളിപ്പോരാളികളെ ദൗത്യം ഏല്പിക്കുന്നതായി അത് വളർന്നു. എന്നാൽ ആധുനിക ലോകത്തിന്റെ തന്ത്രം മദ്യമയക്ക് മരുന്നാദിയായ ലഹരിപദാർത്ഥങ്ങൾ എത്തിപ്പിടിക്കാവുന്ന ദൂരത്തിൽ സംലഭ്യമാക്കിയാൽ മതി എന്നായിരിക്കുന്നു. അവരുടെ മരണവാറന്റ് അവർ തന്നെ എഴുതി ഒപ്പിട്ടുകൊള്ളും എന്ന സ്ഥിതിയിലാണ് കാര്യങ്ങൾ എത്തി നിൽക്കുന്നത്. പ്രതിയെ കണ്ടെത്തേണ്ട



ബാദ്ധ്യത ആർക്കും ഇല്ലതാനും. ഇങ്ങനെയുള്ള നഷ്ടത്തിന്റെ പേരിൽ തീരാക്കണ്ണീരുമായി എത്രയോ ഭാര്യമാർ, അമ്മമാർ, അനാഥ ബാല്യങ്ങൾ നമ്മുടെ രാജ്യത്ത് വിലാപത്തോടെ കിടന്നുറങ്ങുകയും നെടുവീർപ്പോടെ ഞെട്ടി ഉണരുകയും ചെയ്യുന്നു. ഭീകരവും മാരകവും നാരകീയവുമായ ദുരവസ്ഥയാണിത്. ഇതിന്റെ ഇരകൾ നാം തന്നെയാണ്; നമ്മുടെ നവഭാരതസ്വപ്നം തന്നെയാണ്. നല്ല സ്വപ്നങ്ങൾ ഇവിടെ കൊഴിഞ്ഞു വീണു കരിയുന്നു; നമ്മുടെ ശുഭപ്രതീക്ഷകൾ അകാലചരമം പ്രാപിക്കുന്നു. ഇതിനെതിരെ സമൂഹമൊന്നാകെ ജാഗ്രത പാലിച്ചേ മതിയാകൂ.

ഞാൻ ഒരു മണിക്കൂർ നേരത്തേക്ക് ഇന്ത്യയുടെ സർവ്വാധിപതിയായാൽ ആദ്യം ചെയ്യുക, ഇന്ത്യയിലെ മദ്യഷാപ്പുകൾ മുഴുവൻ പ്രതിഫലം കൊടുക്കാതെ അടച്ചുപൂട്ടുകയായിരിക്കും. മദ്യത്തിൽ നിന്നുള്ള നികുതി പാപത്തിന്റെ കൂലിയാണ് – പറയുന്നത് നവഭാരതസ്വപ്നം സാക്ഷാത്കരിക്കുവാൻ ആയുസ്സ് നീക്കിവെച്ച മഹാത്മജി തന്നെയാണ്. വെറും മദ്യപാനത്തിൽ നിന്ന് മയക്കുമരുന്നുകളുടെ ആപത്ക്കരമായ തലങ്ങളിലേക്ക് രാജ്യം പൊയ്ക്കൊണ്ടിരിക്കുന്നു. ലഹരി ഉപയോഗം പ്രോത്സാഹിപ്പിച്ചുകൊണ്ട് നടത്തുന്ന വികസന മുന്നേറ്റ ശ്രമങ്ങൾ അല്പായുസ്സായിരിക്കും. സാംസ്കാരിക നായകന്മാർക്ക് ഇക്കാര്യത്തിൽ

*(ശേഷം പേജ് 21)*



# ലഹരിയിൽ മുങ്ങുന്ന ബാല്യങ്ങൾ

ഒരു വ്യക്തിയുടെ ജീവിതത്തിൽ അവന്റെ/ അവളുടെ ശൈശവ-ബാല്യകാലം ജീവിതത്തിന്റെ ആരംഭകാലം മാത്രമല്ല, ഏറ്റവും പ്രധാനപ്പെട്ട ജീവിതകാലം കൂടിയാണ്. "Child is the father of man" 'ശിശുവാണ് മനുഷ്യന്റെ പിതാവ്' എന്നൊരു ആപ്തവാക്യമുണ്ട്. ഇതു കേൾക്കുമ്പോൾ ഒരു വിരോധാഭാസമായി തോന്നാമെങ്കിലും മനഃശാസ്ത്രപരമായി ചിന്തിക്കുമ്പോൾ അർത്ഥപൂർണ്ണമായ ഒരു ചൊല്ലാണിത്. ഒരു മനുഷ്യന്റെ ഭാവി നിർണ്ണയിക്കുന്നതിലും, ആരോഗ്യപരമായ വ്യക്തിത്വം വളർത്തിയെടുക്കുന്നതിലും ശൈശവ-ബാല്യകാലത്തിൽ കിട്ടുന്ന പരിശീലനങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. ബാല്യകാലം അവഗണിക്കപ്പെട്ടുപോയാൽ യൗവനകാലത്തും അതിനുശേഷവും എന്തെല്ലാം നേടിയാലും എന്തെല്ലാം പഠിച്ചെടുത്താലും അതുകൊണ്ട് വലിയ പ്രയോജനം ഉണ്ടാവുമെന്ന് തോന്നുന്നില്ല.

യഥാർത്ഥത്തിൽ ഒരു കുഞ്ഞിന്റെ വിദ്യാഭ്യാസം അമ്മയുടെ ഉദരത്തിൽ വച്ചു തന്നെ അരംഭിക്കുന്നു. മാതാവിന്റെ വിചാരങ്ങളും, വികാരങ്ങളും, അനുഭവങ്ങളും, പ്രവർത്തനശൈലിയും എന്തിനേറേ അമ്മയുടെ ചിന്തകൾ പോലും ഭ്രൂണത്തിലേക്ക് സംക്രമിക്കുന്നു എന്നത് വലിയൊരു യാഥാർത്ഥ്യമാണ്. നന്മ-തിന്മകളെക്കുറിച്ച് തിരിച്ചറിവുണ്ടാകുന്ന ആറ്, ഏഴ് വയസ്സ് കഴിയുമ്പോൾ ഒരു കുട്ടി കുടുംബ



**റവ: ഫാ : ബേണി വർഗീസ്സ് കപ്പൂച്ചിൻ**
(ക്ലിനിക്കൽ
സൈക്കോളജിസ്റ്റ് + കൗൺസിലർ)

ത്തിന്റെ അകത്തളത്തിൽ നിന്നും പുറത്ത് കടന്ന് മറ്റുള്ളവരുമായി ബന്ധപ്പെടാൻ തുടങ്ങുകയും, ഈ സമയം മുതൽ ലഭിക്കുന്ന കാര്യങ്ങൾ സ്വഭാവരൂപീകരണത്തിനും അതുവഴി ജീവിതകാലം മുഴുവൻ അവരുടെ വ്യക്തിത്വത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കുകയും ചെയ്യും.

കഴിഞ്ഞ 30 വർഷത്തിനുള്ളിൽ കേരളത്തിലെ ജനങ്ങളുടെ ജീവിതശൈലിയിൽ പ്രത്യേകിച്ച് കുട്ടികളുടെ ജീവിതശൈലിയിൽ ധാരാളം അനാരോഗ്യകരമായ വ്യതിയാനങ്ങൾ സംഭവിച്ചു കഴിഞ്ഞു. ദൈവത്തിന്റെ സ്വന്തം നാടെന്ന് അഭിമാനപൂർവ്വം വിളിച്ചിരുന്ന കേരളത്തെ നോക്കി ആധുനിക മനഃശാസ്ത്രജ്ഞന്മാർ




വിളിക്കുന്നത് Pornotopia പാപം ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറി എന്നാണ്. അൽപ്പം പോലും അതിശയോക്തി ഇതിനില്ലായെന്ന് എനിക്ക് തോന്നുന്നു. കമ്പോള ഉപഭോഗ-ആർഭാട സംസ്കാരത്തിന്റെ മായയിൽ ഇന്നത്തെ കുട്ടികളും യുവതലമുറയും പരക്കം പായുകയാണ്. മാതാപിതാക്കൾ ഒഴികെ എന്തും കുടുംബത്തിൽ duplicate ലഭിക്കുന്ന നമ്മുടെ നാട്ടിൽ പുതിയ തലമുറ തിൻമയുടെ ശക്തിയാൽ പ്രത്യേകിച്ച് മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദുരുപയോഗവും അതുവഴി ഉണ്ടാകുന്ന ദുരന്തങ്ങളുടെ പ്രതിഫലനവും വഴി ഇന്ന് നെട്ടോട്ടമോടുകയാണ്.



മനുഷ്യരിൽ, പ്രത്യേകിച്ച് കുട്ടികളുടെ മനസ്സിൽ പെട്ടെന്ന് ലഹരി ഉണർത്താൻ സാധിക്കുന്ന പദാർത്ഥമാണ് മദ്യവും മയക്കുമരുന്നും. മനസ്സിനെയും ശരീരത്തെയും കാർന്ന് തിന്നുന്ന ഒരു രോഗമായി ഇന്ന് മയക്കുമരുന്ന് മാറിയിരിക്കുന്നു. ഇന്നത്തെ ലോകത്തെ വലിയൊരു തിന്മയാണ്, ദുരന്തമാണ് ലഹരിയെന്ന് ഗാന്ധിജി പറഞ്ഞത് എത്രയോ ശരിയാണ്. "മദ്യപാനവും മയക്കുമരുന്നും പിശാചിന്റെ രണ്ടു കൈകളാണ്. ഇവ കൊണ്ട് അവ തന്റെ അടിമകളെ ബുദ്ധി ശൂന്യതയിലേക്ക് അടിച്ചു വീഴ്ത്തുന്നുവെന്ന്" രാഷ്ട്രപിതാവ് നമ്മെ ഉദ്ബോധിപ്പിക്കുന്നു. ശാരീരിക- മാനസിക വ്യാപരങ്ങളിൽ വ്യതിയാനം വരുത്തുന്ന വസ്തുവാണ് മയക്കുമരുന്നെന്ന് പല കുട്ടികൾക്കും മുതിർന്നവർക്കും പോലും അറിയില്ല എന്നത് സത്യമാണ്. മദ്യത്തിന്റെ ലഹരി കഴിയുന്നതോടെ പ്രശ്നം തീരുന്നു എന്നാണ് ഒരു സാധാരണ വിചാരം. എന്നാൽ അത് രക്തത്തിൽ കലർന്ന് ഭാവിയിൽ സ്വഭാവവൈകല്യത്തിലേക്ക് ഒരാളെ കൂട്ടികൊണ്ടുപോകുമെന്ന

സത്യം അധികമാരും ധ്യാനിക്കുന്നില്ല. ഇവയുടെ ദുരുപയോഗം ആശ്രയത്തിലേക്ക് നയിക്കുകയും ഒടുവിൽ അവർ അതിന് അടിമയാവുകയും ചെയ്യുന്നു. ധാരാളം മാനസിക, വൈകാരിക, ശാരീരീക, വിദ്യാഭ്യാസ, സാമുഹിക പ്രശനങ്ങളിലേക്ക് ഇത് കുട്ടികളെ കൊണ്ടെത്തിക്കുന്നു. ഇവയുടെ അമിതമായ ഉപയോഗം ദിവസങ്ങളും, മാസങ്ങളും നീണ്ടു നിൽക്കുന്ന ഉപയോഗത്തിന്റെ ദൈർഘ്യം എന്നിവ ഇവരെ അപകടത്തിലേക്കും, നിത്യരോഗത്തിലേക്കും നയിക്കും. വ്യക്തിപരമായ ചെറിയ അസ്വസ്ഥകളാൽ ഇവ ആരംഭിക്കുമെങ്കിലും വലിയ സാമൂഹിക ആരോഗ്യ പ്രശ്നങ്ങളിലേക്കാണ് ഇത് കൊണ്ടെത്തിക്കുന്നത്.

യൗവനം കൂടുതൽ പുതിയ അനുഭവത്തിലേക്കും അനുഭൂതിയിലേക്കും നയിക്കുന്ന സമയമാണ്. ജിജ്ഞാസകളും അതനുസരിച്ചുള്ള പുതിയ രീതികളും പരീക്ഷണമാക്കാനുള്ള വെമ്പലും ഈ പ്രായത്തിൽ കൂടുതലാണ്. വ്യക്തിത്വത്തിന്റെ അനന്യതയെ തിരിച്ചറിയുന്ന ഈ അവസരത്തിൽ കൂടുതൽ സൗഹൃദങ്ങൾക്കു വേണ്ടിയുള്ള അഭിവാഞ്ഛ അവരിൽ ഉളവാകുന്നു. ഈ കാലഘട്ടത്തിൽ മാദ്ധ്യമങ്ങളിലൂടെയും ഇന്റർനെറ്റിലൂടെയും കിട്ടുന്ന കാര്യങ്ങൾ അനുകരിക്കാൻ പരിശ്രമിക്കുമ്പോൾ മറ്റുള്ള പ്രായത്തേക്കാൾ കൂടുതൽ യൗവനത്തിലേക്ക് പ്രവേശിക്കുന്ന കുട്ടികൾക്ക് ധാരാളം അപകടമായ പ്രതിസന്ധികളിലൂടെ കടന്നുപോകുന്നു. അതിനാൽ വളരെ പ്രധാനപ്പെട്ടതാണ് മദ്യപാനം, ആക്രമണം, മയക്കുമരുന്ന് തുടങ്ങങ്ങയവ. ഈ risk കൾക്ക് മറുപടി നൽകുകയും അതൊരു പ്രശ്നമാക്കുന്നതിന് മുമ്പ് തുടക്കത്തിൽ തന്നെ അതിന്റെ കാരണങ്ങൾ കണ്ടെത്തുകയും മയക്കുമരുന്നുകളുടെ ദുരുപയോഗം തടയുന്നതിനുള്ള മാർഗ്ഗം കണ്ടെത്തുകയും ചെയ്യേണ്ടത് ഈ നൂറ്റാണ്ടിന്റെ വലിയൊരു ആവശ്യമാണ്. നമ്മുടെ നാട്ടിൽ ഏതൊക്കെ തരം മയക്കുമരുന്നുകളാണ് കുട്ടികൾ ഉപയോഗിക്കുന്നത്, അതിന്റെ ലഭ്യത, അളവ്, ഉറവിടം ഇവയൊക്കെ കണ്ടെത്തുവാൻ സർക്കാരിനോടൊപ്പം ഓരോ പൗരനും പ്രതിജ്ഞാബദ്ധരാണ്. അപ്പോൾ അതിന്റെ ഉപയോഗത്തെ തടയുവാനും risk factors മനസ്സിലാക്കി കൂടുതൽ ശക്തമായി പ്രതിരോധിക്കുവാനും കഴിയും. ഭാരതത്തിൽ ചികിത്സ തേടി ആശുപത്രിയിൽ വരുന്നവരിൽ 13% രോഗികൾ പറഞ്ഞത് അവർ പതിനഞ്ച് വയസ്സിനു മുമ്പ് തന്നെ മദ്യം, മയക്കുമരുന്ന് ഉപയോഗിച്ചു തുടങ്ങിയെന്നതാണ്.

**നമ്മുടെ നാട്ടിൽ ഏതൊക്കെ തരം മയക്കുമരുന്നുകളാണ് കുട്ടികൾ ഉപയോഗിക്കുന്നത്, അതിന്റെ ലഭ്യത, അളവ്, ഉറവിടം ഇവയൊക്കെ കണ്ടെത്തുവാൻ സർക്കാരിനോടൊപ്പം ഓരോ പൗരനും പ്രതിജ്ഞാബദ്ധരാണ്. അപ്പോൾ അതിന്റെ ഉപയോഗത്തെ തടയുവാനും risk factors മനസ്സിലാക്കി കൂടുതൽ ശക്തമായി പ്രതിരോധിക്കുവാനും കഴിയും.**

മയക്കുമരുന്നുകളുടെ ദുരുപയോഗത്തിലേക്ക് കടന്നവരിൽ തന്നെ രണ്ടു തരം ആൾക്കാർ ഉണ്ട് : അപകടാവസ്ഥയിൽ എത്തിയവരും(risk group)തുടക്കകാരും (on- set group)തുടക്കത്തിൽ തന്നെ കുട്ടികളിൽ കാണുന്ന സ്വഭാവ വൈകല്യങ്ങൾ നിയന്ത്രിച്ചില്ലെങ്കിൽ അവർ വളരുമ്പോൾ കൂടുതൽ അപകടാവസ്ഥയിലേക്ക് പോകുവാൻ സാധ്യതയുണ്ട്. സ്കൂളിലും, വീട്ടിലുമുള്ള പൊട്ടിതെറിക്കുന്ന സ്വഭാവം, വീട് വിട്ട് പോകാനുള്ള പ്രവണത, എന്തിനെയും ചോദ്യം ചെയ്യാനുള്ള പ്രവണത, നിയമം മനഃപൂർവ്വം ലംഘിക്കുന്നത്, ചെയ്ത തെറ്റിനെക്കുറിച്ച് അൽപ്പം പോലും കുറ്റബോധമില്ലായ്മ എന്നി ലക്ഷണങ്ങൾ പ്രകടമാക്കുന്ന കുട്ടികളെ ശ്രദ്ധിക്കേണ്ടതാണ്. ഇവരൊക്കെ പെട്ടെന്ന് അപകടത്തിൽ എത്താവുന്ന ഗ്രൂപ്പുകാരാണ്. ചില കുട്ടികൾ പന്ത്രണ്ട് പതിമൂന്ന് വയസ്സാകുമ്പോൾ തന്നെ മദ്യത്തിനും മയക്കുമരുന്നിനും ഉള്ള ചായ്വ് കാണിച്ചു തുടങ്ങുന്നു. മാതാപിതാക്കളുടെ അനാരോഗ്യകരമായ ജീവിതസാഹചര്യം, മാതാപിതാക്കളുടെയും, മുതിർന്ന കുടുംബാഗങ്ങളുടെയും മദ്യ മയക്കുമരുന്ന് ഉപയോഗം, സുഹൃത്തുക്കളുടെ സമ്മർദം, വീട്ടിൽ നിന്നും, സ്കൂളിൽ നിന്നും കിട്ടുന്ന അവഗണന, മദ്യ- മയക്കുമരുന്നിന്റെ ലഭ്യത, അപകർഷതാബോധം, സമൂഹത്തിലുണ്ടാകുന്ന മാനസിക- വൈകാരിക പ്രശ്നങ്ങൾ, തകർന്ന കുടുംബം ഇവയൊക്കെയാണ് ഇതിന്റെ മൂലകാരണങ്ങളായി കാണപ്പെടുന്നത്.

ചില സർവ്വേകൾ പ്രകാരം ഇരുപത് ലക്ഷത്തിലധികം കുട്ടികൾ ഓരോ വർഷവും മയക്കുമരുന്ന് ദുരുപയോഗത്തിന് അടിമപ്പെടുന്നു. മാനസിക അസ്വസ്ഥതകളുമായി മനഃശാസ്ത്രജ്ഞരെ സമീപിക്കുന്ന ഭൂരിപക്ഷം കുട്ടികളും മയക്കുമരുന്ന് ദുരുപയോഗത്തിന് അടിമകളാണെന്നതും 74 % ത്തോളം കുട്ടികൾ കേരളത്തിൽ പുകയില ഉൽപന്നങ്ങൾ ഉപയോഗിക്കുന്നു എന്നതും ഞെട്ടിക്കുന്ന ഒരു സത്യമാണ്. മദ്യം, പുകയില തുടങ്ങി ഉള്ളിലേക്ക് വലിച്ചെടുക്കുന്ന മയക്കുമരുന്നുകൾ എന്നിവയെയാണ് മയക്കുമരുന്നുകളുടെ പ്രവേശന കവാടം എന്ന് വിളിക്കുന്നത്. ഇവയ്ക്ക് എതിരെ ശക്തമായൊരു നിയമസംഘിതയോ പ്രായോഗികമായ നിരോധിത മാർഗ്ഗങ്ങളോ ഇതുവരെ ഉണ്ടായിട്ടില്ല എന്നതാണ് ദുഃഖിപ്പിക്കുന്ന സത്യം. പ്രായപൂർത്തിയാകുന്നതിന് മുമ്പുള്ള മദ്യപാനം, പുകയില വസ്തുകളുടെ ലഭ്യത, whitner പോലെയുള്ള സാധനങ്ങൾ ശ്വസിക്കുന്നത്, കോളാ പോലെയുള്ള കുടിക്കുന്ന സാധനങ്ങൾ


തുടങ്ങിയവ ഇന്ന് നമ്മുടെ ഏതൊരു കലാലയത്തിനും സമീപത്തും ഉണ്ട് എന്ന യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ജാഗ്രതയോടുകൂടി വേണം മുൻപോട്ട് പോകാൻ. കുട്ടികൾക്ക് ATM card നൽകികൊണ്ടും, വിലയേറിയ Mobile phone വാങ്ങി കൊടുത്തും, നല്ല സ്കൂളിലും, ട്യൂഷൻ സെന്ററിലും അയച്ചും ഉത്തരവാദിത്വം തീർന്നുയെന്ന് വിചാരിക്കുന്ന മാതാപിതാക്കൾ വിഡ്ഢികളുടെ സ്വർഗത്തിലാണെന്ന് അറിയുക.

മയക്കുമരുന്നുകളുടെ ദുരുപയോഗം ഗുരുതരമായ പ്രത്യാഘാതങ്ങളാണ് കുട്ടികൾ പ്രകടമാക്കുക. പ്രത്യേകിച്ച് അനാരോഗ്യപരമായ ശാരീരിക - മാനസിക ആശ്രിതത്വം, വ്യക്തിത്വ തകർച്ച, ബുദ്ധി മാന്ദ്യം, പഠന താൽപര്യക്കുറവ്, വാഹനാപകടം, ലൈംഗീക അരാജകത്വം, മോഷണം, കുറ്റ കൃത്യം, മയക്കുമരുന്ന് കുത്തി വയ്പ്പിലൂടെ പകരുന്ന ഏയ്ഡ്സ്, കുടുംബപ്രശ്നങ്ങൾ, ധാർമ്മീക അധഃപതനം, ആത്മഹത്യ, ലൈംഗീക പരാജയങ്ങൾ തുടങ്ങിയവ ഇവരിൽ കണ്ടുവരുന്ന മയക്കുമരുന്നു ദുരുപയോഗത്തിന്റെ പ്രത്യാഘാതങ്ങളാണ്. മയക്കുമരുന്നിന്റെ ദുരുപയോഗം തുടങ്ങിയവരെ തിരിച്ചറിയാൻ മാതാപിതാക്കൾക്കും, അധ്യാപകർക്കും, സാമൂഹീക സേവകർക്കും സാധിക്കും. ഇവരുടെ പെരുമാറ്റം, പ്രവർത്തനം, സമയത്ത് വീട്ടിൽ വരാതിരിക്കുക, ജോലി, പഠനം എന്നിവയിൽ താൽപര്യമില്ലായ്മ, വസ്ത്രം, ശരീരം എന്നിവയെക്കുറിച്ചുള്ള അശ്രദ്ധ, അടുക്കും ചിട്ടയുമില്ലാത്ത ജീവിതം ഇവയൊക്കെ ഇവരുടെ ചില പ്രത്യേകതകളാണ്. കൂടാതെ ഉറക്കമില്ലായ്മ, വിശപ്പില്ലായ്മ, തൂക്കം കുറയൽ, കുളിമുറി, ടോയ്‌ലറ്റ് തുടങ്ങിയവയിൽ കൂടുതൽ സമയം ചിലവിടൽ, മുറിയിൽ നിന്ന് തിരി, തീപ്പെട്ടി, സിഗരറ്റ് കുറ്റി, സിഗരറ്റ് പായ്ക്കറ്റിലെ അലുമിനിയം പേപ്പർ, സൂചി, സിറഞ്ച്, ഉറക്കഗുളിക, ക്ലാവ് പിടിച്ച കറുത്ത നാണയങ്ങൾ തുടങ്ങിയവയും ഇവരുടെ അനുദിനജീവിതത്തിന്റെ ഭാഗമായി മാറാൻ സാധ്യതയുണ്ട്. മയക്കുമരുന്നിന് അടിമകളായവരിൽ കണ്ടുവരുന്ന മറ്റു പ്രത്യേകതകളാണ് വില കൂടിയ സാധനങ്ങൾ വിൽക്കുക, മോഷ്ടിക്കുക, ധാരാളം പണം ആവശ്യപ്പെടുക, ശരീരത്തിൽ കുത്തിവച്ച പാട്, രക്ത കറ, ഇടയ്ക്കിടെ വയറിളക്കം, ചുമ, ഛർദി, കണ്ണ്, മൂക്ക് നീരൊലിപ്പ്, ശരീരം മെലിയുക, ഒറ്റയ്ക്കിരിക്കുക, ഒറ്റയ്ക്ക് സംസാരിക്കുക എന്നിവ.


മയക്കുമരുന്നിന് അടിമകളായവരേയും തുടക്കക്കാരേയും മോചിപ്പിക്കാൻ ആരോഗ്യപരമായ സമീപന രിതിയാണ് ഏറ്റം അഭികാമ്യം. ഇവരിലുള്ള ആശങ്ക, അപകർഷത, നിരാശ, എന്നിവയെ മാറ്റുന്നതിനോടൊപ്പം ഇതിന്റെ ലഭ്യത കുറയ്ക്കുവാനുള്ള പഴുതുകൾ അടക്കുകയും വേണം. അതിനോടൊപ്പം തുടങ്ങുന്നതിനുമുമ്പ് തടയാൻ ശ്രമിക്കുകയും, ശാരീരിക- മാനസ്സിക ആരോഗ്യത്തെക്കുറിച്ച് ബോധവത്കരണവും സ്കൂളുകളിലും മറ്റും കൗൺസിലിങ്ങും നിർബന്ധമാക്കുകയും ചെയ്യണം. ജീവിതത്തിനാവശ്യമായ coping skills പഠിപ്പിക്കുകയും അടിമകളായവരെ പുനഃരധിവസിപ്പിക്കുന്നതിനാവശ്യമായതും ചെയ്യുവാൻ പരിശ്രമിക്കണം.



സഭയ്ക്കും, മാതാപിതാക്കൾക്കും, സ്കൂൾ ജീവനക്കാർക്കും സമൂഹത്തിനും, ഗവൺമെന്റിനും ഒരുമിച്ച് പ്രവർത്തിക്കാമെങ്കിൽ മയക്കുമരുന്നിന്റെ നീരാളി ഹസ്തത്തിൽ നിന്നും നമ്മുടെ വരും തലമുറയെ രക്ഷപ്പെടുത്താൻ സാധിക്കും. കുടുംബത്തിലും കലാലയത്തിലും സമൂഹത്തിന്റെ വിവിധ തുറകളിലും അതിനുള്ള സാഹചര്യം ഒരുക്കണം. കുഞ്ഞുനാളുമുതൽ കാണിക്കുന്ന സ്വഭാവ വൈകൃതങ്ങളും, വഴിപിഴച്ചുപ്പോയ കൂട്ടുകെട്ടുകളും, മനോഭാവങ്ങളും മയക്കുമരുന്നിന്റെ ലഭ്യതയും നമ്മുടെ നാട്ടിൽ നിന്നും മാറ്റുവാൻ ഓരോ പൗരനും കടമയുണ്ടെന്നും അത് ഒരു ധാർമ്മിക ഉത്തരവാദിത്വമാണെന്നും മനസ്സിലാക്കണം. കുട്ടികൾക്ക് സ്വയം നിയന്ത്രണവും, നന്മ - തിന്മകളേക്കുറിച്ചുള്ള അറിവും ഇളം പ്രായം മുതൽ നൽകുവാൻ മാതാപിതാക്കളും മുതിർന്ന തലമുറയും ശ്രമിക്കണം. വളർച്ചയുടെ കാലഘട്ടത്തിൽ മാതാപിതാക്കൾ നിർബന്ധമായും അവരെ അറിയുകയും അവരുടെ സുഹൃത്തുക്കൾ ആരെല്ലാമാണ്, അവരുടെ വിശ്രമവേളകൾ എന്തിനായി, എവിടെ ഉപയോഗിക്കുന്നു എന്നൊക്കെ കണ്ടെത്തിയിരിക്കണം. വർഷങ്ങളായി മകനോടു സംസാരിക്കാത്ത പിതാവ് നമ്മുടെ നാട്ടിൽ ഉള്ളപ്പോൾ ഈ പ്രവർത്തനങ്ങൾ വളരുകയല്ല, തളരുകയാണ് ചെയ്യുക. മാതാപിതാക്കളും മക്കളും തമ്മിൽ തീവ്രവും, സ്വതന്ത്രവും, ആഴമുള്ളതുമായ ഒരു ബന്ധമാണ് ആദ്യത്തെ പ്രതിവിധി.



നിർബന്ധമായും സ്കൂളിൽ നിന്നും കുട്ടിയുടെ വിദ്യാഭ്യാസ വളർച്ചയെക്കുറിച്ചും, സ്വാഭാവത്തെക്കുറിച്ചും മാതാപിതാക്കൾ റിപ്പോർട്ട് വാങ്ങുകയും, സുഹൃത്തുകളുടെ സ്വാധീനം, വീട്ടിലെ സംസാരം, പെരുമാറ്റം, ആഹാരരീതി, ഉറക്കം തുടങ്ങിയവ നിരന്തരമായി ശ്രദ്ധിക്കുകയും ചെയ്താൽ ഒരു പരിധി വരെ നമ്മുക്ക് മയക്കുമരുന്നിന്റെ സ്വാധീനം മക്കളിൽ ഉണ്ടോയെന്ന് തിരിച്ചറിയാൻ കഴിയും. എന്തു പറയണമെന്നതിനേക്കാൾ എങ്ങനെ പറയുന്നു എന്നതാണ് പ്രധാനം. മാതാപിതാക്കൾ കുറ്റപ്പെടുത്തി സംസാരിച്ചാൽ ഏതു രീതിയിൽ മക്കൾ ഉൾക്കൊള്ളുമെന്ന് ഇന്നത്തെ കാലഘട്ടത്തിൽ തിരിച്ചറിയാൻ പ്രയാസമാണ്. ആയതിനാൽ എങ്ങനെ അവതരിപ്പിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും മക്കൾ നിങ്ങളുടെ വാക്കുകൾ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നത്. കുട്ടികളുടെ വ്യക്തിത്വവികസനത്തിൽ അവരുടെ ആത്മാഭിമാനം വളർത്തിയെടുക്കാൻ മാതാപിതാക്കളുടെ വാക്കുകൾക്കും പ്രവൃത്തികൾക്കും സാധിക്കണം. മയക്കുമരുന്നിന് അടിമകളായ മക്കൾക്ക് ആത്മാഭിമാനം നഷ്ടപ്പെട്ടിരിക്കും എന്നത് വലിയൊരു സത്യമാണ്. കുട്ടികൾക്ക് അവരെ തന്നെ അംഗികരിക്കുവാനോ കൂടുതൽ ഭാസുരമായ ഭാവിയെക്കുറിച്ച് പ്രതീക്ഷിക്കാനോ സാധിക്കാതെ നിരാശയിലും, അപകർഷതാബോധത്തിലും ജീവിക്കുകയാണ് മിക്ക കുട്ടികളും ഇന്ന്. ശക്തമായ നിയമങ്ങൾ, കുടുംബത്തിന് ടൈംടേബിൾ തുടങ്ങിയവ വഴി മാതാപിതാക്കൾ ഈ തിന്മയിലേക്കുള്ള വഴി തടയണം.



തിരിച്ചറിവിന്റെ പ്രായമായ കാലം മുതൽ സ്കൂൾ അധികാരികളും, സമൂഹവും മദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും ദൂഷ്യവശങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കാൻ വൈമനസ്യം കാട്ടരുത്.മാത്രമല്ല പഠനപ്രശ്നങ്ങൾ, സ്വഭാവവൈകല്യങ്ങൾ, സാമൂഹീക-വൈകാരിക പ്രതിസന്ധികൾ, പഠനം ഉപേക്ഷിക്കൽ, സ്വയം നിയന്ത്രണ സംസാരരീതി, പ്രശ്നപരിഹാര മാർഗ്ഗങ്ങൾ തുടങ്ങിയവയെക്കുറിച്ച് സ്കൂളിൽ നിന്നും കൗൺസിലിങ്ങിലൂടെയും മറ്റും അറിവുനൽകുകയും, സങ്കീർണ്ണപ്രശ്നങ്ങളെ അതീജീവിക്കാൻ സഹായിക്കുകയും ചെയ്താൽ ഒരു പരിധിവരെ അധികാരികൾക്ക് കുട്ടികളെ ഈ തിൻമയിൽ നിന്നും മോചിപ്പിക്കുവാൻ കഴിയും.

ഇവയെ കൂടാതെ ഇടവക തലത്തിലും, പഞ്ചായത്തുതലത്തിലും, മറ്റ് സർക്കാർ മാദ്ധ്യമങ്ങളിലും ബോധവൽക്കരണ ക്ലാസ്സുകളും, മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള മാർഗങ്ങളും, ആ മാർഗങ്ങൾ നടപ്പിലാക്കുന്നതിനുള്ള വേദിയും സജ്ജമാക്കാൻ ശ്രമിക്കണം. പലപ്പോഴും സംഭവിക്കുന്നത് ലഹരി വിരുദ്ധ ദിനത്തിൽ സെമിനാറും, ക്ലാസ്സും, സിംബോസ്സിയവും, പ്രതിജ്ഞയും വച്ച് വർഷത്തിലൊരു പരിപാടിയായി ഈ ബോധവത്കരണം തീർക്കുകയാണ് പതിവ്. എന്നാൽ ഇത് നിരന്തരമായ follow up ലൂടെ സാധിക്കേണ്ട ഒരു യാഥാർത്ഥ്യമാണെന്ന് ബോധ്യപ്പെടുത്തേണ്ടത് അറിവുള്ള ഓരോ പൗരന്റെയും കടമയാണ്. കേരള ഗവൺമെന്റ് അടുത്തയിടെ ആരംഭിച്ച ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി മദ്യം, മയക്കുമരുന്ന് എന്നിവയുടെ ശക്തിയിൽ നിന്നും നമ്മുടെ കുട്ടികളെയും, സ്കൂളിനെയും അതുവഴി സമൂഹത്തെയും രക്ഷപ്പെടുത്താനുള്ള ഒരു മാർക്ഷമാണ്. നല്ലൊരു തുടക്കമായി ഇതിനെ നമ്മുക്ക് കാണാം.

അവസാനമായി മലയാളികൾ അറിഞ്ഞിരിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം മാനസിക പ്രശ്നങ്ങളെ വേണ്ട രീതിയിൽ കൈകാര്യം ചെയ്യുന്നതിന് ഒരു മനോരോഗ വിദഗ്ദ്ധനെയോ, മനഃശാസ്ത്രജ്ഞനെയോ, കൗൺസിലറെയോ കാണുന്നതിൽ വിമുഖത കാണിക്കരുത് എന്നതാണ്. ഒരു ചെറിയ ജലദോഷത്തിനു പോലും ആശുപത്രികളിൽ അഡ്മിറ്റായി കിടക്കുന്ന നമ്മളിൽ പലരും ഗൗരവമായ മാനസിക രോഗങ്ങൾ മറച്ചുപിടിക്കുകയാണ്. ഇങ്ങനെ മൂടി വച്ച് മനോരോഗ വിദഗ്ദ്ധന്റെ ചികിത്സ തേടാതെ മാനസിക പനി ചൂടുകളെ കാൻസർ പോലെ ഗുരുതരമാക്കി മാറ്റുകയാണ് പലരും.

"Awareness heals you" അവബോധം നിങ്ങളെ സുഖപ്പെടുത്തുന്നു എന്നൊരു ചൊല്ലുണ്ട്. അതിനാൽ മയക്കുമരുന്നു മൂലവും അല്ലാതെയും ഉണ്ടാകുന്ന മാനസിക വൈകല്യങ്ങളെക്കുറിച്ച് നാം സ്വയം അവബോധമുള്ളവരാകുകയും, മറ്റുള്ളവരെ പ്രത്യേകിച്ച് കുട്ടികളെ ബോധവത്കരിക്കുകയും ചെയ്യുകയെന്നതാണ് പരമപ്രധാനം. മയക്കുമരുന്നിന് അടിമപ്പെട്ട് വീഴുന്ന ഓരോ മനുഷ്യനും നമ്മുടെ തന്നെ സഹോദങ്ങളാണെന്ന അവബോധത്തിൽ പ്രവർത്തനമാരംഭിക്കാൻ നമ്മുക്ക് പ്രതിജ്ഞബദ്ധരാകാം.



# മദ്യാസക്തിയുടെ വിനകൾ

ദൈവത്തിന്റെ സ്വന്തം നാട് ഇന്ന് മദ്യത്തിന്റെ ഉന്മാദലഹരിയിലാണ്. സാക്ഷരകേരളം രാക്ഷസകേരളമായി മാറുകയാണ്. കുരുന്നുകളും മുതിർന്നവരും അതിവേഗം മദ്യത്തിനും മറ്റു ലഹരിവസ്തുക്കൾക്കും അടിമകളാകുന്നു. കുടുംബങ്ങൾ തകരുകയാണ്. ഭാവിതലമുറ ഭ്രാന്ത് കണക്കെ പാഴ്ജന്മങ്ങളായി മാറുന്നു. കേരളം മദ്യലഹരിയിലാണെന്ന് കേരളസന്ദർശനവേളയിൽ മുൻ രാഷ്ട്രപതി പ്രതിഭാപട്ടേലും ഇതു "മദ്യപ സർക്കാരാ"ണെന്ന് ജസ്റ്റിസ് വി.ആർകൃഷ്ണയ്യരും അഭിപ്രായപ്പെട്ടു. കേരളം കുടിച്ചു മുടിയുകയാണ്.

2013 ജൂലൈ 22 തിങ്കളാഴ്ചയിലെ മനോരമ പത്രത്തിൽ "നല്ല പാഠം" ഫോൺ കൗൺസലിംഗ് പരിപാടിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ കുട്ടികൾ ഭയക്കുന്ന 10 കാര്യങ്ങളിൽ ഒന്നാമത്തേത് അച്ഛന്റെ മദ്യപാനമാണ്. രണ്ട്, അച്ഛനും അമ്മയും തമ്മിലുള്ള വഴക്കാണ്. കുടുംബഭദ്രത തകരുമ്പോൾ മക്കളുടെ ഭാവിയും ഇരുളടഞ്ഞതാകും. അത്തരം ഒരു തകർച്ചയുടെ വക്കിലാണ് കേരളം. ആത്മീയതയുടെയും ധാർമ്മികതയുടെയും സനാതനമൂല്യങ്ങളുടെയും പാവനമായ ബന്ധങ്ങളുടെയും വിളനിലങ്ങളിൽ വരൾച്ച ബാധിച്ചു കഴിഞ്ഞു. കുടിക്കുന്നവരും കുടിക്കാത്തവരും സ്വയം ചോദിക്കുക. ഈ ദുരന്തത്തിൽ നിന്ന് കരകയറാൻ എന്താണ് വഴി? ഓരോ പിതാവും സഹോദരനും സ്വയം ചോദിക്കുക, എന്റെ മദ്യാപനം കുടുംബ-സാമൂഹ്യബന്ധങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ലേ? സ്വയം തിരുത്താനും മറ്റുള്ളവരെ തിരുത്തി, ചികിത്സിച്ച് നന്മയിലേക്ക് കൊണ്ടുപോകാനും ഇന്നുതന്നെ തീരുമാനമെടുക്കുക.

ദൈവത്തിന്റെ സ്വന്തം നാട്, മാനവവിഭവശേഷിയുടെ നാട് മദ്യത്തിന്റെ പിടിയിലമർന്ന വാർത്തയാണ് 2013 ജൂൺ 10 തിങ്കളാഴ്ച ബഹു. എക്സൈസ് മന്ത്രി കേരള നിയമസഭയിൽ അവതരിപ്പിച്ചത്. സ്ഥിതിവിവരക്കണക്കുകൾ ഇതാണ്:-ഇന്ത്യയിൽ ഏറ്റവുമധികം മദ്യം ഉപയോഗിക്കുന്നവർ കേരളീയരാണ്. രാജ്യത്തെ ജനസംഖ്യയുടെ നാല് ശതമാനത്തിൽ താഴെ മാത്രമേ കേരളത്തിലുള്ളൂവെങ്കിലും മദ്യവിൽപനയുടെ 16 ശതമാനവും ഇവിടെയാണ്. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് മലയാളികൾ ഉപയോഗിക്കുന്നത്. ആളോഹരി മദ്യപാനത്തിൽ ഒന്നാംസ്ഥാനത്തുണ്ടായിരുന്ന പഞ്ചാബിനെ പിന്തള്ളി 8.3 ലിറ്ററുമായി കേരളം ഇപ്പോൾ ഒന്നാം സ്ഥാനത്താണ്. മുൻപ് 300 പേരിൽ ഒരാൾ മദ്യ



**അഡ്വ. ചാർളിപോൾ**
M.A., LLB, DSS
(സംസ്ഥാന സെക്രട്ടറി,
കെ.സി.ബി.സി.മദ്യവിരുദ്ധ
സമിതി)

പിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 20 പേരിൽ ഒരാൾ മദ്യപിക്കുന്നു. ജനസംഖ്യയിൽ അഞ്ചു ശതമാനം പൂർണമായും മദ്യത്തിന് അടിമകളായി മാറി. 1980 ൽ മദ്യ ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായം 18 വയസ്സായിരുന്നു. ഇപ്പോഴത് 12–13 വയസ്സിലെത്തിനിൽക്കുന്നു.

കേരള സ്റ്റേറ്റ് ബീവറേജ് കോർപ്പറേഷന്റെ വിറ്റുവരവ് 11 വർഷത്തിനുള്ളിൽ 420 ശതമാനം വർദ്ധിച്ചു. 2001–02ൽ 1694 കോടിരൂപയുടെ മദ്യം വിറ്റ സ്ഥാനത്ത് 2012–13ൽ ഇത് 8,818.18 കോടി രൂപയായി. 1984–ൽ സംസ്ഥാനത്ത് ബീവറേജ് രൂപംകൊണ്ട വർഷം 55.5 കോടി പ്രതിവർഷ വരുമാനത്തിൽ തുടങ്ങിയ മദ്യവിൽപ്പനയാണ് ഇന്ന് 8,818.18 കോടിയായി മാറിയിട്ടുള്ളത്. കേരളത്തിൽ ഏറ്റവും ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനം ബീവറേജ് കോർപ്പറേഷനാണ്.

സംസ്ഥാനത്ത് 1981ൽ 144 ബാർ ഉണ്ടായിരുന്ന സ്ഥാനത്ത് 10 വർഷം കഴിഞ്ഞപ്പോൾ 742 എണ്ണമായി. കഴിഞ്ഞ 25 വർഷത്തിനുള്ളിൽ കേരളത്തിലെ മദ്യവിൽപ്പന ഭീതിജനകമായ രീതിയിൽ വർദ്ധിക്കുന്നു. ഇക്കാലയളവിൽ ഇന്ത്യൻ നിർമിത വിദേശമദ്യത്തിന്റെ വിൽപ്പനയിൽ സംസ്ഥാനത്ത് 2.32 കോടി കെയ്സിന്റെ വർദ്ധനവുണ്ടായി. 1988–ൽ 5.16 ലക്ഷം കെയ്സ് വിദേശമദ്യം വിറ്റിരുന്ന സ്ഥാനത്ത് 2012 ആയപ്പോൾ 1.02 കോടി കെയ്സ് (21,69,87,637.18 ലിറ്റർ) ആയി കുതിച്ചുയർന്നു. ബിയർ വിൽപ്പന 2012–ൽ 7,63,20,385.17 ലിറ്ററാണ്.

ഖജനാവ് തടിച്ചുകൊഴുക്കുമ്പോൾ, മദ്യത്തിന്റെ കുലംകുത്തിയുള്ള ഒഴുക്കിൽ തകർന്നടിയുന്നത് കേരളത്തിന്റെ ധാർമ്മിക- സാംസ്ക്കാരിക- സനാതന- കുടുംബ മൂല്യങ്ങളാണ്. നാടുമുടിഞ്ഞാലും സമൂഹം നശിച്ചാലും ആത്മഹത്യകൾ പെരുകിയാലും പണം മാത്രം മതി എന്ന നിലപാട് ഒരു ജനാധിപത്യസർക്കാരിന് ഭൂഷണമല്ല. മദ്യത്തിൽ നിന്നുള്ള വരുമാനത്തേക്കാളേറെ തുക അതുവഴിയുണ്ടാകുന്ന കെടുതികളെ നേരിടാൻ സർക്കാരിന് ചിലവ് വരുന്നുണ്ട്. 2004 ലെ ഔദ്യോഗിക കണക്ക് പ്രകാരം ഇന്ത്യയിലെ സംസ്ഥാന സർക്കാരുകളുടെ മദ്യവരുമാനം 21,600 കോടിയാണ്. ചെലവ് 24,400 കോടി. മദ്യം നിരോധിച്ചാൽ ലാഭം 2800 കോടിയാണ്. മദ്യം നിരോധിക്കു; രാജ്യത്തെ രക്ഷിക്കു.

2010 മാർച്ച് 12 വെള്ളിയാഴ്ച 5.30നുള്ള ബി.ബി.സി. ന്യൂസ് “കേരളാസ് ലൗ അഫെയർ വിത്ത് ആൽക്കഹോൾ” എന്ന തലക്കെട്ടിൽ പുറത്തുവിട്ട വാർത്തയിലൂടെ മലയാളിയുടെ മദ്യപാനാസക്തി കുതിച്ചുയരുന്ന കണക്കുകളാണ് ലോകം ദർശിച്ചത്. കേരളത്തിലെ ബീവറേജ് ഷോപ്പുകളിൽ ദിവസവും 9.5 ലക്ഷം പേർ അച്ചടക്കത്തോടെ മദ്യം വാങ്ങാൻ ക്യൂ നിൽക്കുന്നു. ബീവറേജിന്റെ 338 ഷോപ്പുകളിലൂടെ പ്രതിമാസം 500 കോടിയിലേറെ രൂപയുടെ മദ്യം വിറ്റുപോകുന്നു. ബീവറേജിന്റെ ഷോപ്പുകൾ കൂടാതെ 742 ബാറുകളും 383 ഔട്ട്ലറ്റുകളും 5029 കള്ളുഷാപ്പുകളും കേരളത്തിലുണ്ട്. ഇവ കൂടാതെ ആർമി ക്വാട്ടാ, വിദേശത്തുനിന്നും കൊണ്ടുവരുന്നത്, വ്യാജവാറ്റ്, വ്യാജസ്പിരിറ്റ് തുടങ്ങിയവ കൂടി ചേർത്താൽ ഏകദേശം 20,000 കോടി രൂപയുടെ മദ്യം ഒരു വർഷം കേരളത്തിൽ വിറ്റഴിക്കുന്നതായിട്ടാണ് അനൗദ്യോഗിക കണക്ക്.



കേരളത്തിലെ ജനസംഖ്യയിൽ 17.20% പേർ മദ്യപരാണ്. 47 ലക്ഷം പേർ മദ്യപിക്കുന്നു. 17 ലക്ഷം പേർ ദിവസവും മദ്യപിക്കുന്നു. യുവജനങ്ങളുടെ ഇടയിൽ 60% പേർ ഏതെങ്കിലും ലഹരിപദാർത്ഥം ഉപയോഗിച്ചിട്ടുള്ളവരാണ്. കേരളത്തിലെ മദ്യപരിൽ ഏറ്റവും കൂടുതൽ 21നും 40നും മധ്യേപ്രായമുള്ളവരാണ്. ഇവരാണ് ഏറ്റവും കൂടുതൽ ആത്മഹത്യചെയ്യുന്നവർ. കേരളത്തിലെ സ്ത്രീകളിൽ 3–5% ലഹരി ശീലക്കാരാണ്. മദ്യപിക്കുന്ന സ്ത്രീകളുടെ എണ്ണത്തിൽ 10 വർഷത്തിനിടയിൽ നാലിരട്ടി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മദ്യപാനംമൂലം കേരളത്തിൽ എട്ടു ലക്ഷം പേർ കരൾ രോഗികളായി മാറി. 2015 ആകുമ്പോഴേക്കും ഹൃദ്രോഗികളുടെ എണ്ണം 50 ശതമാനം വർദ്ധിക്കും. വാഹനാപകടങ്ങളിൽ 85% മദ്യപാനം മൂലമാണ്. കുറ്റകൃത്യങ്ങളുടെ ഇന്ത്യൻ ശരാശരി 175.6 ആണെങ്കിൽ കേരളത്തിൽ 306.5 ആണ്. ക്രിമിനൽ കുറ്റകൃത്യങ്ങളിൽ 87 ശതമാനത്തിനും പിന്നിൽ മദ്യവും മയക്കുമരുന്നുകളുമാണ്.

ഭാര്യമാരെ ഉപദ്രവിക്കുന്ന ഭർത്താക്കന്മാരിൽ 85% മദ്യപാനികളാണ്. ഗാർഹിക അതിക്രമ കേസുകളിൽ പ്രധാന പ്രതി മദ്യമാണ്. കുടുംബ ബഡ്ജറ്റിന്റെ 60–70% വരെ മദ്യപാനത്തിന് ചിലവിടുന്നു. തലയ്ക്ക് പരിക്കേറ്റ് ആശുപത്രികളിൽ എത്തുന്നവരിൽ 37% മദ്യപരാണ്. മനോരോഗങ്ങൾക്ക് 17.6% കാരണം മദ്യമാണ്. ജനസംഖ്യയുടെ 3.1% മാത്രമുള്ള കേരളത്തിലാണ് ഇന്ത്യയിലെ ആത്മഹത്യയുടെ 10% നടക്കുന്നത്. ഒരു ലക്ഷത്തിൽ 25.3 പേർ കേരളത്തിൽ ആത്മഹത്യചെയ്യുന്നു. കുടുംബ ആത്മഹത്യയ്ക്കു പിന്നിലും മദ്യമാണ്. ആത്മഹത്യയ്ക്ക് ശ്രമിച്ചവരിൽ 34% പേർ മദ്യപരാണ്. 85% കുടുംബ കലഹങ്ങൾക്കും കാരണം മദ്യമാണ്.

അനധികൃതമായി ജോലിക്ക് ഹാജരാകാത്തവർ 40% മദ്യപാന ശീലക്കാരാണ്. ഒരു ദിവസം 170 വിവാഹമോചന കേസുകൾ വരെ കേരളത്തിൽ ഫയൽ ചെയ്യപ്പെടുന്നു. ഇതിൽ 80 ശതമാനത്തിനും കാരണം മദ്യപാനമാണ്. 100 മദ്യപരിൽ 18 പേർക്ക് ഏതെങ്കിലും തരത്തിലുള്ള മനോരോഗം ബാധിക്കുന്നു. 100 മദ്യപരുടെ കുടുംബം എടുത്താൽ അതിൽ 7 കുടുംബങ്ങളിലും മനോവൈകല്യമുള്ളവർ ജനിക്കുന്നു. ഒരു കൊല്ലം കേരളം കുടിച്ചുതീർക്കുന്ന മദ്യത്തിന്റെ അളവ് ഏകദേശം 26.56 കോടി ലിറ്ററാണ്. ബിയർ ഉൾപ്പെടെ ഇത് 29.3 കോടി ലിറ്ററാണ്. അരി വാങ്ങാൻ ചെലവാക്കുന്നതിന്റെ മൂന്നിരട്ടിയാണ് മദ്യത്തിനു വേണ്ടി മലയാളി ചെലവാക്കുന്നത്.

**Associated Chambers of Commerce & Industry of India** യുടെ സോഷ്യൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ മെട്രോനഗരങ്ങളിൽ നടത്തിയ സർവ്വേ പ്രകാരം 45% പ്ലസ്ടു വിദ്യാർത്ഥികളും മദ്യം ഉപയോഗിക്കുന്നു. ഏറ്റവും കൂടുതൽ കുട്ടികൾ മദ്യം ഉപയോഗിക്കുന്നത് ഡൽഹിയിലും മുംബൈയിലും ചണ്ഡിഗഢിലും ഹൈദരാബാദിലുമാണെങ്കിലും അടുത്ത സ്ഥാനം കൊച്ചിക്കാണ്. പുതിയ തലമുറ മദ്യാസക്തരായി മാറുകയാണ്. ലഹരിവസ്തുക്കളുടെ ഉപയോഗവും കുട്ടികളിൽ വർദ്ധിക്കുകയാണ്. മദ്യാസക്തരുടെ മക്കൾ മദ്യപരാകാനുള്ള സാധ്യത 60 ശതമാനമാണ്. ഇവരുടെ കുറ്റവാസന നിരക്ക് 62.5 ശതമാനമാണ്. മദ്യപിക്കുന്ന 10 പേരിൽ 2 പേർ മദ്യാസക്തരാകുന്നു. ചെറുപ്രായത്തിലെ മദ്യപാനം ഓർമ്മശക്തി ഗണ്യമായി കുറയ്ക്കും. വിവിധ മാനസികരോഗങ്ങൾക്കും കാരണമാകും. മദ്യപാനികളുടെ ഭാര്യമാരിൽ 62 ശതമാനവും ശാരീരികവും മാനസികവുമായ പലവിധ പീഡനങ്ങൾ സഹിക്കുന്നവരാണ്.




പഠനഗവേഷണ സ്ഥാപനമായ രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റ് സ്റ്റഡീസിന്റെ 12–ാം പഞ്ചവത്സരപദ്ധതി സമീപന രേഖയിൽ കേരളത്തിലെ ദാരിദ്ര്യത്തിന്റെ ഒന്നാമത്തെ കാരണം മദ്യപാനമാണ്. 3.33 കോടി ജനങ്ങളുള്ള കേരളത്തിൽ ഒരു കോടി മദ്യപാനികളുണ്ടെന്നാണ് പുതിയ പഠനങ്ങൾ പറയുന്നത്. മദ്യപാനികളിൽ 20 ശതമാനം മദ്യാസക്തരായി മാറാം. എങ്കിൽ കേരളത്തിൽ 20 ലക്ഷത്തോളം മദ്യാസക്തരുണ്ടാകും. കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളും 20 ലക്ഷത്തോളംവരും. ദാരിദ്ര്യത്തിന് മുഖ്യകാരണം കുടുംബനാഥന്റെ മദ്യാസക്തിയാണെന്ന വാദം ഈ കണക്കുകൾ ശരിവയ്ക്കുന്നു.

2012 മെയ് 19–ന് കൊച്ചിയിൽ നടന്ന ലൈംഗിക ശസ്ത്രവിദഗ്ധരുടെ സമ്മേളനം "സെക്സ്മെഡ് –2012" 40 ശതമാനം വിവാഹബന്ധങ്ങളുടെയും തകർച്ചയ്ക്ക് കാരണം ലൈംഗികപ്രശ്നങ്ങളാണെന്നും ഇതിനു കാരണം മദ്യാസക്തിയാണെന്നും അഭിപ്രായപ്പെട്ടു. രാജ്യത്ത് ഏറ്റവും കൂടുതൽ ലൈംഗിക ഉത്തേജക ഔഷധങ്ങൾ വിൽക്കുന്നത് കേരളത്തിലാണ്.

1995–നു ശേഷം ജനിച്ച 14,000 കുട്ടികളിൽ മാനിറ്റോബ സർവകലാശാല നടത്തിയ ഗവേഷണപ്രകാരം 7 വയസ്സുവരെ അമ്മമാർ അനുഭവിക്കുന്ന സംഘർഷം കുട്ടികളെ ബാധിക്കുമെന്ന് കണ്ടെത്തി. മദ്യപന്റെ ഭാര്യ നിരന്തര സംഘർഷത്തിലായിരിക്കും. ഈ സംഘർഷങ്ങൾ അമ്മയുടെ ശരീരത്തിൽ രാസമാറ്റങ്ങളുണ്ടാക്കും. ഇത് കുട്ടിയെ ബാധിക്കും. ഗർഭകാലത്ത് അമ്മ കുടിച്ചാൽ കുഞ്ഞിന് പ്രശ്നങ്ങൾ ഉണ്ടാകും. ഇതിനെ Fetal Alcholic Spectrum Disorders (FASD) എന്നു പറയുന്നു. സ്ഥിരമായി മദ്യപിക്കുന്നവരിൽ ഭാര്യയുടെ ചാരിത്ര്യശുദ്ധിയെ സംശയിക്കുന്ന ആൽക്കഹോളിക് ജലസ് ഹസ്ബന്റ് സിൻഡ്രോം (Alcholic jealous husband syndrome) എന്ന രോഗം വളരെ കൂടുതലാണ്.

ഒന്നോ രണ്ടോ സ്മാൾ കഴിക്കുന്നത് ഹാർട്ടിന് നല്ലതാണെന്ന വാദം തെറ്റാണെന്ന് കാനഡയിലെ ഒന്റാറിയോയിലുള്ള മക്മാസ്റ്റർ യൂണിവേഴ്സിറ്റിയിലെ ചാൻ ലിയാങ്ങിന്റെയും സംഘത്തിന്റെയും പഠനം ഉറപ്പിക്കുന്നു. മിതമായ മദ്യപാനംപോലും ഹൃദയതാളം തെറ്റിച്ചുകൊണ്ട് മാരകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് അവർ തെളിയിച്ചു.'' നിരവധി



ഹൃദ്രോഗാവസ്ഥകൾക്ക് കാരണക്കാരനായ മദ്യത്തെ യാതൊരു കാരണവശാലും ഹൃദയസംരക്ഷകനായി മുദ്രകുത്തരുതെന്ന്" ഗവേഷകർ പറഞ്ഞു.

ലോകത്തിലെ ഏതൊരു ഭരണകൂടവും പാലിക്കേണ്ട മൗലികതത്വം പാവങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും നന്നാക്കുകയും ചെയ്യുക എന്നതാണ് അതിനു തക്കതായ നയങ്ങളാണ് സർക്കാർ ആവിഷ്ക്കരിക്കേണ്ടത്. കേരളത്തിന്റെ മദ്യപാനത്തിന്റെ ഗ്രാഫ് ഉയരുന്നതിന്റെ സാമൂഹ്യ-സാംസ്ക്കാരിക-സാമ്പത്തിക-ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാരും ജനങ്ങളും കൂടുതൽ ജാഗ്രത പുലർത്തണം. മദ്യമെന്ന മരണസംസ്ക്കാരം കേരളത്തെ പിടിമുറുക്കുന്നതിന്റെ സാഹചര്യം ശാസ്ത്രീയമായി പഠനവിധേയമാക്കാണം, പരിഹാരം കണ്ടെത്തണം.

മദ്യത്തിനെതിരെ ശ്രദ്ധേയമായ ബോധവത്ക്കരണ ശ്രമങ്ങൾ/നടപടികൾ സർക്കാർ ചെയ്യുന്നുണ്ട്. സർക്കാരിന്റെയും വിവിധ മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെയും മദ്യവിരുദ്ധ ബോധവൽക്കരണ ഫലമായും കഴിഞ്ഞ ഓണക്കാലത്തെ മദ്യവില്പനയിൽ 5 ശതമാനം കുറവുവന്നിട്ടുണ്ട്. ഇത് ശുഭലക്ഷണമാണ്. പക്ഷെ അതുപോരാ. സുപ്രീം കോടതി അഭിപ്രായം മാനിച്ച് മദ്യലഭ്യത കുറയ്ക്കാൻ നടപടി സ്വീകരിക്കണം. മദ്യവിൽപ്പനയ്ക്കായി സൂപ്പർമാർക്കറ്റുകൾ ആരംഭിക്കുന്ന നയം തിരുത്തണം. പകൽ മദ്യനിരോധനമെന്ന കേരള ഹൈക്കോടതി നിർദേശം സജീവമായി പരിഗണിക്കണം. മദ്യത്തിന്റെ അനിയന്ത്രിതമായ ലഭ്യത കർശനമായി തടയണം, പുതിയ മദ്യശാലകൾ ഇനി തുറക്കരുത്. പുതിയ മദ്യശാലകൾ മാത്രമല്ല നിലവിൽ ഉള്ളവയ്ക്കും ലൈസൻസ് നൽകുവാനുള്ള എൻ.ഒ.സി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം. ജനഹിതം മാനിച്ചാണോ എൻ.ഒ.സി. നൽകുന്നതെന്ന് ഉറപ്പുവരുത്തണം. അബ്കാരി നിയമങ്ങൾ ലംഘിക്കുന്നവർക്ക് കടുത്ത ശിക്ഷ നൽകണം. കള്ളുവ്യവസായം നിറുത്തലാക്കി നീര കോർപ്പറേഷൻ രൂപീകരിച്ച് നീര പാർലറുകൾ ആരംഭിക്കണം. ദേശീയ റോഡ് സുരക്ഷാ കമ്മീഷന്റെ നിർദേശമനുസരിച്ച് നാഷണൽ ഹൈവേകളിൽ പ്രവർത്തിക്കുന്ന മദ്യശാലകൾ നിറുത്തലാക്കണം. റിട്ടയർ ചെയ്ത പട്ടാളക്കാർക്കും അവരുടെ വിധവകൾക്കും നൽകിവരുന്ന മദ്യകോട്ട നിറുത്തലാക്കി പകരം അതിന്റെ വില നൽകണം. ഘട്ടംഘട്ടമായി സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കണം. സ്പോർട്സ് ക്ലബ്ബുകൾക്കുപോലും മദ്യം വിൽക്കാൻ ലൈസൻസ് നൽകുന്ന, മദ്യത്തിന് സൂപ്പർമാർക്കറ്റ് അനുവദിക്കുന്ന സർക്കാർ രാജ്യദ്രോഹമാണ് ചെയ്യുന്നത്.

മനുഷ്യനെ മദ്യപാനാസക്തിയിൽ നിന്ന് രക്ഷിക്കണമെങ്കിൽ ആദ്യം ചെയ്യേണ്ടത് അതിന്റെ ലഭ്യത കുറയ്ക്കുകയാണ്. മദ്യോപഭോഗത്തിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്ന കേരളത്തിൽ മദ്യവിൽപ്പന - നിയന്ത്രണ - നിരോധന നടപടികളാണ് ആവശ്യം. മനുഷ്യനന്മയാണ് സർക്കാർ ലക്ഷ്യംവയ്ക്കേണ്ടത്.

മദ്യാസക്തിക്കെതിരെ രാഷ്ട്രീയ-സാമൂഹിക-ജാതി-മത-ചിന്തകൾക്കതീതമായി ജനമുണരാൻ സമയമായി. ലഹരിക്കെതിരായ പോരാട്ടത്തിൽ നാം കാണിക്കുന്ന അലസതയ്ക്കും പ്രതികരണമില്ലായ്മയ്ക്കും വലിയ വില കൊടുക്കേണ്ടിവരും. വലിയ നിലവിളികൾക്കു മുന്നിൽ നിസ്സഹായരായി നിൽക്കേണ്ടിവരും. മാരകമായ തെറ്റുകൾക്കുമുന്നിൽ നിശബ്ദരാകേണ്ടിവരും. തലമുറകൾ ശാപഗ്രസ്തമായി, ഒരു സമൂഹം മുഴുവൻ നാശത്തിലേക്ക് വീഴുമ്പോൾ നിഷ്ക്രിയമായി പോകുന്ന ദുരവസ്ഥ നമുക്കുണ്ടാകരുത്. ജനമുണർന്ന് ചോദിച്ചാൽ ഉത്തരമുണ്ടാകും. ആരും മാറിനി ൽക്കാതെ പരസ്പരം പഴിചാരാതെ ഒന്നിച്ച് പ്രവർത്തിക്കുക. ഇനി ഒരാൾപോലും ലഹരിയുടെ മോഹവലയത്തിൽപെടാൻ അനുവദിച്ചുകൂടാ. ഭാവിപ്രതീക്ഷകൾക്കുമേൽ കരിനിഴൽ വീഴ്ത്തി നിൽക്കുന്ന ലഹരിവാഴ്ചയ്ക്കെതിരെ നമുക്ക് കൈകൾ കോർക്കാം... സംഘടിക്കാം. ( 9847034600)



## പാവനസ്മരണയ്ക്ക്

**29 – ാം ചരമവാർഷികം (8 – 7 – 1985)**



**ഫാ. ജേക്കബ് അയന്തിയിൽ**
**(ശാസ്ത്രീയച്ചൻ)**

*വറുഗീസ് സാബു അയന്തിയിൽ & ഫാമിലി*



# നുരഞ്ഞ് പതഞ്ഞ് മരണത്തിലേക്ക്

പ്രൊഫ. മോഹൻദാസ്
*അദ്ധ്യാപകൻ, സാമൂഹിക പ്രവർത്തകൻ*

ആരോഗ്യമുള്ള ജനത നാടിന്റെ സമ്പത്താണ്. അശാസ്ത്രീയമായ ജീവിതശൈലിയും ദുഃശീലങ്ങളും വ്യക്തിയുടെ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കും. ചില ശീലങ്ങളാവട്ടെ സമൂഹത്തെയും. മദ്യം, മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങൾ എന്നിവയുടെ വർദ്ധിച്ചുവരുന്ന ഉപഭോഗം കേരള സമൂഹം നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയായി മാറിയിരിക്കുന്നു. നാം ആർജ്ജിച്ച സാമൂഹ്യ നേട്ടങ്ങളും നന്മകളും ഇല്ലാതാവുകയാണ്. കുടുംബത്തിലും സമൂഹത്തിലും സമ്പദ്ഘടനയിലും രാഷ്ട്രീയരംഗത്തുമെല്ലാം മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും സൃഷ്ടിക്കുന്ന വിപത്ത് നിയന്ത്രിക്കാനാവാത്ത വിധം കൂടിവരികയാണ്. എന്നിട്ടും മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള സാമൂഹിക ഇടപെടൽ വളരെ പരിമിതമാണ്. മാത്രമല്ല മദ്യത്തിനുള്ള സാമൂഹിക അംഗീകാരം വർദ്ധിച്ചുവരികയുമാണ്.

മദ്യം എന്ന മാരകമായ സാമൂഹിക രാഷ്ട്രീയ വിപത്തിനെ കേരള സമൂഹം അർഹിക്കുന്ന ഗൗരവത്തോടെ കാണുന്നില്ല. രാഷ്ട്രീയ പാർട്ടികളും ബഹുജന സംഘടനകളും മദ്യത്തെയും മയക്കുമരുന്നിനെയും പ്രധാന സാമൂഹിക പ്രശ്നമായി കാണുകയും പൗരസമൂഹത്തിന്റെ ഇടപെടൽ ഉറപ്പാക്കാൻവേണ്ട നടപടികൾ ഉടൻ കൈക്കൊള്ളേണ്ടതുമുണ്ട്. ലോകത്തിലെ മദ്യോല്പാദക രാഷ്ട്രങ്ങളിൽ ഇന്ത്യയുടെ സ്ഥാനം മുൻനിരയിൽത്തന്നെയാണ്. കഴിഞ്ഞ ഒന്നര ദശാബ്ദക്കാലമായി ഇന്ത്യ ഈ രംഗത്ത് മുന്നേറിക്കൊണ്ടിരിക്കുന്നു. ദക്ഷിണേഷ്യയിലെ മൊത്തം മദ്യോല്പാദനത്തിന്റെ 65% -ൽ ഏറെയും ഇന്ത്യയുടേതാണ്. രാജ്യത്തിലെ മദ്യോല്പാദനം 670 കോടി ലിറ്റർ കവിഞ്ഞിരിക്കുന്നു. അടുത്ത മൂന്നുവർഷങ്ങൾക്കുള്ളിൽ മദ്യോപഭോഗം മൂന്നിരട്ടിയാകുമെന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്. 2015 ആകുമ്പോൾ മദ്യഉപഭോഗം 1900 കോടി ലിറ്ററും മദ്യത്തിൽനിന്നുള്ള വരുമാനം ഒന്നരലക്ഷം കോടി രൂപയായി വർദ്ധിക്കാനും സാദ്ധ്യതയുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇന്ത്യൻ വാണിജ്യ വ്യവസായ സംഘടനകളുടെ വ്യൂഹമായ 'അസോച്ചം' (The Associated Chamber of Commerce and Industry of India) നിരത്തിയ കണക്കുകളെ വെല്ലുവിളിക്കുവാൻ ആർക്കുംതന്നെ കഴിഞ്ഞിട്ടില്ല. ഇന്ത്യൻ മദ്യവിപണിയുടെ 20% വ്യാജ നിർമ്മിതമെന്നും കണ്ടെത്തിയിട്ടുണ്ട്. വിവിധ മദ്യയിനങ്ങളുടെ ഉപഭോഗത്തെക്കുറിച്ചും അസോച്ചം അന്വേഷിച്ചിട്ടുണ്ട്. ലോകത്തിൽ ഏറ്റവും കൂടുതൽ വിസ്കി കുടിയന്മാരുള്ളതും ഇന്ത്യയിലാണത്രേ. പക്ഷേ മലയാളിയുടെ പ്രിയപ്പെട്ട ഇനം റം തന്നെ.


ഇന്ത്യയിൽ പ്രതിശീർഷ മദ്യ ഉപഭോഗം ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണ്, ശരാശരി 11 ലിറ്റർ. ഒരു വർഷം ഏതാണ്ട് 7500 കോടി രൂപയുടെ മദ്യം കേരളത്തിൽ വിൽക്കുന്നു. ഈ സമയം കേരളീയരുടെ മുഖ്യാഹാരമായ അരിയുടെ പ്രതിവർഷ വിൽപ്പന ഏതാണ്ട് 3000 കോടി രൂപ മാത്രം. ആദ്യമായി മദ്യം രുചിക്കുന്ന മലയാളിയുടെ ശരാശരി പ്രായം കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനം വരെ 18 വയസ്സായിരുന്നു. പുതിയ നൂറ്റാ



**മദ്യം ഇന്ന് പദവിയുടെ ചിഹ്നം കൂടിയാണ്. അതുകൊണ്ടുതന്നെ മദ്യപാനത്തിന് സാമൂഹിക അംഗീകാരവുമുണ്ട്. കുട്ടിയുടെ ജനനം, പിറന്നാളാഘോഷം, വിവാഹം, ഗർഭധാരണം, ഉദ്യോഗക്കയറ്റം, ജോലിയിൽനിന്നു വിരമിക്കൽ, ഷഷ്ടിപൂർത്തി, സപ്തതി, മരണം, ശ്രാദ്ധം തുടങ്ങി എല്ലാ ചടങ്ങുകൾക്കും മദ്യം ഒഴിച്ചുകൂട്ടാൻ ആവാത്ത ഒന്നായി മാറിയിരിക്കുന്നു**

ണ്ടിന്റെ ആദ്യദശകം പിന്നിട്ടതോടെ ഇത് പന്ത്രണ്ടര വയസ്സായി കുറഞ്ഞു. ദേശീയ കുടുംബാരോഗ്യ സർവേ (National Family Health Survey) അനുസരിച്ച് കേരളത്തിലെ 15-49 പ്രായമുള്ള പുരുഷന്മാരിൽ 45% ഉം മദ്യപാനികളാണ്. ഇന്ത്യൻ ശരാശരി 31.9% ആണ്. കേരളത്തിൽ മദ്യപാനത്തിന്റെ തീവ്രത കൂടിക്കൊണ്ടിരിക്കുകയാണ്. 20 വർഷം മുൻപ് 300-ൽ ഒരാളാണ് മദ്യപാനിയെങ്കിൽ ഇപ്പോഴത് 20-ൽ ഒരാളായി വർദ്ധിച്ചിരിക്കുന്നു. കേരളത്തിലെ ഗ്രാമീണരായ പുരുഷന്മാരിൽ 38% വും നഗരങ്ങളിലെ പുരുഷന്മാരിൽ 29.4% വും മദ്യപാനികളാണ്. ഇന്ത്യയിൽ ഈ കണക്ക് യഥാക്രമം 28% വും 22.2% വും ആണ്. മദ്യം ഇന്ന് പദവിയുടെ ചിഹ്നം കൂടിയാണ്. അതുകൊണ്ടുതന്നെ മദ്യപാനത്തിന് സാമൂഹിക അംഗീകാരവുമുണ്ട്. കുട്ടിയുടെ ജനനം, പിറന്നാളാഘോഷം, വിവാഹം, ഗർഭധാരണം, ഉദ്യോഗക്കയറ്റം, ജോലിയിൽനിന്നു വിരമിക്കൽ, ഷഷ്ടിപൂർത്തി, സപ്തതി, മരണം, ശ്രാദ്ധം തുടങ്ങി എല്ലാ ചടങ്ങുകൾക്കും മദ്യം ഒഴിച്ചുകൂട്ടാൻ ആവാത്ത ഒന്നായി മാറിയിരിക്കുന്നു. മദ്യം വിളമ്പാൻ സാദ്ധ്യതയില്ലെന്നു മുൻകൂട്ടി അറിഞ്ഞാൽ മരണത്തിനും മരണാനന്തര ചടങ്ങിനുപോലും ആളുകളുടെ സാന്നിദ്ധ്യം കുറയുന്നതായി വടക്കൻ കേരളത്തിൽനിന്നും അറിയാൻ കഴിഞ്ഞു. ഓണം, ക്രിസ്തുമസ്, ഈസ്റ്റർ, വിഷു തുടങ്ങിയ 'ആഘോഷ'ങ്ങൾ ലഹരിയുടെ ദിനങ്ങളാണ്. കേരളത്തിലെ വിവിധ ജില്ലകളിലായി 16 വെയർ ഹൗസുകളും 337 റീട്ടെയിൽ വിതരണ കേന്ദ്രങ്ങളുമുള്ള ബിവറേജസ് കോർപ്പറേഷൻ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് സർവ്വകാല റിക്കാർഡുകളും തിരുത്തിക്കൊണ്ട് മദ്യവില്പന 139 ശതമാനത്തിൽ അധികം വർദ്ധിപ്പിച്ചു. മദ്യം സർക്കാരിന്റെ പ്രധാന വരുമാന മാർഗമാണ്. അതിനാൽ സർക്കാരുകൾ പ്രധാന വരുമാന ശ്രോതസ്സെന്ന നിലയിൽ ഈ വ്യവസായത്തെ സംരക്ഷിക്കുന്നു. മദ്യമിന്നൊരു സംഘടിത വ്യവസായമാണ്. മദ്യലോബിക്ക് സ്വാധീനമില്ലാത്ത മേഖലകൾ ഇല്ല. മദ്യവിരുദ്ധരെ നേരിടുന്നതിൽ മുതലാളിയും തൊഴിലാളിയും ഒറ്റക്കെട്ടാണ്.

ഗാർഹിക പീഡനങ്ങളിലും കുടുംബത്തിനുള്ളിൽ നടക്കുന്ന മറ്റു കുറ്റകൃത്യങ്ങളിലും മദ്യത്തിന്റെ പങ്ക് വളരെ വലുതാണ്. ഭാര്യയെ പീഡിപ്പിക്കുന്ന പുരുഷന്മാരിൽ വലിയ ഒരു പങ്ക് മദ്യപാനികളാണ്. ഗാർഹിക പീഡനങ്ങൾ മാത്രമല്ല, കവർച്ച, ഭവനഭേദനം, കൊലപാതകങ്ങൾ എന്നിവയ്ക്കു പിറകിലും മദ്യത്തിന്റെ പങ്കാളിത്തമുണ്ട്. ഒരു ലക്ഷം പേരിൽ ഒമ്പതുപേർ ആത്മഹത്യ ചെയ്യുന്ന നാടാണ് ഇന്ത്യ. കേരളത്തിൽ ആത്മഹത്യാനിരക്ക് ദേശീയ ശരാശരിയുടെ മൂന്നിരട്ടിയാണ്. മാറാരോഗങ്ങൾ, കടക്കെണി, കാർഷിക മേഖലയിലെ തകർച്ച എന്നിവ പോലെതന്നെ ഒരു പ്രധാന കാരണം ആണ് മദ്യം. ചില മദ്യപർ ഭാര്യയ്ക്കും മക്കൾക്കും വിഷം നൽകിയ ശേഷം ആത്മഹത്യ ചെയ്യുന്നു. ചുരുക്കം ചില കുടുംബങ്ങളിൽ മദ്യപനായ കുടുംബനാഥന്റെ ആത്മഹത്യയെ തുടർന്ന് കുടുംബാംഗങ്ങളുടെ ജീവിത നിലവാരം ഉയർന്നതായി കാണാൻ കഴിയുന്നുണ്ട്. മദ്യപിച്ചെത്തുന്ന കുട്ടികൾ സ്കൂളുകളിലും കോളേജുകളിലും സൃഷ്ടിക്കുന്ന പ്രശ്നങ്ങളും വർദ്ധിച്ചുവരുന്നു. ചെറുതും വലുതുമായി നൂറിലേറെ അപകടങ്ങൾ പ്രതിദിനം കേരളത്തിൽ സംഭവിക്കുന്നു. ഇവയിൽ 60% ഉം വാഹന അപകടങ്ങളാണ്. വാഹനാപകടങ്ങളിൽ മൂന്നിലൊന്ന് മദ്യപിച്ച് വാഹനമോടിക്കുന്നതു മൂലവും മദ്യപിച്ച വഴിയാത്രക്കാർ റോഡു കുറുകെ കടക്കുന്നതുമൂലവുമാണ്. മദ്യപിച്ച് ഇരുചക്രവാഹനമോടിക്കുന്ന യുവാക്കൾക്കാണ് കൂടുതലായി അപകടം ഉണ്ടാകുന്നത്. മുപ്പതിലേറെ ഇരുചക്രവാഹനങ്ങൾ പ്രതിദിനം കേരളത്തിലെ റോഡുകളിൽ അപകടങ്ങളിൽ പെടുന്നതായാണ് ഏകദേശ കണക്ക്. ഇരുപതിലേറെ കാൽനടക്കാരും അപകടത്തിൽ പെടുന്നുണ്ട്.



മദ്യപാനികളിൽ പൊതുവെ രോഗാതുരത കൂടുതലാണ്. കേരളത്തിലെ മദ്യപാനികൾക്കിടയിൽ ജീവിതശൈലിരോഗങ്ങൾ കൂടിവരികയാണ്. അവരിൽ 63% പ്രമേഹ രോഗികളും 31% പേർ രക്തസമ്മർദ്ദമുള്ളവരുമാണ്. അന്നനാളം, ആമാശയം, വൻകുടൽ, മലാശയം എന്നീ ഭാഗങ്ങളിലുണ്ടാകുന്ന ക്യാൻസർ രോഗങ്ങളുടെ കാരണങ്ങളിൽ മദ്യം ഒരു ഉപഘടകമാണെന്ന് വിദഗ്ദ്ധ ഡോക്ടർമാർ വിലയിരുത്തുന്നുണ്ട്. മസ്തിഷ്കാഘാതവും ഹൃദയാഘാതവും വൃക്കരോഗങ്ങളും മദ്യപാന്മാരിൽ പിടിമുറുക്കുന്നതായും മെഡിക്കൽ റിപ്പോർട്ടുകളിൽ കാണുന്നു. മദ്യാസക്തിയും മയക്കുമരുന്ന് ആശ്രിതതത്വവും സംബന്ധിച്ച അമേരിക്കൻ ദേശീയ സമിതി (National Council on Alcoholism and Drug Dependence - NCADD), അമേരിക്കൻ സൊസൈറ്റി ഓൺ അഡ്മിഷൻ മെഡിസിൻ (ASAM) എന്നീ പ്രസ്ഥാനങ്ങളുടെ അഭിപ്രായത്തിൽ ആൽക്കഹോളിസം ഒരു ദീർഘകാല രോഗമാണ്. അപകടകരമായ അനന്തരഫലമുണ്ടെന്ന് ബോധ്യമുണ്ടെങ്കിലും മദ്യാസക്തിയെ നിയന്ത്രിക്കാൻ മനസിനു കഴിയാതെ പോകുന്നു. മദ്യം ചിന്താശക്തിയെ അത്രകണ്ട് കീഴടക്കി വികലമാക്കുന്നു.



പുകയിലയും പുകയില ഉല്പന്നങ്ങളും ഹാഷിഷ്, ബ്രൗൺ ഷുഗർ തുടങ്ങി നിരവധി മയക്കുമരുന്നുകളും കേരളത്തിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. മയക്കു മരുന്നു മാഫിയാ സംഘങ്ങൾ ഇവിടെ സജീവമാണ്. കൊച്ചിയിലെ ഒരു പഞ്ചനക്ഷത്ര ഹോട്ടിലിൽ നിശാക്ലബ്ബിന്റെ മറവിൽ മയക്കുമരുന്നു വില്പന തകൃതിയായി നടക്കുന്നുണ്ടെന്ന് രഹസ്യ വിവരം ലഭിച്ചതിനെ തുടർന്ന് പോലീസ് ആ ഹോട്ടൽ റെയ്ഡ് ചെയ്തത് ഒരാഴ്ചയ്ക്കു മുമ്പാണ്. കേരളത്തിലെ സ്കൂൾ, കോളേജ് പരിസരങ്ങളിൽ മയക്കുമരുന്നു വില്പന എത്രയോ കാലങ്ങളായി തുടരുന്നു. ഗുരുവായൂരിനടുത്ത് ഹയർ സെക്കൻഡറി സ്കൂളിലെ സീനിയർ വിദ്യാർത്ഥികൾ സ്കൂൾ കോമ്പൗണ്ടിൽ വച്ചുതന്നെ ജൂനിയർ വിദ്യാർത്ഥികളെ നിർബന്ധിച്ച് കഞ്ചാവ് ബീഡി വലിപ്പിക്കുകയും അവശനിലയിലായ കുട്ടികളെ ആശുപത്രിയിലാക്കുകയും ചെയ്ത സംഭവവും കഴിഞ്ഞ ദിവസം റിപ്പോർട്ടു ചെയ്യപ്പെടുകയുണ്ടായി. ഇത് സംബന്ധിച്ച് ചാവക്കാട് പോലീസ് കേസെടുത്തതായും വാർത്തകളുണ്ട്. ഇടുക്കി ജില്ലയിൽ വിളയുന്ന കഞ്ചാവിനു വീര്യം കൂടുതലുണ്ടെന്ന പ്രചാരണത്തെ തുടർന്ന് അന്യസംസ്ഥാനങ്ങളായ ആന്ധ്ര, ഗുജറാത്ത്, ഒഡീഷ എന്നീ വിടങ്ങളിലെ കഞ്ചാവും ഉല്പന്നങ്ങളും ഇടുക്കിയിൽ കൊണ്ടുവന്ന് മാഫിയകൾ ലക്ഷങ്ങൾക്കു വിൽക്കുന്നതായുള്ള പത്രവാർത്തകളിലും നമ്മൾ അതിശയിക്കേണ്ടതില്ല. മയക്കുമരുന്നു-മദ്യ-മാഫിയകൾക്ക് യഥേഷ്ടം വിഹരിക്കുവാനുള്ള അധോലോകങ്ങൾ കേരളത്തിൽ സുലഭമാണെന്നു വേണം കരുതാൻ. ലഹരി ഉല്പന്നങ്ങൾ പിടികൂടാൻ ചുമതലപ്പെടുത്തിയിട്ടുള്ള നർക്കോട്ടിക്ക് എൻഫോഴ്സ്മെന്റിന്റെ മൂക്കിന്റെ കീഴിലാണ് മാഫിയാ സംഘങ്ങളുടെ വിളയാട്ടമെന്നതാണ് നമ്മെ അത്ഭുതപ്പെടുത്തുന്ന വസ്തുത.

**മയക്കുമരുന്നു – മദ്യ – മാഫിയകൾക്ക് യഥേഷ്ടം വിഹരിക്കുവാനുള്ള അധോലോകങ്ങൾ കേരളത്തിൽ സുലഭമാണെന്നു വേണം കരുതാൻ. ലഹരി ഉല്പന്നങ്ങൾ പിടികൂടാൻ ചുമതലപ്പെടുത്തിയിട്ടുള്ള നർക്കോട്ടിക്ക് എൻഫോഴ്സ്മെന്റിന്റെ മൂക്കിന്റെ കീഴിലാണ് മാഫിയാ സംഘങ്ങളുടെ വിളയാട്ടമെന്നതാണ് നമ്മെ അത്ഭുതപ്പെടുത്തുന്ന വസ്തുത.**

കേരളത്തിലെ ചെറുപ്പക്കാരായ തൊഴിലാളികളും വിദ്യാർത്ഥികളുൾപ്പെടെയുള്ളവർ ഹാൻസ് എന്ന പുകയില ഉല്പന്നം വ്യാപകമായി ഉപയോഗിക്കുന്നു. കേരളത്തിൽ ജോലി ചെയ്യാനെത്തിയിരിക്കുന്ന ഉത്തരേന്ത്യൻ തൊഴിലാളികൾ കൊണ്ടുവരുന്ന 'ഖൈനി' എന്ന വീര്യമുള്ള പുകയില ഉല്പന്നവും മലയാളിക്ക് പ്രിയങ്കരമായി മാറിയിരിക്കുന്നു. വായിൽ ക്യാൻസറുമായി എത്തുന്ന പുരുഷന്മാരിൽ 92% വും അന്നനാള ക്യാൻസറുള്ള 80% പേരും പുകയിലയും പുകയില ഉല്പന്നങ്ങളും സ്ഥിരമായി ഉപയോഗിക്കുന്നവരാണെന്ന് പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. പരോക്ഷമായ പുകവലി മൂലം നൂറു കണക്കിന് കുട്ടികൾക്ക് ബ്രോങ്കൈറ്റിസ്, ന്യൂമോണിയ, തീക്ഷ്ണമായ ആസ്തമ, ചെവിയിലെ വിവധ രോഗങ്ങൾ എന്നിവയ്ക്ക് കീഴടങ്ങുന്നുവെന്ന് അമേരിക്കൻ പരിസ്ഥിതി സംരക്ഷണ ഏജൻസി കണ്ടെത്തി. The Third National Health & Nutrition Examination Survey of USA നടത്തിയ മറ്റൊരു പഠനത്തിൽ പുകവലിക്കാരുടെ സമീപം കഴിഞ്ഞു കൂടുന്ന 88%

പേരിലും രക്തത്തിൽ 'കോട്ടിനിൻ' എന്ന പുകയിലജന്യ വിഷം കാണുകയുണ്ടായി.

രാഷ്ട്രീയത്തിന്റെയും ഭരണകൂടത്തിന്റെയും താഴെതലം വരെ എത്തിയിരിക്കുന്ന അവിശുദ്ധ കൂട്ടുകെട്ടുകൾ പ്രതിരോധിക്കുവാനുള്ള കരുത്ത് സംഘടിത പ്രസ്ഥാനങ്ങൾക്ക് ചോർന്നു പോകാൻ പാടില്ല. കേരളത്തിലെ പൗരസമൂഹം മദ്യ-മയക്കുമരുന്നു മാഫിയകൾക്കെതിരെ പടയണി ചേരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും എല്ലാ തരത്തിലുമുള്ള ഇടപെടലും സ്വാധീനവും ഇല്ലാതാക്കുക എന്ന ആത്യന്തിക ലക്ഷ്യം നേടാനായി പൊരുതുവാൻ തയ്യാറാകണം. മദ്യവർജനത്തിനായുള്ള ബോധവത്കരണം, വീര്യം കൂടിയ മദ്യത്തിന്റെ കർശന നിയന്ത്രണം, വിലയും നികുതിയും വർദ്ധിപ്പിക്കൽ, പരസ്യം ഒഴിവാക്കൽ, നിലവിലുള്ള വില്പനശാലകൾ ഘട്ടംഘട്ടമായി അടച്ചുപൂട്ടുക, കൈയിൽ സൂക്ഷിക്കാവുന്ന മദ്യത്തിന്റെ അളവു കുറയ്ക്കുക, 21 വയസിൽ താഴെയുള്ളവർക്ക് മദ്യം നൽകാതിരിക്കുക തുടങ്ങിയ നടപടികൾ കർശനമായി പാലിക്കുവാൻ അധികാരികൾ തയ്യാറാകുമോ? ●

## ലെറ്റർ റ്റു ദ എഡിറ്റർ




ബഹുമാനപ്പെട്ട എഡിറ്ററച്ചാ,

2014 ജൂൺ ലക്കത്തിലെ 'മലങ്കരയുടെ സുവിശേഷകൻ' എന്ന ലേഖനം വായിച്ചു. മാർ ഈവാനിയോസ് പിതാവിന്റെ ജീവിതവും പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭവും വളർച്ചയുമെല്ലാം ആ ലേഖനത്തിൽ ബഹു. ഡോ. ആന്റണി കാക്കനാട്ടച്ചൻ അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. ആ ലേഖനത്തിലെ ശ്രദ്ധേയമായ ചില പോരായ്മകൾ ചൂണ്ടിക്കാണിക്കട്ടെ.

പെരുനാട് (മുണ്ടൻമല)-വെണ്ണിക്കുളം- തിരുവനന്തപുരം: പുനരൈക്യ പ്രസ്ഥാനം മുളച്ചതും വളർന്നതും തളിർത്തതും ഈ പ്രദേശങ്ങളിലാണ് എന്ന് ലേഖകൻ അവതരിപ്പിക്കുകയുണ്ടായി. തിരുമൂലപുരം എന്ന പ്രദേശത്തിന് പുനരൈക്യവുമായുള്ള ബന്ധം ഒരു ഭാഗത്തും പരാമർശിക്കപ്പെട്ടുകണ്ടില്ല. കത്തോലിക്ക സഭയുമായി ഐക്യപ്പെടാൻ അന്ത്യമമായി തീരുമാനിച്ച് മുണ്ടൻമലയിൽ നിന്നും 22 ആശ്രമസ്ഥരുമായി 1930 ആഗസ്റ്റ് മാസം മാർ ഈവാനിയോസ് ഇറങ്ങി. തിരുമൂലപുരത്തെ വാടക വീട്ടിലെക്ക്തിരിക്കാനായിരുന്നു പദ്ധതി. എന്നാൽ സാഹചര്യം അനുകൂലമല്ലാത്തതിനാൽ ആശ്രമസ്ഥരെ വെണ്ണിക്കുളത്ത് താമസിപ്പിക്കുകയും പിതാവ് തിരുമൂലപുരത്ത് താമസം ആരംഭിക്കുകയും ചെയ്തു. തുടർന്ന് തിരുമൂലപുരമായിരുന്നു പിതാവിന്റെ പ്രവർത്തനങ്ങളുടെ കേന്ദ്രം.

മാർപാപ്പയുമായി ബന്ധപ്പെടുവാനായി ആലോചനയ്ക്കായി ചങ്ങനാശ്ശേരി മെത്രാൻ മാർ ജയിംസ് കാളാശ്ശേരിയെ കാണുന്നത്, കോട്ടയം രൂപതാമെത്രാൻ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ, മാർ ഈവാനിയോസിനെ സന്ദർശിക്കുന്നത്, ശ്രീ. കെ. സി മാമ്മൻ മാപ്പിള പിതാവിനെ സന്ദർശിക്കുന്നത്, പുനരൈക്യ ശ്രമം വിഫലമാക്കാനുള്ള അവസാന നീക്കമായി മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത എത്തുന്നത്, മൂന്നാം കാതോലിക്കോസ് മാർ ബസേലിയോസ് വന്ദ്യ പിതാവിനെ കണ്ടുപിരിയുന്നതും തിരുമൂലപുരത്തെ ചെറുഭവനത്തിൽ വച്ചാണ്.

പുനരൈക്യത്തിനായി പിതാവും സംഘവും 1930 സെപ്റ്റംബർ 18-ന് കൊല്ലത്തിനു തിരിക്കുന്നതും തിരുമൂലപുരത്തുനിന്നുമാണ്. പുനരൈക്യത്തിനു ശേഷം പിതാവ് തിരിച്ചെത്തുന്നതും പിറ്റേന്ന് മലങ്കര കത്തോലിക്ക സഭയുടെ ആദ്യത്തെ വി. കുർബാന അർപ്പിക്കപ്പെട്ടതും തിരുമൂലപുരത്തെ ആശ്രമ കുടീരത്തിലാണ്. പുനൈര്യക്യപ്രസ്ഥാനത്തിന്റെ 'പിള്ളത്തൊട്ടിൽ' എന്ന വിശേഷണം തിരുമൂലപുരത്തിനു അർഹതപ്പെട്ടതു തന്നെ. ആദ്യത്തെ മലങ്കര കത്തോലിക്ക ദിവ്യബലി അർപ്പിക്കപ്പെട്ട ഇടം എന്ന നിലയിൽ ആദ്യ മലങ്കര കത്തോലിക്കാ ദേവാലയവും തിരുമൂലപുരത്തേതു തന്നെ.

തിരുമൂലപുരവുമായി ബന്ധപ്പെട്ട് മാർ ഈവാനിയോസിനെ സംബന്ധിച്ച അനേകം ചരിത്രരേഖകളുണ്ട്. ആദ്യകാലങ്ങളിൽ സഭയിലേക്ക് പുനരൈക്യപ്പെട്ട ചില കുടുംബങ്ങളുടെ ചരിത്രവും ഈ സത്യം വെളിവാക്കുന്നു. ഇത്രയധികം രേഖകൾ ഉണ്ടായിട്ടും ലേഖകൻ, ചരിത്രാന്വേഷകൻ എന്ന നിലയിൽ അവ കണ്ടെത്താതിരുന്നതും രേഖപ്പെടുത്താതെ പോയതും എന്തുകൊണ്ടാണെന്നറിഞ്ഞുകൂടാ? പുനരൈക്യ ചരിത്രത്തിൽ നിന്ന് തിരുമൂലപുരവുമായി ബന്ധപ്പെട്ട ഏടുകൾ അടർത്തിമാറ്റുന്നത് ഇവിടുത്തെ ഇടവക ജനങ്ങൾക്ക് ഉൾക്കൊള്ളാനാകുന്നില്ല.

വന്ദ്യ പിതാവ് ഹൃദയത്തോട് ചേർത്തു നിർത്തിയ ഈ പ്രദേശം ചരിത്രത്തിന്റെ ഭാഗമാണ്. ഇനിയുണ്ടാകുന്ന ചരിത്ര പഠന രേഖകളിൽ പുനരൈക്യ പ്രസ്ഥാനവും തിരുമൂലപുരവും തമ്മിലുള്ള ഇഴയടുപ്പം കൂടി കൂട്ടിച്ചേർക്കണം എന്ന് ഇടവക ജനം മൊത്തമായും എം.സി.വൈ.എം ഇടവക യൂണിറ്റ് പ്രത്യേകമായും അഭ്യർത്ഥിക്കുന്നു. ആഗ്രഹിക്കുന്നു.

*എന്ന്, എം.സി.വൈ.എം,തിരുമൂലപൂരം, യൂണിറ്റ് പ്രസിഡന്റ്: ലിജോ കെ. മാത്യു കോഴിയടിയിൽ*

# ജീവിതശൈലീരോഗങ്ങളും കുട്ടികളും



**Dr. S. Latha** MD, DCH
Professor Paediatric
Pushpagiri Medical College

**( കഴിഞ്ഞ ലക്കം തുടർച്ച )**

വാഹനങ്ങളിലല്ലാതെ സ്കൂളിൽ പോകുന്ന കുട്ടികൾ ഗ്രാമങ്ങളിൽപോലും ഇന്നു കുറവാണ്. വീട്ടിൽ യാതൊരു ശാരീരിക ജോലികളും ഇവർക്ക് ചെയ്യേണ്ടി വരുന്നില്ല. പഠനത്തിനു നൽകുന്ന അമിതപ്രാധാന്യം കാരണം പഠിക്കുകയെന്നതല്ലാതെ മറ്റൊരു ജോലിയും കുട്ടികൾക്കു നൽകാറില്ല. മേലനങ്ങാതെ, പഠിക്കുകയും, പഠിക്കുന്ന സമയങ്ങളിൽ കമ്പ്യൂട്ടറിന്റെയും ടിവിയുടെയും മുമ്പിലിരിക്കുകയും ചെയ്യുന്നതിനാൽ കഴിച്ച ആഹാരത്തിലടങ്ങിയിട്ടുള്ള ഊർജ്ജം ചെലവാകുന്നതിനു പകരം ശരീരത്തിൽ കൊഴുപ്പായി അടിഞ്ഞു കൂടുന്നു. മേൽപ്പറഞ്ഞ മൂന്ന് കാരണങ്ങളാലാണ് കുഞ്ഞുങ്ങൾക്ക് പൊണ്ണത്തടി ഉണ്ടാകുന്നത്.

ജീവിതശൈലീരോഗങ്ങളുടെ ഒരു പ്രത്യേകത അവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്. പൊണ്ണത്തടി ഉള്ള കുട്ടികൾക്ക് പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, കരൾ രോഗങ്ങൾ, വൃക്ക രോഗങ്ങൾ ഇവ വരാനുള്ള സാദ്ധ്യത കൂടുതലാണ്. ഈ രോഗങ്ങൾ എല്ലാം തന്നെ നമ്മുടെ ആയുർദൈർഘ്യം കുറയ്ക്കുന്നു. ഇവയൊക്കെ നേരത്തെ കണ്ടുപിടിക്കപ്പെട്ടാലും അവയുടെ ഗുരുതരാവസ്ഥ കുറയ്ക്കാനോ മരണത്തിലേക്കുള്ള പുരോഗതിയുടെ വേഗത കുറയ്ക്കാനുമേ കഴിയൂ; പരിപൂർണ്ണമായി ചികിത്സിച്ചു ഭേദപ്പെടുത്താനാവുകയില്ല. പലപ്പോഴും നീണ്ട കാലത്തെ മരുന്നുകൾ ആവശ്യമാണ്. മരുന്നുകളൊക്കെ വില കൂടിയവയാണ്. രോഗം കണ്ടുപിടിക്കാനുള്ള മാർഗ്ഗങ്ങളും ചെലവേറിയതാണ്. അതിനാൽതന്നെ ചികിത്സയിലുപരി പ്രതിരോധത്തിനാണ് നാം ഊന്നൽ നൽകേണ്ടത്.



ഒരാളുടെ ഭാരം കൂടുതലാണെന്ന് എങ്ങനെ കണ്ടുപിടിക്കാം? സാധാരണഗതിയിൽ ഏറ്റവുമധികം ഉപയോഗിക്കുന്നത് ബി.എം.ഐ. (BMI) ബോഡി മാസ്സ് ഇൻഡക്സ് കണക്കാക്കിയാണ്. ഒരാളുടെ ഭാരത്തെ (കി.ഗ്രാമിൽ) അയാളുടെ പൊക്കത്തിന്റെ സ്ക്വയർ (മീറ്ററിൽ) കൊണ്ടു ഹരിച്ചാൽ കിട്ടുന്നതാണ് ബി.എം.ഐ.

ബി.എം.ഐ. 25-ൽ കൂടുതലെങ്കിൽ അമിതവണ്ണവും 30-ൽ കൂടുതലെങ്കിൽ പൊണ്ണത്തടിയും ആണ്. ഒരു ഉദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം.

4 വയസ്സുള്ള കുട്ടിക്ക് 102 സെ.മീ. ഉയരവും 30 കി.ഗ്രാം ഭാരവും ഉണ്ടെങ്കിൽ, അതായത്, ആ കുട്ടി അമിതവണ്ണമുള്ള കുട്ടിയാണ്.

ശരീരത്തിന്റെ ഭാരം കൂടുന്നതിനേക്കാൾ ശരീരത്തിലെ കൊഴുപ്പിന്റെ അളവ് കൂടുന്നതാണ് ദോഷകരം. ഭാരം കൂടുമ്പോൾ കൊഴുപ്പും വർദ്ധിക്കുമെന്നതിനാൽ ബി.എം.ഐ. കൊഴുപ്പിന്റെ അളവിനോടൊപ്പം നിൽക്കുന്നു എന്നു പറയാം. ശരീരത്തിലെ കൊഴുപ്പിനെ അളക്കുക എന്നതാണ് ഏറ്റവും ശരിയായ രീതിയെങ്കിലും നിത്യജീവിതത്തിൽ അതത്ര പ്രായോഗികമല്ല. പ്രത്യേക ഉപകരണങ്ങളൊക്കെ വേണ്ടിവരും.

ഭാരക്കൂടുതൽ ഉള്ള ബന്ധുമിത്രാദികൾ, രക്താതിസമ്മർദ്ദം, രക്തത്തിലെ കൊളസ്ട്രോളിന്റെ അളവു കൂടുതൽ, പ്രമേഹരോഗം തുടങ്ങിയവയുണ്ടെങ്കിൽ ശൈശവം മുതൽ തന്നെ കുഞ്ഞിന്റെ ആരോഗ്യത്തിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടിവരും. ആദ്യത്തെ ആറു മാസം മുലപ്പാൽ മാത്രം നൽകുക, 2 വയസ്സുവരെ അമ്മയുടെ പാൽ തുടരുക (മറ്റ് ആഹാരങ്ങളോടൊപ്പം) എന്നത് പിൽക്കാലത്ത് അമിതവണ്ണവും ഡയബെറ്റിസുമുൾപ്പെടെയുള്ള രോഗങ്ങൾ വരാതിരിക്കാൻ സഹായിക്കും. മുലപ്പാൽ കുടിക്കുന്ന കാലം മുതൽ വിശക്കുമ്പോൾ, വിശപ്പുശമിക്കാനായി ആഹാരം നൽകുന്ന പതിവ് ആണ് വേണ്ടത്. കുഞ്ഞു കരയുമ്പോഴൊക്കെ ആഹാരം നൽകേണ്ട കാര്യമില്ല. വിശക്കുമ്പോൾ ആഹാരം നൽകണം. വിശക്കാതിരിക്കുമ്പോൾ നിർബന്ധിച്ച് ആഹാരം നൽകരുത്. ഇടവേളകളിൽ ആഹാരം നൽകുമ്പോൾ വറത്തതും പൊരിച്ചതുമൊക്കെ ഒഴിവാക്കി പോഷകഗുണങ്ങളടങ്ങിയ, വീട്ടിലുണ്ടാക്കുന്ന ആഹാരം നൽകണം.

**1 വയസ്സാകുമ്പോൾ മുതൽ കുഞ്ഞിന് വീട്ടിലുണ്ടാക്കുന്ന ആഹാരം പങ്കിടാൻ അനുവദിക്കണം. ധാരാളം പഴങ്ങളും പച്ചക്കറികളും കഴിക്കാൻ പ്രോത്സാഹിപ്പിക്കണം. ചെറിയ മീനുകൾ കറിവെച്ചു കഴിക്കുന്നതാണ് നല്ലത്. മീനും ഇറച്ചിയുമൊക്കെ വറത്തു കഴിക്കുന്നത് കഴിയുന്നത്ര ഒഴിവാക്കണം. മിഠായികൾ, പഴച്ചാറുകൾ, കോളകൾ, എനർജി ഡ്രിങ്കുകൾ മുതലായവ ഒഴിവാക്കണം.**

വണ്ണമാണ് ആരോഗ്യലക്ഷണം എന്ന മുൻകാല സങ്കല്പത്തിൽ നിന്നും മാറി ചിന്തിക്കേണ്ടിയിരിക്കുന്നു. 1 വയസ്സാകുമ്പോൾ മുതൽ കുഞ്ഞിന് വീട്ടിലുണ്ടാക്കുന്ന ആഹാരം പങ്കിടാൻ അനുവദിക്കണം. ധാരാളം പഴങ്ങളും പച്ചക്കറികളും കഴിക്കാൻ പ്രോത്സാഹിപ്പിക്കണം. ചെറിയ മീനുകൾ കറിവെച്ചു കഴിക്കുന്നതാണ് നല്ലത്. മീനും ഇറച്ചിയുമൊക്കെ വറത്തു കഴിക്കുന്നത് കഴിയുന്നത്ര ഒഴിവാക്കണം. മിഠായികൾ, പഴച്ചാറുകൾ, കോളകൾ, എനർജി ഡ്രിങ്കുകൾ മുതലായവ ഒഴിവാക്കണം. കുഞ്ഞുങ്ങളുള്ള വീടുകളിൽ പോകുന്നവർ അവർക്കുവേണ്ടി ബേക്കറി സാധനങ്ങൾ വാങ്ങിക്കൊണ്ടു പോകുന്നത് ഒഴിവാക്കുക. പകരം അവർക്ക് ഒരു പുസ്തകമോ കളിപ്പാട്ടമോ നൽകുക. നല്ല പഴങ്ങൾ കിട്ടുമെങ്കിൽ കൊടുത്താൽ കുഴപ്പമില്ല. നമ്മുടെ സ്നേഹം അവരുടെ ആരോഗ്യത്തിന് ദോഷകരമാകാതെയിരിക്കട്ടെ.

ശൈശവം മുതലേ അവർക്ക് ശാരീരിക വ്യായാമങ്ങളിലേർപ്പെടാൻ അവസരം നൽകുക. കൂട്ടം കൂടിയുള്ള കളികൾ കുഞ്ഞുങ്ങൾക്ക് ശാരീരിക വ്യായാമം മാത്രമല്ല, മാനസിക ഉല്ലാസവും നൽകുന്നു. കളികൾ ഒരിക്കലും പഠനത്തെ പ്രതികൂലമായി ബാധിക്കുകയില്ല. 30 മുതൽ 60 മിനിട്ടുവരെ ദിവസേനയുള്ള വ്യായാമം അവരെ ആരോഗ്യമുള്ളവരാക്കുന്നു. ടിവിയുടെയും കമ്പ്യൂട്ടറിന്റെയും മുന്നിലിരിക്കുന്ന സമയം ദിവസവും അര മണിക്കൂറാക്കുക. ഒരു കാരണവശാലും ഒരു ദിവസം 2 മണിക്കൂറിലധികമാകാൻ പാടില്ല. മുതിർന്നവർ രാത്രിയുമില്ല പകലുമില്ല എന്ന നിലയിൽ ടിവിയുടെ മുന്നിലാണെങ്കിൽ കുഞ്ഞുങ്ങളെ മാത്രം നിയന്ത്രിക്കാനാവില്ല. മുതിർന്നവർ അവർക്കു മാതൃകയാവണം. അതെ, എല്ലാ കാര്യത്തിലും ശരിയായ മാതൃകകൾ ഇല്ലാതെ വരുന്നതും കുട്ടികൾക്കൊരു പ്രശ്നമാണ്.

വൈകുന്നേരങ്ങളിലെ പ്രാർത്ഥനാ സമയങ്ങൾ തിരിച്ചുകൊണ്ടുവരണം. പ്രാർത്ഥിച്ചാലുമില്ലെങ്കിലും വൈകുന്നേരങ്ങൾ കുടുംബാംഗങ്ങൾ ഒന്നിച്ച് കുറച്ചു സമയം ചെലവിടുന്നത് മാനസിക സംഘർഷം കുറയ്ക്കും. കുട്ടികളുടെ ചെറിയ കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കാൻ അല്പസമയം അച്ഛനുമമ്മയും മാറ്റിവെച്ചാൽ കുഞ്ഞുങ്ങളുടെ മാനസിക സംഘർഷം കുറയുകയും ഹൈപ്പർ ടെൻഷൻ, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾ വരാനുള്ള സാദ്ധ്യത കുറയുകയും ചെയ്യും.

ഇങ്ങനെയൊക്കെ പറയുമ്പോൾ വായിക്കുന്നവരുടെ മനസ്സിൽ ഒരു ചോദ്യമുയരുന്നത് കാണുന്നു. ഇതൊക്കെ പ്രായോഗികമാണോ? നടപ്പിലാക്കാൻ പറ്റുമോ? പറ്റും, പറ്റണം. നമ്മുടെ കുട്ടികൾ പ്രായമാകുമ്പോൾ നമ്മളെ സംരക്ഷിക്കേണ്ടവരല്ലേ? അങ്ങനെ വേണമെങ്കിൽ അവർ മാനസികവും ശാരീരികവുമായ ആരോഗ്യമുള്ളവരായിരിക്കണം, അല്ലേ? അപ്പോൾ, ആരോഗ്യമുള്ള, സ്നേഹമുള്ള ഒരു തലമുറയ്ക്കായി നമ്മുടെ ജീവിതശൈലികൾ മാറിയേ മതിയാകൂ. ഒന്നും ഉപേക്ഷിക്കാതെ തന്നെ അവ സ്വായത്തമാക്കാൻ നമുക്കു കഴിയും. മനസ്സ് അല്ലെങ്കിൽ ഇച്ഛാശക്തി ഉണ്ടായാൽ മതി. ഒറ്റയ്ക്കും കൂട്ടമായുമുള്ള ആത്മാർത്ഥമായ പ്രവർത്തനം എന്തും നേടിയെടുക്കാൻ നമ്മളെ പര്യാപ്തരാക്കും. ജീവിതശൈലീരോഗങ്ങളെ അകറ്റി, ആരോഗ്യവാന്മാരായി ജീവിക്കാൻ നമ്മുടെ കുഞ്ഞുങ്ങളെ പര്യാപ്തരാക്കുവാനും അതുതന്നെയാണ് വേണ്ടത്.

## ഇടയശബ്ദം (പേജ് 5 തുടർച്ച)

രാഷ്ട്രത്തെ നേർദിശയിൽ നയിക്കുവാൻ ഏറെക്കാര്യങ്ങൾ ചെയ്യാനുണ്ടാകും. പക്ഷേ അവരും ഇതിനെ ഗുരുതരമായ പ്രശ്നമായി കാണുന്നില്ലെന്നു തോന്നുന്നു. 'നല്ല ചെടികളോടൊപ്പം കളകളും കൊയ്ത്തുവരെ വളരുവാനുള്ള' സ്വാതന്ത്ര്യം നല്കുകയാവും! ഈ മട്ടിലാണ് കാര്യങ്ങൾ പോകുന്നതെങ്കിൽ അത് ആശാവഹമല്ല എന്നു പറയേണ്ടി വരുന്നു.

ലഹരി വിരുദ്ധദിനാചരണത്തിന് ഒരു ദിവസം നീക്കിവെച്ചതുകൊണ്ട് നീങ്ങുന്ന പ്രശ്നമല്ലിത്. ഭീകരവിരുദ്ധ ദിനാചരണത്തിന് ഒരു ദിവസം ഘോഷയാത്ര നടത്തിയാൽ ഭീകരവാദവും ഭീകരപ്രവർത്തനങ്ങളും തീരുന്നതലല്ലല്ലോ. മറിച്ച് നാം ജീവിക്കുന്ന കാലമത്രയും ഭീകരവാദം നിലനിൽക്കുന്ന കാലമത്രയും, ജാഗ്രത പാലിച്ചേ പറ്റൂ. രാഷ്ട്രങ്ങൾ അക്കാര്യത്തിൽ തൃപ്തികരമായ ശ്രദ്ധ പുലർത്തിയിട്ടും അവിടവിടെ അവരുടെ വിളയാട്ടം തുടരുന്നു. അതിനൊപ്പമോ ഉപരിയായോ ഉള്ള ശ്രമവും ശ്രദ്ധയും മദ്യമയക്കുമരുന്ന് ജന്യമായ പ്രശ്നപരിഹാരത്തിനും കൂടിയേ കഴിയൂ.




ലഹരിക്കു പറയാനുള്ളത് കണ്ണുനീരിന്റെ കദനകഥമാത്രമാണ്. പേക്കൂത്തുകളുടെയും അഴിഞ്ഞാട്ടങ്ങളുടെയും പോരാട്ടങ്ങളുടെയും കുടിപ്പകയുടെയും രക്തച്ചൊരിച്ചിലിന്റെയും കഥകൾ! വാർത്താമാദ്ധ്യങ്ങളിൽ സിംഹഭാഗവും ആ കഥകളാണ് നിറഞ്ഞിരിക്കുന്നതും. നാരകീയശക്തികളുടെ ശക്തമായ ആയുധമാണ് ലഹരിപദാർത്ഥങ്ങൾ. വ്യക്തികളുടെ മാത്രമല്ല സമൂഹത്തിന്റെയും രാജ്യത്തിന്റെയും പുരോഗതിക്കും സ്വപ്നസാക്ഷാത്ക്കാരത്തിനും ലഹരിവിമുക്ത അന്തരീക്ഷം സംജാതമാകണം. നിലവാരമുയർത്തിയാൽ ബാറുകൾക്ക് ലൈസൻസ് നൽകുമെന്നു പറയുന്നതിലെ യുക്തി കച്ചവടതാല്പര്യമല്ലാതെ ഒന്നുമല്ല. മാരകമായ വിഷം സുവർണ്ണചഷകത്തിൽ നൽകിയാൽ അത് മാരകമല്ലാതാകുമോ? കേവലം നിലവാര പ്രശ്നമായി വിഷയത്തെ കുറച്ചു കാട്ടുന്നത് ലളിതമായി പറഞ്ഞാൽ നിലവാരമില്ലായ്മയാണ്. ആ കൗശലം നമ്മെ തെറ്റിദ്ധരിപ്പിക്കുന്നതിന് മാത്രമേ ഉപകരിക്കൂ. നിലവാരം കൂടിയ ഇടങ്ങളിൽ നിലവാരമുള്ള ലഹരി വിളമ്പിയാൽ വ്യക്തിത്വ നിലവാരം ഉയരുകയില്ല എന്നാർക്കാണറിയാത്തത്. സ്വഭവനങ്ങളിൽ പോലും അവരുടെ നിലവാരം കുത്തനെ ഇടിയുകയല്ലേ? മക്കളും കുടുംബ ബന്ധങ്ങളും ധാർമ്മികതയും കൈവിട്ടുപോകുന്നതിന്റെ കാരണങ്ങൾ ഏറിയപങ്കും ലഹരിജന്യമായ പ്രശ്നങ്ങളാണ്. ''വയസ്സുകാലത്ത് മറ്റൊന്നും വേണ്ട, മന:സമാധാനത്തോടെ ജീവിക്കാൻ അനുവദിച്ചാൽ മതിയെന്ന് പല തവണ കെഞ്ചിപ്പറഞ്ഞിട്ടും അവൻ കേട്ടില്ല. മദ്യപിച്ചെത്തിയാൽ എന്നും വഴക്കും അടിയും തന്നെ. മദ്യപിച്ചെത്തി അമ്മയെ ഉപദ്രവിക്കുന്നത് പതിവായിരുന്നുവത്രേ. മറ്റൊരു ഗതിയുമില്ലാതെ വന്നതോടെയാണ് അറ്റകൈ പ്രയോഗിച്ചത് ”. മദ്യപനായ മകനെ കൊലപ്പെടുത്തിയ പിതാവിന്റെ രോദനം പത്രത്താളുകളിൽ നിരന്നതിങ്ങനെ. ഇവ്വിധമുള്ള വാർത്തകൾ അവസാനിക്കുന്നില്ല. അമിതപുകവലി മൂലം ഭർത്താവ് മരിച്ചതിന് രാജ്യത്തെ പ്രമുഖ പുകയില കമ്പനിയായ R. J. Reynolds അകാല ചരമമടഞ്ഞവന്റെ ഭാര്യക്ക് 2360 കോടി ഡോളർ നഷ്ടപരിഹാരം നൽകുവാൻ ഫ്ളോറിഡയിൽ അമേരിക്കൻ കോടതി വിധിച്ചു. ഒരേ ദിവസത്തെ രണ്ടു വാർത്തകളും വിഷയത്തിന്റെ ഗൗരവത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ്. കോടതികൾ നമ്മുടെ നാട്ടിലും ശക്തമായ നിലപാടുകൾ എടുക്കുന്നത് മാത്രമാണ് ഏക ആശ്വാസം. പക്ഷേ അതുകൊണ്ടു മാത്രം പ്രശ്നം പരിഹരിക്കപ്പെടുന്നില്ല.

മദ്യോപഭോഗത്തിൽ കേരളം രാജ്യത്ത് പ്രഥമസ്ഥാനത്തെത്തി എന്നത് അഭിമാനമായി കരുതാവുന്നതല്ല. പ്രൈമറി ക്ലാസ്സുകൾ കടക്കുന്നതോടെ വിദ്യാർത്ഥിലോകം ലഹരിയുടെ ലോകത്തിലെ കാണാക്കയങ്ങളിലേക്ക് മുങ്ങാംകുഴി ഇടുന്നതായി സർവ്വേകൾ വ്യക്തമാക്കുന്നതും ഭയാശങ്കയോടെ മാത്രമേ കേൾക്കാൻ കഴിയൂ. യുവാക്കൾക്കൊപ്പം യുവതികളും മത്സരബുദ്ധിയോടെ ഈ രംഗത്ത് ഇടം പിടിക്കുന്നതും പഠനങ്ങൾ പറയുന്ന കാര്യങ്ങൾ തന്നെ.

മദ്യവരുമാനം വേണ്ടെന്നു വയ്ക്കുവാൻ ഭരണ കൂടത്തിനു കഴിയുന്നില്ല. മദ്യവരുമാനം മുഴുവൻ ഡീ-അഡിക്ഷൻ സെന്ററുകൾക്കും, റീഹാബലിറ്റേഷൻ കേന്ദ്രങ്ങൾക്കും ബോധവത്ക്കരണ പ്രക്രിയകൾക്കും, നിലവാരമുയർത്തലിനും ചെലവിടേണ്ടി വരുന്ന ശോച്യാവസ്ഥയും കണ്ടില്ലെന്നു നടിക്കാൻ കഴിയുമോ? കോടതി വിധിച്ച 'സേഫ് സോൺ - സേഫ് സ്ക്കൂൾ' പ്രഖ്യാപനം ശ്ലാഘനീയമെന്നു പറയുമ്പോഴും സംശയം നിലനിൽക്കുന്നു. സേഫ് സോണിന് പുറത്തിറങ്ങിയാൽ സേഫ് അല്ലല്ലോ. നിലവാരമുള്ള ബാറിൽ നിന്നു വരുന്ന പിതാവിന്റെയും സേഫ് സോൺ വിട്ടുവരുന്ന കുട്ടികളുടെയും സ്ത്രീകളുടെയും സംഗമവേദിയായ ഭവനം സേഫ് സോണാകുന്നില്ലല്ലോ. ബാറുകളിലല്ലല്ലോ ഭവനങ്ങളിലാണല്ലോ പ്രശ്നങ്ങൾ അരങ്ങേറുന്നത്. ഭവനങ്ങളുടെയും പാർപ്പിടങ്ങളുടെയും സുരക്ഷിതത്വം ഉറപ്പാക്കാൻ ഭരണകൂടത്തിന് ബാദ്ധ്യതയില്ലെന്ന് വരുമോ?

തിന്മകളുടെ എല്ലാ പ്രഹരവും ആഘാതവും കൂടുതൽ ഏല്ക്കേണ്ടി വരുന്നതും ഇരകളാക്കപ്പെടുന്നതും സ്ത്രീകളും കുട്ടികളുമാണെന്ന കാര്യം വിസ്മരിക്കരുത്. ഭാവി വാഗ്ദാനങ്ങളും നവഭാരതസ്വപ്നത്തിന് ചിറക് മുളപ്പിക്കേണ്ടവരുമായ കുഞ്ഞുങ്ങൾക്ക് നിർഭയം ജീവിക്കുവാനും നിർബാധം സഞ്ചരിക്കുവാനും കഴിയുന്നില്ലെങ്കിൽ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുകയില്ല.

മാതാപിതാക്കൾക്ക് മാതൃകാപരമായി പെരുമാറാൻ കഴിയണം. കുട്ടികൾക്ക് ബോധവത്ക്കരണം നൽകുന്നതിൽ അദ്ധ്യാപകർക്കും കലാശാലകൾക്കുമുള്ള പങ്ക് വലുതാണ്. സഭയും സഭാസംഘടനകളും സാംസ്കാരിക നായകന്മാരെ അണിചേർത്ത് ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് മുമ്പിലുണ്ടാകണം; മാതൃക കാട്ടുകയും വേണം. കുടുംബക്കൂട്ടായ്മകൾ, കമ്മറ്റി തെരഞ്ഞെടുപ്പുകൾ, പൊതുയോഗങ്ങൾ.......... എന്നിവയൊക്കെ ഗൗരവമായ ഈ വെല്ലുവിളിക്കെതിരെ ജാഗ്രത നിലനിർത്താൻ എക്കാലവും ശ്രദ്ധിക്കുകയും വേണം. നമ്മുടെ സ്വപ്നങ്ങൾ പൂവണിയട്ടെ. ഒരായിരം പൂക്കൾ വിരിയട്ടെ. നവഭാരത സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടട്ടെ.



# മണ്ടൻ

**ഫാ. ജെൻസൻ**

കാറ്റ് വരുന്നത്
കിഴക്കുനിന്നോ
പടിഞ്ഞാറു നിന്നോ?
അവൻ പറഞ്ഞു തെക്ക്
അവൾ പറഞ്ഞു വടക്ക്
പാവം, ഞാൻ മണ്ടൻ!
അരുതാത്തവ ചോദിച്ച്
വെറുതെ മണ്ടനാകുന്നവൻ
പിന്നീട് ക്ലാസ് മുറിയിൽ
കാറ്റ് വരുന്നത്
കടലിന്നടിയിൽ നിന്നെന്ന് സാറ്.
അവനും അവൾക്കും തൃപ്തിയായ്
ഞങ്ങളെല്ലാം മണ്ടന്മാർ
അപ്പോൾ, സാറോ?



# അദ്ധ്യാപകൻ ആചാര്യനായി മാറണം



**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി
ഡെവലപ്മെന്റ് ട്രെയ്നർ

ഒരു നല്ല സമൂഹം ജനിക്കുന്നത് വിദ്യാലയങ്ങളിലാണ്. ഈയൊരു ബോദ്ധ്യം അദ്ധ്യാപക സമൂഹത്തിനുണ്ടാകണം. ഇന്ന് പലരും അദ്ധ്യാപകരായി സർവ്വീസിൽ കയറുന്നു. അദ്ധ്യാപകരായി റിട്ടയർ ചെയ്യുന്നു. അദ്ധ്യാപകൻ ആചാര്യനായി, ഗുരുവായി മാറണം. തന്റെ കുട്ടികളുടെ ചുണ്ടിന്റെ അനക്കവും കണ്ണിന്റെ ചലനവും കണ്ട് അവരുടെ മനസ്സ് വായിച്ചെടുക്കുവാൻ സാധിക്കണം. പണ്ടൊക്കെ ഗുരുകുല വിദ്യാഭ്യാസത്തിന് ഒരു കുട്ടി ഗുരുവിന്റെ അടുത്തു വന്നാൽ ഗുരു ആ കുട്ടിയുടെ കണ്ണിലേക്കു തന്നെ നോക്കി ഏതാനും സമയമിരിക്കും. അപ്പോൾ ആ ഗുരുവിന് തിരിച്ചറിയുവാൻ സാധിക്കുമായിരുന്നു, ആ കുട്ടിയുടെ അന്തർലീനമായ കഴിവുകൾ എന്തൊക്കെയെന്നും ഇവന് ആയുധവിദ്യയാണോ ആയുർവേദമാണോ യോജിക്കുന്നതെന്നും മറ്റും. ഇന്ന് 'അന്തവുമില്ല കുന്തവുമില്ല' എന്നു പറഞ്ഞപോലെയുള്ള വിദ്യാഭ്യാസ സംവിധാനം അല്ലേ. ചോര കണ്ടാൽ വിറയ്ക്കുന്ന കുട്ടിയെയും അപ്പനു പണമുണ്ടേൽ ഡോക്ടറാകാൻ വിടും. ഒരു അദ്ധ്യാപക ധർമ്മം എന്നാൽ കുറെ വിഷയങ്ങൾ പഠിപ്പിക്കുന്നതിൽ മാത്രം ഒതുങ്ങി നിൽക്കേണ്ട ഒന്നല്ല. അദ്ധ്യാപകൻ കുട്ടികൾക്ക് പിതാവായിത്തീരണം, മാതാവായിത്തീരണം, സഹോദരനായിരിക്കണം, സഹോദരിയായിരിക്കണം, നല്ലയൊരു സുഹൃത്തായിരിക്കണം. ഓരോ പീരിയഡിന്റെ അവസാന അഞ്ചുമിനിട്ടെങ്കിലും 'ജീവിതം' എന്താണെന്നു പറഞ്ഞു കൊടുക്കുവാൻ, ജീവിതമാകുന്ന യുദ്ധഭൂമിയിൽ എങ്ങനെ വിജയിക്കാം എന്ന് പറഞ്ഞുകൊടുക്കുവാൻ സാധിക്കണം.

ജീവിതമാകുന്ന യുദ്ധഭൂമിയിൽ ഓരോ ദിവസവും നാം മത്സരിച്ചുകൊണ്ടിരിക്കുന്നത് കൂട്ടുകാരോടോ അയൽക്കാരോടോ അന്യനാട്ടുകാരോടോ അല്ല. നമ്മളോടു തന്നെ, അതെ നമ്മളോടുതന്നെയാണ് നാം മത്സരിക്കേണ്ടത്. ഓരോ ദിവസത്തെയും വിടർന്നു വരുന്ന ഒരു മനോഹരപുഷ്പമായി കാണുക. അതിന്റെ ഭംഗിയും സുഗന്ധവും ആസ്വദിക്കുക മാത്രമാണ് നാം ചെയ്യേണ്ടത്. ആ പുഷ്പത്തിന്റെ ഗുണത്തെപ്പറ്റി ബോധവാനാകുക. ആ പുഷ്പത്തെ പരിരക്ഷിക്കുക, സ്നേഹിക്കുക. ജീവിതത്തിൽ പല വെല്ലുവിളികളും നേരിടേണ്ടി വരും. അവയെ സ്വാഗതം ചെയ്യുക. ഈ വെല്ലുവിളികൾ നമ്മെ കൂടുതൽ ബുദ്ധിമാനും കരുത്തനും മുമ്പത്തേക്കാൾ കൂടുതൽ കഴിവുള്ളവരുമാക്കും. എന്തെങ്കിലും തെറ്റ് പറ്റിയാൽ നിരാശപ്പെടേണ്ട. ആ തെറ്റ് നിന്നെ ചില പാഠങ്ങൾ പഠിപ്പിച്ചിട്ടുണ്ടാകും. അവയ്ക്ക് കൃതജ്ഞതയുള്ളവനായിരിക്കുക. നീ പഠിച്ച പാഠങ്ങൾ നിന്റെ ലക്ഷ്യപ്രാപ്തിക്ക് ഉപയുക്തമാക്കുക. പ്രശ്നങ്ങളും പ്രതിസന്ധികളും വരുമ്പോൾ അതിൽനിന്ന് ഓടി

*(ശേഷം പേജ് 28)*



# ലഹരിയുടെ അമിതോപയോഗം കൗമാരക്കാരിൽ

കൂടുമ്പോൾ ഇമ്പമേറിയതാണല്ലോ കുടുംബം. ആ കുടുംബത്തിൽ നിന്നും തള്ളേണ്ടത് തള്ളിയും കൊള്ളേണ്ടത് കൊണ്ടും രൂപമെടുക്കുന്നവനാകണം ഓരോ കുട്ടിയും. പക്ഷേ ഇന്നത്തെ കുട്ടികളിൽ നല്ലൊരു ശതമാനവും നാശത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. കാരണം കൗമാരപ്രായം മുതൽ ഉള്ള കുട്ടികളിൽ നല്ലൊരു ശതമാനം മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കൾക്ക് അടിമകളാണ്. ഈ ഗതി തുടർന്നുകൊണ്ടിരുന്നാൽ നാളത്തെ ഒരു തലമുറ മുഴുവൻ വൻവിപത്തിലേക്ക് ചെന്നെത്തും.

പല കുട്ടികളും കൂട്ടുകാരുടെ നിർബന്ധത്തിന് വഴങ്ങിയും പിന്നെ ഇതിന്റെ രുചി എങ്ങനെയാണ് എന്നറിയാനുള്ള ആകാംക്ഷയുടെ പുറത്ത് അടിമകളായി തീരുന്നതാണ്. ആദ്യമൊക്കെ അവർക്ക് അതൊരു രസമായോ നേരംപോക്കോ ഒക്കെ അനുഭവപ്പെടാം. പക്ഷേ അതുകൊണ്ടുള്ള യഥാർത്ഥ ദൂഷ്യവശങ്ങൾ മനസ്സിലാക്കുമ്പോഴേക്കും ഒരുപാട് വൈകിയിരിക്കും. കാരണം മറ്റൊന്നുമല്ല, അവരുടെ പ്രായത്തിൽ അതൊന്നും തിരിച്ചറിയാനുള്ള പക്വത അവർക്കില്ല. കാരണം ആ സമയത്ത് മാതാപിതാക്കളേക്കാളും പ്രാധാന്യം പല കുട്ടികളും നൽകുന്നത് സുഹൃത്തുക്കൾക്കാണ്. സുഹൃത്തുക്കൾ എന്തു പറയുന്നോ അതാണ് അവരുടെ ശരി.

ജീവശാസ്ത്രപരമായും മാനസികപരമായും സാമൂഹികമായും ഒക്കെ ലഹരി ഉപയോഗത്തിലേക്ക് എത്തിക്കുന്ന ഘടകങ്ങൾ ഉണ്ട്.

### 1. ജീവശാസ്ത്രപരമായ ഘടകങ്ങൾ

a) ജനിതകമായി ലഭിക്കുന്ന ഘടകങ്ങൾ, അതായത് കുടുംബത്തിൽ ആർക്കെങ്കിലും മദ്യാസക്തി ഉണ്ടായിട്ടുണ്ടെങ്കിൽ അതൊരു കാരണമായിട്ടെടുക്കാവുന്നതാണ്. അങ്ങനെയുള്ള വ്യക്തികൾക്ക മദ്യം ഉപയോഗിക്കാൻ ഇടയായാൽ വളരെ പെട്ടെന്ന് മദ്യത്തിന് അടിമകളായി തീരാറുണ്ട്.

### 2. മാനസികപരമായ ഘടകങ്ങൾ

a) ആകാംക്ഷ - എന്താണ് എന്നറിയാനുള്ള ആകാംക്ഷ കാരണം ലഹരിക്ക് അടിമപ്പെടുന്നവരാണ് നല്ലൊരു ശതമാനവും.

b) പ്രത്യാഘാതങ്ങൾ എന്തെന്ന് പോലും ചിന്തിക്കാതെയുള്ള എടുത്തുചാട്ടം അഥവാ പ്രത്യാഘാതങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള കഴിവില്ലായ്മ.

c) ബാല്യകാലത്തുണ്ടായ തിക്താനുഭവങ്ങൾ, പീഡനങ്ങൾ.

d) യാഥാർത്ഥ്യത്തിൽ നിന്നുള്ള ഒളിച്ചോട്ടത്തിനുവേണ്ടി.

e) ജീവിതത്തിൽ നേടേണ്ട ലക്ഷ്യങ്ങളിൽ താല്പര്യമില്ലാതെ വരുമ്പോൾ, അല്ലെങ്കിൽ ലക്ഷ്യങ്ങളിൽ പരാജയപ്പെടുമ്പോൾ.

### 3. സാമൂഹ്യപരമായ ഘടകങ്ങൾ

a) സമപ്രായക്കാരുടെ നിർബന്ധത്തിനു വഴങ്ങി ലഹരി വസ്തുക്കൾക്ക് അടിമയാകുക.



**ഡോ. എ. ജെ ജോൺ നാക്കട MD**
**കൺസൾട്ടന്റ് ന്യൂറോ സൈക്രാട്രിസ്റ്റ്**
**മാജിദ. മാഹിൻ M.S.W**
**സൈക്രാട്രിക് സോഷ്യൽ വർക്കർ**

b) അനുകരണം (മറ്റുള്ളവരെ അനുകരിക്കുക) ഉദാഹരണത്തിന് സിനിമാ നടന്മാരെ റോൾ മോഡൽ ആയി കണ്ടിട്ട് അവർ ചെയ്യുന്നത് അതേപോലെ അനുകരിക്കാൻ ശ്രമിക്കുക. കൗമാരക്കാരിൽ പൊതുവെ കണ്ടുവരുന്ന ഒന്നാണിത്.

c) ലഹരി പദാർത്ഥങ്ങളുടെ ലഭ്യത

d) കുടുംബത്തിൽ നിന്നും സ്നേഹം കിട്ടാതെ വരുന്ന സാഹചര്യത്തിൽ പലരും അടിമപ്പെട്ടു പോവുകയാണ്.

പല കുടുംബങ്ങളിലും ഇന്ന് പരസ്പര സ്നേഹം, തുറന്നുപറച്ചിൽ, ആത്മാർത്ഥത ഇതൊക്കെ അന്യമായിക്കൊണ്ടിരിക്കുകയാണ്. ഒരു കുട്ടിയുടെ സ്വഭാവ രൂപീകരണത്തിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്നത് അവൻ അല്ലെങ്കിൽ അവൾ വളർന്നുവരുന്ന കുടുംബപശ്ചാത്തലമാണ് എന്നതിൽ യാതൊരു സംശയവുമില്ല. അങ്ങനെയാകുമ്പോൾ ഇന്നത്തെ തിരക്കിട്ട ജീവിതത്തിൽ ഈ തുറന്നു പറച്ചിലിന് ഒന്നുംതന്നെ സമയം ലഭിക്കാറില്ല. പക്ഷേ നമ്മുടെ കുട്ടികളുടെ സ്വഭാവത്തിലുണ്ടാകുന്ന ചെറിയ മാറ്റങ്ങൾപോലും മനസ്സിലാക്കാൻ മാതാപിതാക്കൾക്ക് കഴിയണം. അല്ലാത്ത പക്ഷം അവർ തികച്ചും പരാജിതരാണെന്നേ പറയാൻ കഴിയൂ. ചെറിയ ചെറിയ തെറ്റുകൾ തിരുത്തി പോയാലേ അവർ പിന്നീട് വലിയ തെറ്റുകൾ ചെയ്യാതിരിക്കൂ. കഴിവതും സ്നേഹത്തോടുകൂടി കുട്ടികളോട് പെരുമാറുക. ഇന്നത്തെ ഒരു തലമുറയോട് അവരുടെ രീതിയിൽ ഇടപെടുന്നതാണ് നല്ലത് എന്നു നാം മനസ്സിലാക്കണം. കാരണം അവരുടെ ചിന്താഗതികൾക്ക് അനുസൃതമായി പെരുമാറിയാൽ മാത്രമേ അവരുടെ രീതികൾക്ക് മാറ്റം വരുത്താൻ കഴിയുകയുള്ളൂ.



കഴിവതും കുട്ടികളും മാതാപിതാക്കളും തമ്മിൽ സൗഹൃദപരമായ ഒരു ബന്ധം സ്ഥാപിച്ചെടുക്കണം. അതുപോലെ കുടുംബത്തിൽ തീരുമാനങ്ങളെടുക്കുമ്പോൾ കുട്ടികളുടെ അഭിപ്രായങ്ങൾക്കും കൂടി കണക്കിലെടുത്താൽ അവരെ പരിഗണിക്കുന്നതുകൊണ്ട് അവർക്ക് തന്നെ ഒരു സന്തോഷം തോന്നും. ഓരോ ദിവസവും സ്കൂളിലെ വിശേഷങ്ങൾ ചോദിച്ചറിയുക. തൊട്ടതിനും പിടിച്ചതിനും ഒക്കെ കുട്ടികളെ വഴക്കുപറയുന്ന സാഹചര്യം ഒഴിവാക്കുക. ഇവയൊക്കെ അച്ഛനമ്മമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്.

ഇനി കുട്ടികൾ മനസ്സിലാക്കേണ്ടതായി കുറേ കാര്യങ്ങൾ ഉണ്ട്. കൗമാരപ്രായത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയാണ് ശരിയും തെറ്റും തിരിച്ചറിയാനുള്ള കഴിവില്ലായ്മ. അമിതമായി മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരിൽ തലച്ചോറിന്റെ പ്രവർത്തനം ക്രമേണ മന്ദീഭവിക്കുന്നു. തന്മൂലം കുട്ടികൾക്ക് ഓർമ്മക്കുറവ് ഉണ്ടാകുന്നു. അത് അവരുടെ പഠനത്തെ കാര്യമായി ബാധിക്കും. കൗമാരപ്രായത്തിലൊക്കെ മദ്യപാനം തുടങ്ങിയാൽ അതിന്റെ പരിണിത ഫലങ്ങൾ വളരെ വലുതായിരിക്കും. കാരണം ആൽക്കഹോളിന്റെ അമിതോപയോഗം കരൾ വീക്കത്തിന് കാരണമാകുന്നു. അതുപോലെ തന്നെ മാനസികപരമായ പ്രശ്നങ്ങളിലേക്ക് ഇത് നയിക്കാനിടയാകും. പിൽക്കാലങ്ങളിൽ എന്ത് പ്രശ്നമുണ്ടായാലും മദ്യം ഇല്ലാതെ പറ്റില്ല എന്ന അവസ്ഥ വന്നുചേരും. പോരാത്തതിന് മദ്യപാനിയായ ഒരു വ്യക്തിക്ക് സമൂഹത്തിൽ



*(ശേഷം പേജ് 32)*

# അമ്മ മനസ്സ്



**സി. സോണിയ OSS**
സെക്രട്ടറി, ഫാമിലി അപ്പോസ്തലേറ്റ്,
തിരുവല്ല അതിരൂപത

# ലഹരി വിമുക്ത കൗമാരം



കുടിച്ചു നശിക്കുവാൻ വേണ്ടി ആരും കുടി തുടങ്ങിയിട്ടില്ല. പുകവലിച്ച് ക്യാൻസർ ഉണ്ടാകാൻവേണ്ടി ആരും പുകവലിയും തുടങ്ങിയിട്ടില്ല, മയക്കുമരുന്നിന്റെ അടിമയാകാൻ വേണ്ടി ആരും അതും ഉപയോഗിച്ചു തുടങ്ങിയിട്ടുമില്ല. പക്ഷേ ഉപയോഗിക്കുന്നവർ വിചാരിക്കുന്നത് തനിക്ക് will power ഉണ്ട്, തനിക്ക് ആരോഗ്യവും പണവും സൗന്ദര്യവും കൂട്ടുകാരുടെ സ്വാധീനവും ഒക്കെയുണ്ട് എന്നാണ്.

കേരളത്തിൽ ഓരോ ക്രിസ്മസും ഈസ്റ്ററും തിരുവോണവും കഴിയുമ്പോൾ പത്രങ്ങൾ കൗതുക വാർത്തപോലെ പ്രസിദ്ധീകരിക്കുന്ന ഒരു കാര്യമുണ്ട്. സംസ്ഥാന സർക്കാരിന്റെ ഏജൻസികൾ ചേർത്തു വിറ്റഴിച്ച മദ്യത്തിന്റെ പൂർവ്വകാല റെക്കോർഡുകളെല്ലാം തകർത്ത കണക്കുകൾ..... ഓരോ വർഷം കഴിയുന്തോറും കോടികൾ ദശകോടികളായും ദശകോടികൾ ശതകോടികളായും മാറുന്നു.

ഇന്ന് മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും മുമ്പിൽ മാത്രം ധനിക - ദരിദ്ര, സ്ത്രീ-പുരുഷ, ജാതി -മത, വർണ്ണ-വർഗ്ഗ വേർതിരിവുകളില്ല. എന്നു മാത്രമല്ല, ആബാലവൃദ്ധ ജനങ്ങളും ഈ തിന്മയുടെ ശക്തികൾക്ക് അടിമകളായി മാറിയിരിക്കുകയാണ്. താൽക്കാലിക ലാഭത്തിനുവേണ്ടി പെട്ടിക്കടക്കാരും മദ്യഷാപ്പുകാരും മയക്കുമരുന്നു മാഫിയകളുമെല്ലാം ചെയ്യുന്ന ദുഷ്കൃത്യങ്ങൾ നാടിന്റെ സമ്പത്തായ ഒരു തലമുറയെയാണ് നശിപ്പിക്കുന്നത്. അവരത് മനസ്സിലാക്കുന്നില്ല.

"അവന്റെ നാവിന് തിന്മ മധുരമായി തോന്നിയേക്കാം, അവനത് നാവിനടിയിൽ ഒളിച്ചു വച്ചേക്കാം, രുചി ആസ്വദിക്കാൻ വേണ്ടി ഇറക്കാതെ വായിൽ സൂക്ഷിച്ചാലും, ഉദരത്തിലെത്തുമ്പോൾ അത് സർപ്പവിഷമായി പരിണമിക്കുന്നു" (ജോബ് 20:12-14).

ഒരു കുട്ടിയും താനിതിന് അടിമയാകണം എന്നോർത്തല്ല ലഹരിവസ്തുക്കൾ കഴിച്ചു തുടങ്ങുന്നത്. പക്ഷേ അടിമയായിക്കഴിയുമ്പോൾ രക്ഷപെടാൻ കഴിയാത്ത അവസ്ഥ. ചില കുട്ടികൾ പറയാറുണ്ട്, "എന്റെ സ്കൂളിലെ ചിലരൊക്കെ രഹസ്യമായി പാൻപരാഗ്, പാൻമസാല, മദ്യം എന്നിവ ഉപയോഗിക്കാറുണ്ട്, ഞങ്ങളോട് രുചിച്ചു നോക്കാനും പറയാറുണ്ട്". രുചി പരീക്ഷിച്ചു നോക്കാതിരിക്കുക മാത്രമേ ഇതിൽനിന്ന് രക്ഷപെടാൻ മാർഗ്ഗമുള്ളൂ.

ഇന്ന് നമ്മുടെ നാട്ടിൽ സംഹാരതാണ്ഡവമാടിക്കൊണ്ടിരിക്കുന്ന ഈ ആസക്തികളിൽനിന്ന് നാം പിന്മാറിയില്ലെങ്കിൽ ഭാവിയിൽ നമ്മുടെ തലമുറയ്ക്ക് നിലനിൽപ്പുണ്ടാവില്ല. അതിനാൽ മാതാപിതാക്കൾ ജാഗരൂകരായിരിക്കണം. പലപ്പോഴും വീട്ടിൽനിന്നാണ് ലഹരിയുടെ ബാലപാഠങ്ങൾ കുട്ടികൾക്ക് പകർന്നു കിട്ടുന്നത്. അത് കട്ടെടുത്തുള്ള ഉപയോഗമാകാം, അപ്പന് വാങ്ങിക്കൊടുക്കുന്നതിന്റെ ഓഹരി കിട്ടുന്നതാകാം, അല്പമൊന്നു നുണയാൻ കുട്ടിക്ക് അപ്പനോ അമ്മയോ നൽകുന്നതാകാം. എങ്ങനെയായാലും അവൻ കുരുന്നു നാവിൽ ആദ്യാക്ഷരം കുറിച്ചാൽ പിന്നീടത് മായിക്കാൻ പ്രയാസമാണ്. അപ്പനോ അമ്മയോ ലഹരി ഉപയോഗിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ തക്കം കിട്ടുമ്പോൾ ഇത് ഉപയോഗിക്കാനുള്ള സാദ്ധ്യത കടുത്തതാണ്. അതിന്റെ ഉത്തമ



ഉദാഹരണങ്ങളാണ് ഏതാനും മാസങ്ങൾ മുമ്പുള്ള പത്രങ്ങളിൽ നാം വായിച്ചറിഞ്ഞ വാർത്തകൾ. "വിദേശ മദ്യം ഉള്ളിൽച്ചെന്ന് 8 വയസ്സുകാരൻ മരിച്ചു; മദ്യം ഉള്ളിൽച്ചെന്ന നിലയിൽ നഴ്സറി വിദ്യാർത്ഥി ആശുപത്രിയിൽ".

നമ്മുടെ സമൂഹം മദ്യപാനത്തിന് കല്പിച്ചുകൊടുക്കുന്ന മാന്യതയാണ് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഇതിലേക്ക് ആകർഷിക്കുന്നത്. എന്തും പരീക്ഷിച്ചു നോക്കാനുള്ള കൗമാരത്തിന്റെ തിളപ്പിൽ ലഹരി വസ്തുക്കൾ കഴിച്ചില്ലെങ്കിൽ എന്തോ പോരായ്മകയാണെന്നുള്ള തോന്നൽ ഇവരെ ലഹരിയുടെ ചതിക്കുഴികളിൽ അകപ്പെടുത്തുന്നു. അറിയാനുള്ള ആഗ്രഹംകൊണ്ടോ കൂട്ടുകാരുടെ



സമ്മർദ്ദത്തിനു കീഴ്‌വഴങ്ങിയോ ആണ് കുട്ടികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം ആരംഭിക്കുന്നത്. വലിയ ആഘോഷങ്ങളിലും യുവജനോത്സവങ്ങളിലും വിനോദയാത്രാ വേളകളിലുമാണ് കൂടുതലായും കുട്ടികൾ ഇവ ഉപയോഗിക്കുന്നത്. വീട്ടുകാരിൽനിന്നുള്ള അവഗണന, പഠനത്തിൽ പിറകോട്ട് പോകുമ്പോൾ അദ്ധ്യാപകരിൽനിന്നും മാതാപിതാക്കളിൽനിന്നുമുള്ള കുറ്റപ്പെടുത്തൽ, നിരാശ, പ്രണയനൈരാശ്യം, പുതിയ കാര്യങ്ങൾ പരീക്ഷിച്ചു നോക്കാനുള്ള താല്പര്യം, കൈയിലുള്ള പണം, വീടുകളിൽ മദ്യം ഉപയോഗിക്കുന്ന പ്രവണത തുടങ്ങിയവ ലഹരിവസ്തുക്കൾ കുട്ടി ഉപയോഗിക്കാനുള്ള കാരണങ്ങളാണ്.

വിദ്യാർത്ഥികളുടെ ലഹരി ഉപയോഗം തുടങ്ങിയിരുന്നത് പണ്ടൊക്കെ പുകയില ഉത്പന്നങ്ങളിലൂടെയായിരുന്നു. എന്നാൽ ഇന്ന് എന്ത് മാർഗ്ഗവും പരീക്ഷിച്ചു നോക്കാനുള്ള വ്യഗ്രതയാണവർ കാട്ടുന്നത്. വൈറ്റനർ, നെയിൽപൊളിഷ്, വേദനസംഹാരികൾ, ചെരിപ്പ്, ടയർ, പേപ്പറുകൾ എന്നിവ ഒട്ടിക്കുന്നതിന് ഉപയോഗിക്കുന്ന പശ, കഫ്സിറപ്പുകൾ, പാചകാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഗ്യാസ് തുടങ്ങിയവയെല്ലാം ലഹരി മരുന്നുകളായി ഉപയോഗിക്കുന്ന പ്രവണത വർദ്ധിക്കുകയാണ്. പാൻമസാല, പാൻപരാഗ് തുടങ്ങിയ പുകയില ഉത്പന്നങ്ങൾ നൽകുന്നതിനേക്കാൾ കൂടുതൽ ലഹരി കിട്ടുമെന്നുള്ളതുകൊണ്ട് ലഹരി കലർന്ന മിഠായി വാങ്ങുന്നവരുമുണ്ട്.

അതിനാൽ മക്കളും മാതാപിതാക്കളും തമ്മിൽ നല്ല ബന്ധമുണ്ടായിരിക്കണം. മാതാവും പിതാവും മക്കൾക്ക് നല്ല മാതൃകകൾ കാട്ടിക്കൊടുക്കണം. തിന്മയുടെ സ്വാധീനം ഒരുപരിധിവരെ മക്കളിലേക്ക് കടന്നുവരുന്നത് മാതാപിതാക്കളിലൂടെയായതിനാൽ, കുട്ടിയിൽ തിന്മകൾ കണ്ടെത്താതിരിക്കാൻ വിശുദ്ധിയുള്ള ജീവിതം മാതാപിതാക്കൾ നയിക്കണം. ഒരുപക്ഷേ നാമറിയാതെ നമ്മുടെ കുഞ്ഞുങ്ങൾ ഒരു രസത്തിനുവേണ്ടിയോ ഉത്കണ്ഠകൾ അകറ്റുന്നതിനുവേണ്ടിയോ ആകാം ഈ ലഹരിവസ്തുക്കളെ ആശ്രയിക്കുന്നതും കാലതാമസമില്ലാതെ അതിനടിമയാകുന്നതും. അതുകൊണ്ട് മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ കൂടെയായിരിക്കുവാനും അവരോട് സംസാരിക്കുവാനും നല്ല സുഹൃത്തുക്കളായിരിക്കുവാനും തെറ്റുകൾ കാണുമ്പോൾ സ്നേഹപൂർവ്വം തിരുത്തുവാനും സമയം കണ്ടെത്തണം. അതോടൊപ്പം എല്ലാ ദിവസവും മാതാപിതാക്കൾ മക്കളെ യേശുവിന്റെ തിരുരക്തത്താൽ മുദ്രചെയ്യണം. അപ്പോൾ ഒരു തിന്മയുടെ ശക്തികൾക്കും അവരെ തെറ്റായ വഴികളിലേക്ക് നയിക്കുവാൻ സാധിക്കുകയില്ല. ഇനിയും കൈവിട്ടുപോയ ബാല്യങ്ങളെയും യൗവ്വനങ്ങളെയും നേർവഴിക്കു നയിക്കുവാൻ മാതാപിതാക്കൾക്ക് കഴിയട്ടെ. അങ്ങനെ മാതാപിതാക്കൾ മക്കളുടെ കാണപ്പെടുന്ന ദൈവങ്ങളാകട്ടെ...

**അദ്ധ്യാപകൻ ആചാര്യനായി മാറണം** (23-ാം പേജ് തുടർച്ച)

യൊളിക്കുന്ന ഒട്ടകപക്ഷിയാകരുത് (ഒട്ടകപക്ഷിയെ ആക്രമിച്ചാൽ അത് തല പൂഴമണ്ണിൽ താഴ്ത്തി നിൽക്കും). പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുക. അടിത്തട്ടിലെവിടെയെങ്കിലും ഈ പ്രതിസന്ധി നമുക്കനുകൂലമായി മാറ്റിയെടുക്കുവാൻ പറ്റുന്ന ഏതെങ്കിലുമൊരു ഘടകം കാണാതിരിക്കില്ല. ആ ഘടകം കണ്ടെത്തിയാൽ ഏത് പ്രതിസന്ധിയും നമുക്ക് അനുകൂലമാക്കി മാറ്റിയെടുക്കാം.

ജീവിതത്തിൽ പ്രമാണമുള്ളവനായിരിക്കുക. അവ ചെറുതാകട്ടെ, വലുതാകട്ടെ, പാലിക്കുന്നതിൽ നിഷ്ഠയുള്ളവനാവുക. അപ്പോൾ ജീവിതം ചടുലമാകും. പ്രമാണങ്ങളും നിയമങ്ങളും ലംഘിക്കുന്നതിൽ കൂടി എന്തെങ്കിലും നേടാമെന്ന് നിരൂപിച്ചാൽ സ്വയം വിഡ്ഢിയാവുകയാണ്. എന്താണ് പ്രാപിക്കേണ്ടത് എന്നതിനെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടുണ്ടാകണം. അതിനുശേഷം അതിൽതന്നെ ശ്രദ്ധയൂന്നിക്കൊണ്ട് അത് നേടാൻ സർവ്വാത്മനാ ശ്രമിക്കുക.

പുതിയ അനുഭവങ്ങളും പ്രതീക്ഷിക്കുക. നാം വളരുന്തോറും പുതിയ അവസരങ്ങളും സാഹചര്യങ്ങളും വന്നണയും. അവ പുതിയ വെല്ലുവിളികൾ ഉയർത്തുകയും ചെയ്യും. അവയുടെ മുമ്പിൽ പകച്ചു പോകരുത്. ഓരോ ദിവസവും ഒരു വെല്ലുവിളിയാണ്. ആ വെല്ലുവിളി അതിരാവിലെ സ്വീകരിക്കുക. ദിവസം മുഴുവനും പിരിമുറുക്കമില്ലാതെ ജീവിക്കുക. നമ്മളോടുള്ള മത്സരത്തിൽ നമ്മെ കുറേക്കൂടി നല്ല മനുഷ്യരാക്കാൻ നാം ശ്രമിക്കുകയാണ് വേണ്ടത്. ഇന്നലത്തേതിനേക്കാൾ കരുത്ത് ഇന്ന് നമ്മളിൽനിന്ന് പ്രവഹിച്ചെങ്കിൽ നാം മത്സരത്തിൽ ജയിച്ചു എന്നർത്ഥം. ഇന്ന് കൂടുതൽ അറിവു നേടാൻ ശ്രമിച്ചുവെങ്കിൽ അതും നമ്മുടെ വിജയമാണ്. കൂടുതൽ ആളുകൾ തമ്മിൽ ഇന്ന് വിശ്വാസമർപ്പിച്ചുവെങ്കിൽ ജയത്തിന്റെ ഒരു പടികൂടി നാം കയറിയിരിക്കുന്നു. മത്സരം തുടർന്നുകൊണ്ടേയിരിക്കുക. നമ്മളുമായുള്ള നമ്മുടെ മത്സരം അത്ഭുതകരമായ ഫലങ്ങൾ പുറപ്പെടുവിക്കും. തിരിഞ്ഞു നോക്കുമ്പോൾ അവിശ്വസനീയമായി തോന്നുന്ന ഒരു വിജയഗാഥയായിരിക്കും അത്. നമ്മെ തേച്ച് മിനുക്കിയെടുക്കുന്ന ഒരു പ്രക്രിയയാണ് ജീവിതം. തിളക്കം കൂടുന്തോറും നാം കൂടുതൽ വെളിച്ചം പുറപ്പെടുവിക്കും. ആ വെളിച്ചം നമുക്ക് ചുറ്റുമുള്ളവർക്ക് പ്രചോദനമാകും. അതുകൊണ്ട് മത്സരിച്ചുകൊണ്ടിരിക്കുക. നമ്മളോടുതന്നെ മത്സരിച്ച് ഇന്നലെയെ നിഷ്പ്രഭമാക്കി പുതിയ നേട്ടം, പുതിയ വ്യക്തിത്വം ഇവ നേടിക്കൊടുക്കുവാൻ അദ്ധ്യാപകൻ വഴികാട്ടിയാകണം. ●


# Matrimonial



**മലങ്കര** കത്തോലിക്ക യുവതി തിരുവല്ല അതിരൂപത, Age 29 height 154 cm ജോലി MBA HR executive, സ്വദേശത്തോ വിദേശത്തോ ജോലിയുള്ള പോസ്റ്റുഗ്രാജുവേറ്റായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. PH:0473-5231267, 9495811267.

**മലങ്കര** കത്തോലിക്ക യുവാവ്, 26/181 ബി.ടെക് മെക്കാനിക്കൽ എഞ്ചിനീയർ മസ്ക്കറ്റിൽ ജോലി. 2 മാസം കൂടുമ്പോൾ നാട്ടിൽ വരും. നാട്ടിൽ ജോലിയുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. M4marry-4063353
PH: 2618555,9497327867


## വിവാഹ ഒരുക്ക സെമിനാർ 2014

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**
**ഫോൺ 0469-2603968, 9446270259, 9447617877**

**തീയതി: ആഗസ്റ്റ്: 5, 6, 7 - 19, 20, 21**

**സെപ്റ്റംബർ: 9, 10, 11**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.





**ഫാ. ജോസ് തൈപ്പറമ്പിൽ**
**ഡയറക്ടർ, ഫാമിലി അപ്പസ്തോലേറ്റ്**
**തിരുവല്ല അതിരൂപത**

# ശരീരമാകുന്ന ദേവാലയങ്ങൾ

നമ്മുടെ ശരീരങ്ങൾ ദൈവത്തിന്റെ ആലയങ്ങളാണ്. ദൈവത്തിന്റെ ആത്മാവ് നമ്മിൽ വസിക്കുന്നു. നിങ്ങൾ പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണ് (1 കോരി. 3:16). നമ്മൾ ചെയ്യുന്ന എല്ലാ തിന്മകളും നമ്മുടെ ശരീരമാകുന്ന ദേവാലയത്തെ അശുദ്ധമാക്കുന്നവയാണ്. അതിലെടുത്തു പറയേണ്ട തിന്മയാണ് ലഹരിയുടെ ഉപയോഗം. ഏതുതരം ലഹരിയായാലും അത് മനസ്സിനെയും ശരീരത്തെയും തകർക്കുന്നു. അതുവഴി വ്യക്തിബന്ധങ്ങളെയും കുടുംബബന്ധങ്ങളെയും സാമൂഹ്യജീവിതത്തെയും തകർക്കുന്നു. ലഹരികളിലൊന്നായ മദ്യപാനം ഇന്ന് കുടുംബ ബന്ധങ്ങളിൽ തകർച്ചകൾ സമ്മാനിക്കുന്നു. കുടുംബനാഥന്റെ മദ്യപാനം വഴി കുടുംബത്തിലുള്ളവർ വഴിയാധാരമാകുകയും ഭൂമിയിലെ നരകമായി മദ്യപാനികളുടെ കുടുംബം മാറുകയും ചെയ്യുന്നു. ഇതുവഴി എല്ലാ ബന്ധങ്ങളും ഉലയുന്നു. സാമ്പത്തികഭദ്രത തകരുകയും പട്ടിണിയും അസംതൃപ്തിയും ഭവനത്തിലുണ്ടാകുകയും ചെയ്യുന്നു. മദ്യപന്മാരുടെ ഭാര്യമാർക്കാണ് ഏറ്റവും കൂടുതൽ ശാരീരികവും മാനസികവുമായ പീഡകൾ ഏല്ക്കേണ്ടി വരുന്നത്. അതുമൂലം ദൈനംദിനമുള്ള ജീവിതസാഹചര്യങ്ങളോട് എങ്ങനെ പ്രതികരിക്കണമെന്നറിയാതെ, നിസ്സഹായതയിലും ഉത്കണ്ഠയിലും ആത്മനിന്ദയിലും നീങ്ങി നിരന്തരം മാനസിക സംഘർഷങ്ങൾ മൂലം രോഗിയായിത്തീരുന്നു.

മാതാപിതാക്കളുടെ സ്നേഹംകൊണ്ട് വളരേണ്ട കുഞ്ഞുങ്ങൾ സ്നേഹത്തിനുവേണ്ടി ദാഹിച്ചും സുരക്ഷിതത്വമില്ലാതെയും അലഞ്ഞ് പലപ്പോഴും തെറ്റായ സ്നേഹബന്ധത്തിലും അരക്ഷിതാവസ്ഥയിലും ജീവിക്കേണ്ടി വരുന്നു. അവർക്ക് വ്യക്തിമഹത്വവും അംഗീകാരവും പ്രോത്സാഹനവും ലഭിക്കാത്തതുകൊണ്ട് ഉള്ളിലാന്തരിക മുറിവുകളുമായി കഴിയേണ്ടി വരുന്നു. തന്മൂലം ഭയം, കോപം, വെറുപ്പ്, നിരാശ, ആത്മഹത്യാ പ്രവണത ഇവ അവരെ കരിനിഴൽപോലെ പിന്തുടരും. ഈ കുഞ്ഞുങ്ങൾ വഴി അടുത്ത തലമുറ പാപത്തിന്റെയും രോഗത്തിന്റെയും മടിത്തട്ടിലേക്ക് പിറന്നുവീഴുകയാണ്.


ഇതല്ല ക്രിസ്തീയ ജീവിതത്തിൽനിന്ന് ദൈവം പ്രതീക്ഷിക്കുന്നത്. യേശുവിനെ കർത്താവും ദൈവവുമായി സ്വീകരിച്ചുകൊണ്ടും അവന്റെ രക്തത്താൽ കഴുകപ്പെട്ടും ആത്മാവിൽ വ്യാപരിച്ചുകൊണ്ടും ദൈവമക്കൾക്കടുത്ത ജീവിതം നയിക്കുക. ഇതാണ് ദൈവം തന്റെ മക്കളിൽനിന്നും ആഗ്രഹിക്കുന്നത്. അതിനുവേണ്ടി വാർദ്ധക്യം വരെ കാത്തിരിക്കാതെ യൗവ്വനകാലം മുതലേ കർത്താവിനെ സ്മരിക്കണം (സഭാപ്രസംഗി 12:1).

ലഹരിയുടെ ഉപയോഗം മാറ്റണമെങ്കിൽ ഒന്നാമതായി ക്രിസ്തുവിലുള്ള വിശ്വാസം (യോഹ. 11:25), യേശു ക്രിസ്തുവിലൂടെ നാം രക്ഷിക്കപ്പെട്ടെന്നും, നമുക്ക് പുനരുത്ഥാനമുണ്ടെന്നും, അന്ത്യവിധിക്കായി ദൈവസന്നിധിയിൽ നാം നിൽക്കേണ്ടവരാണെന്നും വിശ്വസിക്കണം. ഈ ദൈവവചനം നാം അനുസരിക്കണം (യോഹ. 5:24). കർത്താവിന്റെ ശക്തിയുള്ള ഈ വചനം നമ്മെ തിന്മയുടെ അന്ധകാരശക്തിയിൽനിന്ന് വിടുവിക്കും. ദൈവവചനം നമുക്ക് ലഹരിയായി മാറും. കർത്താവിന്റെ ശരീരരക്തങ്ങൾ വിശുദ്ധിയോടും വിശ്വാസത്തോടും കൂടി ഉൾക്കൊള്ളുക. അത് നിത്യമായ ജീവൻ തരുമെന്ന് ഉറച്ച്

വിശ്വസിക്കുക (യോഹ. 6:54). കർത്താവിന്റെ തിരുശരീരവും തിരുരക്തവും ഉൾക്കൊണ്ട വ്യക്തി, കർത്താവ് ഉള്ളിലുള്ളതുകൊണ്ട് ലഹരിക്ക് അടിമപ്പെടാൻ പാടില്ല (യോഹ 6:56). എന്റെ ശരീരം ഭക്ക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാനവനിലും വസിക്കുന്നു.” മരണാനന്തര ജീവിതം മുന്നിൽക്കണ്ട് ഈ ലോകത്തിൽ ജീവിച്ചാൽ നിത്യത നൽകുന്ന ലഹരിക്ക് നാം പ്രാധാന്യം നൽകും. നമ്മുടെ മരണശേഷം നമ്മുടെ ശരീരങ്ങൾ ഉയിർപ്പിക്കപ്പെടാനുള്ളതാണെന്നും മാലാഖമാർക്കടുത്ത ജീവാവസ്ഥയിലേക്ക് നമ്മുട ശരീരങ്ങൾ രൂപാന്തരപ്പെടാനുള്ളതാണെന്നും ഉറച്ചു വിശ്വസിക്കുക. “നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പ്രത്യാഗമനത്തിൽ നിങ്ങളുടെ ആത്മാവും ശരീരവും ജീവനും അവികലവും പൂർണ്ണവുമായിരിക്കുവാൻ ഇടവരട്ടെ. നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാണ്. അവിടുന്ന് അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യും (1 തെസ്സ. 5:23). അതിനാൽ നാം ഓരോരുത്തരും സ്വന്തം ശരീരത്തെ വിശുദ്ധിയിലും മാന്യതയിലും കാത്തുസൂക്ഷിക്കണം (1തെസ്സ 4:4).

# The Bees






Flowers bloom in the morning
A group of bees come to garden
To drink sweet honey
Like bizz, bizz
In the affer noon the bees
Are ready to go to their beelives
Bees check- is every present one
And one of them says
"All are present"

In the evening they
Go to their beelive
And open their packet
And make food for the night

In the night a party in the beelive
All the bees attend the party
They sing and dance
And eat their food.


**ഉപകാര സ്മരണ**



**ഒരു വിശ്വാസി**

**താമസിച്ചതിന് ക്ഷമാപണം**

**ഉപകാര സ്മരണ**



**ഒരു വിശ്വാസി**


**താമസിച്ചതിന് ക്ഷമാപണം**

**ഉപകാര സ്മരണ**



**ഒരു വിശ്വാസി**

**ഉപകാര സ്മരണ**



**ഒരു വിശ്വാസി**

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**ഒരു വിശ്വാസി**




# മല്ലുസിംഗ്



**അഡ്വ. വിനോദ് മാത്യു വിൽസൺ**



കറന്റ് പോയാൽ വാതിൽതുറന്ന് അയൽവീട്ടുകാരന് കറന്റ് ഉണ്ടോ എന്നു നോക്കും. ഇല്ല എന്നുകണ്ടാൽ "ടീ... അപ്പുറത്തും ഇല്ല" എന്ന് ആശ്വസിച്ച് ദിവസങ്ങളോളം ഇരുട്ടത്ത് പ്രതികരിക്കാത്ത മലയാളിയാണ് എവിടെയോ കിടക്കുന്ന ഷറപ്പോവയെ ചീത്തവിളിച്ച് കരിച്ചത്. അവൾക്ക് സച്ചിനെ അറിയില്ലപോലും... സച്ചിനുപോലും പരാതിയില്ല. നമ്മള് പണ്ടേ അങ്ങനെയാ... ദേഷ്യം വന്നാൽ എന്തു ചെയ്യും. വേണമെങ്കിൽ കെ.എസ്.ആർ.ടി.സി. ബസിന് കല്ലെറിയും, ഓഫീസുകൾ തല്ലി തകർക്കും, തീവയ്ക്കും. വിലവർദ്ധനയായിട്ടും നികുതി പണമായിട്ടും ഇതിന്റെയൊക്കെ നഷ്ടം സർക്കാർ ഈടാക്കിയെടുക്കുമ്പോൾ കണ്ണുമടച്ച് കൊടുക്കുകയും ചെയ്യും.

ആരെങ്കിലും ഒന്നു ശ്രദ്ധിക്കണം. അതിന് എന്ത് തറവേലയും കാണിക്കും. കേരളത്തിൽ ഓടുന്ന ട്രെയിനുകളുടെ ബാത്ത്റൂമിൽ ഒന്നുകേറണം. വിശ്വവിഖ്യാതമായ ഡയലോഗുകൾ വായിക്കണമെങ്കിൽ വക്കീൽ ആകുന്നതിന് മുമ്പ് റേഡിയോ മാംഗാ എന്ന എഫ്.എം.ൽ റേഡിയോ ജോക്കിയായി കുറച്ചുനാൾ ജോലിചെയ്തു. അന്ന് ചെയ്ത ഒരു പ്രോഗ്രാമിന്റെ വിഷയം തന്നെ ഇതായിരുന്നു, 'ഓടുന്ന വണ്ടിയിലെ നമ്പറുകൾ'. വേണാട് ട്രെയിനിൽ നിന്നു കിട്ടിയ ഒരു നമ്പറിൽ ഞാൻ വിളിച്ചു. അങ്ങേത്തലയ്ക്കൽ ഒരു പാവം ചെറുപ്പക്കാരൻ. കൂട്ടുകാർ ആരോ കൊടുത്ത പണിയാണ്.

പ്രിയപത്നി മുംതാസിന്റെ പാവനസ്മരണയ്ക്കു മുന്നിൽ ഷാജഹാൻ പണികഴിപ്പിച്ച താജ്മഹലിന്റെ താഴികക്കുടത്തിന്റെ മുകളിലും എഴുതിവച്ചിട്ടുണ്ട്, 'അരുൺ ആലപ്പുഴ' ..... സ്കൂളിൽ പഠിക്കുമ്പോൾ കോമ്പസുകൊണ്ട് ബഞ്ചിലും ഡസ്കിലും ഒക്കെ പേര് എഴുതി ഇടും, ചുമ്മാ ശ്രദ്ധിക്കാൻ....

നെഞ്ചുറപ്പോടെ നട്ടെല്ല് നിവർത്തി പ്രതികരിക്കാൻ വേറെ ആളെ നോക്കണം. അതിന് നമ്മളെ കിട്ടില്ല. ഒരുത്തനെ വണ്ടിതണ്ടി റോഡിൽ ഇട്ടാൻ തിരിഞ്ഞു നോക്കാത്ത നമ്മൾ തീയേറ്ററിൽ കറന്റ് പോയാൽ 'കുറുക്കൻ' ആകും. ഒറ്റയ്ക്ക് എഴുന്നേറ്റ് നിന്ന് ഭാരതം എന്റെ നാടാണ്. എല്ലാ ഭാരതീയരും എന്റെ സഹോദരീ സഹോദരന്മാരാണ് എന്നു പറയാൻ മുട്ടുകൂടിയിടിക്കുന്ന മല്ലു, കൂട്ടം കൂടിയാൽ കാട്ടാനകളേക്കാളും ശൗര്യം കാണിക്കും. ഒരു കമ്പനി തുടങ്ങുന്നതിനു മുമ്പേ യൂണിയൻ ഉണ്ടാക്കി അത് പൂട്ടിക്കുന്ന ആളുകൾ അറബിനാട്ടിൽ ചെന്നാൽ 'ക്യൂബ മുകുന്ദൻ' ആകും.

ഇന്ത്യാ മഹാരാജ്യത്തിന്റെ തെക്കേ അറ്റത്ത് ഒരു വശം ചെത്തിയ പാവയ്ക്കയുടെ രൂപത്തിൽ തൂങ്ങിക്കിടക്കുന്ന കേരളം എന്ന പ്രവിശ്യയിലെ ബുദ്ധിജീവികളും സ്വയം വിമർശകരുമായ ഒരുപറ്റം ഇരുകാലികളായ മലയാളി അല്ലെങ്കിൽ മല്ലു എന്നു വിളിക്കുന്ന നമ്മുടെ പ്രതികരണത്തിന്റെ രീതികളും, വിശേഷങ്ങളും പറഞ്ഞാൽ തീരില്ല. പക്ഷേ സാമൂഹികമായും സാംസ്കാരികമായും സാമ്പത്തികമായും ഉയർന്ന വിവരവും വിദ്യാഭ്യാസവും ആരോഗ്യവും ഉള്ള ജീവിക്കാൻ കൊള്ളാവുന്ന ഏക ഇന്ത്യൻ സംസ്ഥാനമാണ് കേരളം.

അഭിമാനപൂരിതമായ മനസ്സോടെ

ഒരു പാവം മല്ലു

## ലഹരിയുടെ അമിതോപയോഗം കൗമാരക്കാരിൽ (25 – ാം പേജ് തുടർച്ച)

യാതൊരു വിലയുമില്ല. അപ്പോൾ പിന്നെ കൗമാരപ്രായത്തിലേ ഇതിനടിമയായ ഒരാളുടെ കാര്യം പറയേണ്ടതുണ്ടോ?

തലച്ചോറിന്റെ പ്രവർത്തനം കുറയുന്നതുമൂലം കുട്ടിക്ക് ശ്രദ്ധക്കുറവുണ്ടാകുന്നു. തന്മൂലം പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയില്ല. അതേപോലെ തന്നെ ഏകാഗ്രത കുറയുന്നു. അങ്ങനെ പഠന നിലവാരം കുറയുന്നു. ഇത് കുട്ടിയുടെ ഭാവിയെ തന്നെ ബാധിക്കും.

മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് കുട്ടികൾക്ക് സ്കൂൾതലം മുതലേ ബോധവത്കരണം നൽകുന്നത് ഒരു പരിധിവരെ കൊച്ചുമദ്യപാനികളുടെ എണ്ണം കുറയ്ക്കുന്നതിന് കാരണമാകും.

അതേപോലെ സമപ്രായത്തിൽ കവിഞ്ഞ കുട്ടികളുമായുള്ള സൗഹൃദം കഴിവതും ഒഴിവാക്കുക. പല സ്കൂൾ കുട്ടികളും കഞ്ചാവ് അമിതമായി ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഉത്സാഹം ഉണ്ടാക്കും, ഓർമ്മ ഉണർത്തും, സർഗാത്മകത ഉണർത്തും ഇങ്ങനെയൊക്കെ വിശ്വസിപ്പിച്ചാണ് പാവം കുട്ടികളെ കഞ്ചാവ് വലയിൽ കുടുക്കുന്നത്. താൽക്കാലികമായ സുഖാനുഭൂതികൾ നൽകി മെല്ലെ മെല്ലെ കഞ്ചാവ് മനസ്സിന്റെ ശക്തികളെ ചോർത്തിക്കളയും. സമനില തെറ്റുന്നതുപോലുള്ള അനുഭവങ്ങൾ ചിലർക്ക് ഉണ്ടാകാറുണ്ട്.

കൗമാരവും യുവത്വവും കഞ്ചാവു ലഹരിക്ക് മുങ്ങിത്താഴും മുൻപേ തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്. തിരുത്തുകയും വേണം. സ്കൂൾ ബാഗിലോ മുറിയിലോ സംശയാസ്പദമായ പൊതികൾ കണ്ടാൽ മാതാപിതാക്കൾ പരിശോധിക്കണം. കഞ്ചാവു വലിച്ചതിന്റെ അവശിഷ്ടങ്ങൾ മുറിയിലോ ടോയ്‌ലറ്റിലോ കണ്ടേക്കാം. അവർ സ്വകാര്യമായി പെരുമാറുന്ന ഇടങ്ങളിൽ കഞ്ചാവു പുകയുടെ ഗന്ധമുണ്ടാകാം. അതുപോലെ കഞ്ചാവ് ഉപയോഗിക്കുന്നവരുടെ കണ്ണ് കലങ്ങിചുവന്നിരിക്കും. ചിലർ വല്ലാത്ത വിശപ്പ് പ്രകടിപ്പിക്കും. മുറിയടച്ചുള്ള ഒറ്റയ്ക്കിരുപ്പും ടോയ്‌ലറ്റിൽ അധികസമയം ചെലവാക്കലുമെല്ലാം ഇതിന്റെ സൂചനകളാകാം. മാതാപിതാക്കൾ സ്നേഹപൂർവ്വം കുട്ടികൾക്ക് ഈ ദുശ്ശീലത്തിന്റെ അപകടത്തെപ്പറ്റി പറഞ്ഞു കൊടുക്കുക. ആവശ്യമെങ്കിൽ വിദഗ്ദ്ധ സഹായം നൽകുക.


ഏതൊരു ലഹരി വസ്തുവിലുമെന്നപോലെ കഞ്ചാവിന്റെ കാര്യത്തിലും അതിലേക്ക് പ്രേരണ നൽകുന്ന കൂട്ടായ്മ ഉണ്ടാകും. ലഹരി ലഭ്യമാകുന്ന സാമൂഹ്യ വിരുദ്ധ ശൃംഖലകളുണ്ടാകും. പലപ്പോഴും സംഘം ചേർന്നുള്ള കഞ്ചാവ് നുണയലിന്റെ ഘട്ടം കഴിഞ്ഞാവും ഒറ്റയ്ക്കിരുന്നുള്ള പരീക്ഷണങ്ങൾ. കുട്ടികൾ ഇടപെടുന്നവരിൽ പ്രത്യേകിച്ച് സമപ്രായക്കാരായ കുട്ടികളിൽ ഇത്തരം ദുശ്ശീലങ്ങൾ ഉണ്ടെങ്കിൽ കുരുക്കിൽ വീഴാനുള്ള സാദ്ധ്യത കൂടുതലാണ്. അതുകൊണ്ടുതന്നെ നമ്മുടെ കുട്ടികളുടെ ചങ്ങാതിമാർ ആരൊക്കെ എന്നുള്ള ശരിയായ വിവരം മാതാപിതാക്കൾക്ക് ഉണ്ടാകണം. ഈ പ്രശ്നത്തിൽ കുടുംബം മുഴുവൻ ജാഗ്രത പുലർത്തേണ്ട ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് എന്ന് മനസ്സിലാക്കുക.

**തലച്ചോറിന്റെ പ്രവർത്തനം കുറയുന്നതുമൂലം കുട്ടിക്ക് ശ്രദ്ധക്കുറവുണ്ടാകുന്നു. തന്മൂലം പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയില്ല. അതേപോലെ തന്നെ ഏകാഗ്രത കുറയുന്നു. അങ്ങനെ പഠന നിലവാരം കുറയുന്നു. ഇത് കുട്ടിയുടെ ഭാവിയെ തന്നെ ബാധിക്കും.**

ഒരു കുട്ടിയുടെ വ്യക്തിത്വ വികസനത്തിന് മുഖ്യ പങ്ക് വഹിക്കുന്നവരാണ് മാതാപിതാക്കൾ. അതുപോലെ തന്നെ അദ്ധ്യാപകരും സമൂഹവും. സ്നേഹത്തിലൂടെ ആരെയും കീഴടക്കാം. അതുകൊണ്ട് അദ്ധ്യാപകരും കുട്ടികളും തമ്മിലുള്ള ബന്ധം ആ രീതിയിൽ ആവണം. എപ്പോഴും വഴക്കുപറയുന്ന അല്ലെങ്കിൽ ശിക്ഷിക്കുന്ന അദ്ധ്യാപകരെ കുട്ടികൾ ഇഷ്ടപ്പെടുന്നില്ല. പകരം കുട്ടികളോട് സ്നേഹത്തോടും കരുണയോടും കൂടി പെരുമാറിയാൽ അതവരുടെ സ്വഭാവത്തിന് കാതലായ മാറ്റം ഉണ്ടാക്കിയെടുക്കാൻ സഹായകമാകും. ഒരദ്ധ്യാപകൻ വിദ്യ പറഞ്ഞു കൊടുക്കുന്ന ഒരാൾ മാത്രം ആയാൽ പോരാ. പകരം കുട്ടികളുടെ സുഹൃത്തും കൂടി ആകണം. അതുപോലെ തന്നെ സ്കൂളുകളിൽ പരമാവധി കലാകായിക അഭ്യാസങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള പഠനരീതി അവലംബിച്ചാൽ അത് കുട്ടിയുടെ വ്യക്തിത്വ വികസനത്തിനും സ്വഭാവരൂപീകരണത്തിനും സഹായകമാവുകയും അതുവഴി നാളേക്കായി നല്ലൊരു പൗരനെ വാർത്തെടുക്കാൻ കഴിയും.

മതപരമായ കാര്യങ്ങൾ കുട്ടിയെ പഠിപ്പിച്ച് കൊടുക്കുന്നതിന് രക്ഷകർത്താക്കൾ കൂടുതൽ പ്രാധാന്യം നൽകാൻ ശ്രമിക്കണം. കാരണം, എന്തെങ്കിലും കാരണവശാൽ ആ കുട്ടി വഴിതെറ്റി പോകാനിടയായാൽ അവന്റെ ഉപബോധമനസ്സിലുള്ള വിശ്വാസം അവനെ പിൻ തിരിഞ്ഞ് ചിന്തിക്കാൻ പ്രാപ്തനാക്കുകയും തന്മൂലം കുട്ടി ആ തെറ്റിൽ വഴുതി വീഴാതിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തുകയും ചെയ്യും.

ഇങ്ങനെയുള്ള രീതികൾക്കെല്ലാം മുൻതൂക്കം നൽകികൊണ്ട് മുൻപോട്ട് പോവുകയാണെങ്കിൽ തീർച്ചയായിട്ടും ശരിയും തെറ്റും തിരിച്ചറിഞ്ഞ് സമൂഹത്തിന് നന്മ ചെയ്യുന്ന ഉത്തമ പൗരനായി വളർന്നുവരാൻ ആ കുട്ടിക്ക് സാധിക്കും.



# സഭയിലെ പ്രതീകങ്ങൾ, മെത്രാന്മാരുടെ അംശവസ്ത്രങ്ങൾ

ജിജു കറുത്തപുരയ്ക്കൽ
ചങ്ങനാശ്ശേരി.

## ആമുഖം

യഹൂദസഭയിൽ ലേവ്യർക്കും ആചാര്യർക്കും പ്രധാന ആചാര്യനും പ്രത്യേക സ്ഥാന വസ്ത്രങ്ങൾ ഉണ്ടായിരുന്നു എന്ന് (പുറപ്പാട് 28:1-43; 39:1-43; ലേവ്യ 8:1-13) ലൂടെയും വ്യക്തമാക്കുന്നു.

ക്രൈസ്തവ സഭയിലെ ശമ്മാശന്മാർക്കും പട്ടക്കാർക്കും മേൽപട്ടക്കാർക്കും പ്രത്യേകം പ്രത്യേകം അംശവസ്ത്രങ്ങളുണ്ട്. ദൈവത്തിൽനിന്ന് അധികാരം ലഭിക്കാതെ സ്വന്തം നിലയിൽ ഒന്നും ചെയ്യാൻ അധികാരമില്ല എന്നു സൂചിപ്പിക്കത്തക്കവണ്ണം അംശവസ്ത്രങ്ങൾ ധരിച്ചിട്ടേ വൈദികസ്ഥാനികർ കൂദാശയും മറ്റ് ശുശ്രൂഷകളും അനുഷ്ഠിക്കുകയുള്ളു. ശത്രുവിന്റെ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ആത്മീയ സമരത്തിൽ ധരിക്കുന്ന ദൈവത്തിന്റെ ആയുധങ്ങളാണ് (എഫേ 6:10-17) അംശവസ്ത്രങ്ങൾ എന്ന് അവ ധരിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനകൾ വ്യക്തമാക്കുന്നു.

ഏ.ഡി 37നും ഏ.ഡി 107നും ഇടയിൽ ജീവിച്ചിരുന്ന സഭാപിതാവായ അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്, മെത്രാനെക്കുറിച്ച് എഴുതിയിരിക്കുന്നത് മെത്രാൻ സത്യസഭയുടെ പ്രതീകം ആണ് എന്നാണ്. അന്ത്യോക്യൻ പാരമ്പര്യം ഉൾക്കൊള്ളുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ആരാധനാക്രമം, പ്രതീകങ്ങളാൽ സമ്പന്നമാണ്. ഇവയുടെ അർത്ഥം മനസ്സിലാക്കിയാൽ വിശുദ്ധ കുർബാനയിലൂടെയും മറ്റ് കൂദാശകളിലൂടെയും സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിവരുന്നത് നമ്മുക്ക് അനുഭവവേദ്യം ആകും. സഭയിലെ മേൽപട്ടക്കാരുടെ അംശവസ്ത്രങ്ങളുടെ ദൈവവചന അടിസ്ഥാനം മനസ്സിലാക്കുന്നത് ദൈവം സ്ഥാപിച്ച്, വഴി നടത്തുന്ന ഈ സഭയേയും, ഈ സഭയിലെ അപ്പസ്തോല ഗണത്തിന്റെ പിൻതുടർച്ചയേയും മനസ്സിലാക്കാനും ഈ സഭയെ സ്നേഹിക്കാനും സഹായിക്കും.

1. **മസ്നപ്സ** - (കുബഊനോ) മലങ്കരയിൽ പൊതുവെ പ്രചാരത്തിലിരിക്കുന്ന പേര് മസ്നപ്സ എന്നാണെങ്കിലും സന്യാസികളുടെ ശിരോവസ്ത്രത്തിന്റെ പേര് 'കുബഊനോ' എന്നാകുന്നു. യേശു മിശിഹായെ സൂചിപ്പിക്കാൻ വലിയ ഒരു കുരിശും അപ്പസ്തോലന്മാരെ സൂചിപ്പിക്കാൻ 12 ചെറിയ കുരിശുകളും ഇതിൽ അടയാളപ്പെടുത്തിയിരിക്കുന്നു. മസ്നപ്സ പരിത്യാഗത്തിന്റെയും തപസ്സിന്റെയും ജീവിതത്തെ സൂചിപ്പിക്കുന്നു.

മസ്നപ്സ മെത്രാന്റെ വേഷമല്ല. പുരതനകാലം മുതൽതന്നെ മെത്രാൻമാർ സന്യാസികളായിരുന്നതുകൊണ്ട് അവരും മസ്നപ്സ അണിയുന്നു. മെത്രാൻ സന്യാസിയാണ് എന്നതിന്റെ പ്രതീകമാണ് ഇത്. നമ്മുടെ പാരമ്പര്യം അനുസരിച്ച് സന്യാസിമാരാണ് മെത്രാന്മാർ ആവുക. സന്യസ്ഥരല്ലാത്ത വൈദികർ മെത്രാന്മാരകുവാൻ തെരഞ്ഞെടുക്കപ്പെട്ടാൽ മെത്രാൻപട്ടം നൽകുന്നതിനുമുമ്പായി റമ്പാൻ (സന്യാസി) പദവി നൽകുന്നു. സർവ്വസംഗ പരിത്യാഗികളായി യേശുമിശിഹായിക്കായി ഇറങ്ങിത്തിരിച്ച ശ്ലീഹൻമാരുടെ പിൻതുടർച്ചക്കാരായ മെത്രാന്മാർ സഭയുടെ വളർച്ചയ്ക്കായി വേർതിരിക്കപ്പെട്ടവരും ആദ്ധ്യാത്മിക ഗുരുക്കന്മാരും ദൈവത്തിൽ മാത്രം പ്രത്യാശ വെച്ചവരും ആയിരിക്കണമെന്ന സൂചനയാണ് മസ്നപ്സ ധരിപ്പിക്കുന്നതിലൂടെ മലങ്കര സഭ അർത്ഥമാക്കുക.

2. **ശീലമുടി** - കൂദാശയുടെ അവസരത്തിൽ മാത്രം മേൽപ്പട്ടക്കാർ ശിരസ്സിൽ ധരിക്കുന്ന അംശവസ്ത്രമാണ് ശീലമുടി. മഹാപുരോഹിതനായ മോശയുടെ മൂടുപടം (പുറപ്പാട് 34:33-35; 2 കോറി 3:13-18) ശീലമുടിയുടെ ദൈവവചന ശ്രോതസ്

കാണിക്കുന്നു. ഇതിലുള്ള പ്രാവിന്റെ രൂപം പരിശുദ്ധാത്മ കൃപയുടെ പൂർണ്ണത മേൽപ്പട്ടക്കാരിൽ സ്ഥിതി ചെയ്യുന്നു എന്നതിനെ കാണിക്കുന്നു. പെന്തിക്കോസ്തി ദിവസം ശ്ലീഹന്മാർക്ക് ലഭിച്ച പരിശുദ്ധാത്മാവ് ശ്ലൈഹിക പിൻതുടർച്ചവഴി മെത്രാന് ലഭിച്ചിരിക്കുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു.

വിശുദ്ധ കുർബാനയിൽ ഏവൻഗേലിയോൻ വായനയുടെ അവസരത്തിലും അനാഫൊറയിലെ ശോശപ്പ ആഘോഷത്തിനുശേഷം മെത്രാൻ ശീലമുടികൊണ്ട് ശിരസു മൂടാറില്ല. എന്നാൽ കുക്കിലിയോനുകളുടെ സമയത്ത് ശിരസ്സ് മൂടുന്നു.

പത്തു കല്പനകൾ എഴുതിയ കല്പലകകൾ എടുത്തു സീനായി മലയിൽനിന്നും ഇറങ്ങിവന്ന മോശയുടെ മുഖം ഒരു മൂടുപടംകൊണ്ട് മൂടുകയും ചെയ്തതായി (പുറ 34:33-35)ൽ കാണുന്നു. വിശുദ്ധ കുർബാനയിൽ വിശുദ്ധ രഹസ്യങ്ങളെ കൈകാര്യം ചെയ്യുമ്പോൾ മേൽപ്പട്ടക്കാരൻ ശീലുമടി നീക്കുകയും തിരിഞ്ഞ് ജനത്തെ സംബോധന ചെയ്യുമ്പോൾ ശീലമുടി ഇട്ട് മുഖം മൂടുകയും ചെയ്യുന്നു.

**3. പത്രസിൻ -** (ഊറാറോ റാബോ) വലിയ ഊറാറ, കാപ്പയുടെ മുകളിൽ അണിയുന്നതും മുൻപിലും പിൻപിലുമായി കഴുത്തു മുതൽ കാൽപാദം വരെ നീണ്ടുകിടക്കുന്നതുമായ വലിയ 'ഹമ്നിക്കോ'യാണ് പത്രസിൻ. ഇസ്രായേലിലെ 12 ഗോത്രങ്ങളുടേയും പേരെഴുതി പൂർവ്വ പിതാവായ അഹ്റോൻ നെഞ്ചിൽ ധരിച്ചിരുന്ന (പുറ 28:6-12) സ്ഥാനവസ്ത്രത്തെ ഇത് സൂചിപ്പിക്കുന്നു. മേൽപ്പട്ടക്കാരൻ വിശുദ്ധ കൂദാശകളുടേയും കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയുടെ സത്യവിശ്വാസത്തിന്റെയും കാവൽക്കാരനാണന്നും വിശുദ്ധ ശുശ്രൂഷകളുടെ നടത്തിപ്പിൽ മേൽപ്പട്ടക്കാരൻ നായകനാണെന്നും സഭയ്ക്ക് ഭരണകർത്താവാണെന്നും പത്രസിൻ സൂചിപ്പിക്കുന്നു.

പത്രസിന് റോമൻ സഭയിലെ "പാലിയ"ത്തോട് സാമ്യമുണ്ട്. കുരിശുകൾ, ലതകൾ എന്നിവയുടെ ചിത്ര തയ്യലുകൾക്കുപുറമേ മേൽപ്പട്ടക്കാരൻ നല്ല ഇടയനായ യേശുമിശിഹായുടെ പ്രതിനിധിയാണെന്ന് സൂചിപ്പിക്കുന്ന കുഞ്ഞാടിന്റെ ചിത്രവും പത്രസിന്മേൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.മറ്റ് തിരുവസ്ത്രങ്ങളുടെ കാര്യത്തിലെന്നപോലെ തന്നെ പത്രസിൻ ധരിക്കുമ്പോഴും പ്രാർത്ഥനയുണ്ട്. (സങ്കീർത്തനം 27:5) പ്രകാരമുള്ള പ്രാർത്ഥനയിൽ ഈ വസ്ത്രം ധരിക്കുന്ന വ്യക്തിയും ദൈവവുമായുള്ള പ്രത്യേക ബന്ധവും അവിടുത്തോടുള്ള വിശ്വസ്തതയും ശത്രുക്കളുടെ മേലുള്ള വിജയവും വ്യക്തമാക്കുന്നു.

**4. കുരിശുമാല-** ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രതീകമാണ് മാറിൽ ധരിക്കുന്ന സ്ളീബാ. "നിന്നാൽ വൈരികളെ തള്ളിയിട്ടും..." എന്ന സങ്കീർത്തനം ചൊല്ലിക്കൊണ്ടാണ് സ്ളീബാ ധരിക്കുക. സ്വർണ്ണം, വജ്രക്കല്ലുകൾ എന്നിവകൊണ്ട് കുരിശുകൾ നിർമ്മിക്കാറുണ്ട്. ഇത് മെത്രാന്റെയോ സഭയുടെയോ പ്രൗഡിയല്ല, പിന്നെയോ ഉദ്ദിതനും രക്ഷകനും സർവ്വ ചരാചരങ്ങളുടെയും സൃഷ്ടാവുമായ യേശുമിശിഹുയുടെ പ്രതിരൂപം ആയതുകൊണ്ടാണ്.

**5. മോതിരം -** വിശ്വസ്തതയുടെ അടയാളമാണ് ഇത്. മെത്രാൻ തന്റെ രൂപതയുമായി വിവാഹ ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നു എന്നതിനെ മോതിരം സൂചിപ്പിയ്ക്കുന്നു.

**6. അംശവടി -** മെത്രാന്റെ ഇടയസ്ഥാന ചിഹ്നങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്നാണ് അംശവടി. ആടുകളെ മേയിക്കുന്ന ഇടയൻമാർ അവരുടെ കൃത്യനിർവ്വഹണത്തിന് അറ്റം വളഞ്ഞ നീണ്ട വടികൾ ഉപയോഗിക്കാറുണ്ട്. അജപാലന ദൗത്യം നിർവ്വഹിക്കുന്ന മെത്രാന്മാർ, (അപ്പ 20:28; 1 പത്രോ 5: 3) അംശവടി ഉപയോഗിക്കുന്നു. മോശയുടേയും (പുറ 4:2-3) അഹറോന്റെയും (പുറ 7:10) വടികൾ ഇതിന്റെ പ്രതിരൂപമാണ്. ദൈവം മോശയ്ക്ക് നൽകിയ അധികാരത്തിന്റെ അടയാളമായിരുന്നു താൻ അത്ഭുതങ്ങൾ കാണിക്കുവാൻ ഉപയോഗിച്ച വടി (പുറ 4:17). അഹറോന്റെ തളിർത്ത വടിയായും ഇതിനെ വ്യാഖ്യാനിച്ചിരിക്കുന്നു. (സംഖ്യ 17:8) (ഹെബ്രാ 9:4). സർപ്പദംശനത്തിൽനിന്നും രക്ഷനേടുവാനായി ഇസ്രായേൽ മക്കൾ മരുഭൂമിയിൽവച്ച് ഉയർത്തിയ പിച്ചള സർപ്പത്തേയും (സംഖ്യ 21:8) അംശവടിയിലെ സർപ്പത്തലകൾ സൂചിപ്പിയ്ക്കുന്നു. മറ്റൊരു വ്യാഖ്യാനം മോശയുടെ വടി ഫറവോന്റെ മുമ്പിൽവച്ച് സർപ്പമായി മാറിയതിനെ (പുറ 7:9) സൂചിപ്പിക്കുന്നതാണ് ഈ സർപ്പത്തലകൾ എന്നും കാണുന്നു. അംശവടി കയ്യിൽ എടുക്കുമ്പോൾ "നിന്റെ ബലമുള്ള ചെങ്കോൽ യഹോവ സീയോനിൽനിന്ന് നീട്ടും" (സങ്കീ 110:2) എന്ന് പറയുന്നതിൽ നിന്നും, ഈ വടി യേശുമിശിഹായുടെ രാജത്വത്തിൽ തങ്ങൾക്ക് ലഭിച്ചിരിക്കുന്ന അധികാരത്തിന്റെ ചിഹ്നമായും വ്യാഖ്യാനിക്കപ്പെടുന്നു.

പുരാതനകാലത്ത് സന്യാസമഠാധിപന്മാരായ പട്ടക്കാരും അംശവടി ഉപയോഗിച്ചിരുന്നു. സർപ്പത്തിന്റെ തലയുടെ രൂപമോ, സർപ്പത്തിന്റെ തലയുടെ മുകളിൽ സ്ളീബാ കൂടിയുള്ളതോ, രണ്ട്


രോഗശമനത്തിന്
ഉപകാരസ്മരണ



മേഴ്സി, പറപ്പള്ളിൽ

ഉപകാര സ്മരണ



ഒരു വിശ്വാസി



**മെത്രാൻ ആശീർവാദം നൽകുന്ന അവസരത്തിൽ സ്ളീബാ ഉപയോഗിക്കുന്നു. സ്ളീബ ഉദ്ധിതനായ യേശുവിന്റെ പ്രതീകമാണ്. പല പൗരസ്ത്യ സഭകളും സ്ളീബാ എന്ന് ഉച്ചരിക്കാതെ മാർ സ്ളീബ എന്നാണ് സം ബോധന ചെയ്യുക.**

സർപ്പങ്ങൾ മുഖത്തോടുമുഖം ആയിരിക്കുന്നതും അതിനു മുകളിൽ സ്ളീബാ ഉള്ളതുമായ അംശവടി മെത്രാന്മാർ തങ്ങൾക്ക് സഭയിലെ ഉത്തരവാദിത്വം അനുസരിച്ച് ഉപയോഗിക്കുന്നു. ദൈവജനത്തെ നയിക്കുന്നവർ എന്ന നിലയിൽ മെത്രാന്മാർ ''സർപ്പങ്ങളെപ്പോലെ വിവേകമുള്ളവരായിരിക്കണം'' എന്ന യേശുമിശിഹായുടെ വാക്കുകളെയാണ് അംശവടിയുടെ മുകളിലുള്ള സർപ്പത്തിന്റെ തല അനുസ്മരിപ്പിക്കുന്നത് എന്നും പിതാക്കന്മാർ വ്യാഖ്യാനിക്കുന്നു. ശത്രുക്കളെ ജയിക്കുന്നതിനും പുറത്താക്കുന്നതിനു മുള്ള രാജകീയ ചെങ്കോലായി ഇത് സൂചിപ്പിക്കുന്നുവെന്ന് അംശവടി കൈയ്യിലെടുക്കുമ്പോൾ മെത്രാൻ ചൊല്ലുന്ന പ്രാർത്ഥന വ്യക്തമാകുന്നു. മെത്രാനെ വാഴിക്കുമ്പോൾ മറ്റ് മെത്രാന്മാർ ചേർന്ന് സ്ഥാനാർത്ഥിയെ അംശവടി പിടിപ്പിക്കുന്നത് പ്രധാനപ്പെട്ട ഒരു കർമ്മമാണ്. അതിനുശേഷം നവാഭിഷിക്തൻ ജനങ്ങളെ ആശീർവദിക്കുന്നത് അംശവടി ഉയർത്തിയാണ്.

**7. കൈയിലെ സ്ളീബാ** – മെത്രാന്മാർ കൈയിലെടുക്കാറുള്ള സ്ളീബാ സാത്താനെ ജയിക്കുവാനുള്ള ആയുധമായി കണക്കാക്കപ്പെടുന്നു. മെത്രാൻ ആശീർവാദം നൽകുന്ന അവസരത്തിൽ സ്ളീബാ ഉപയോഗിക്കുന്നു. സ്ളീബ ഉദ്ധിതനായ യേശുവിന്റെ പ്രതീകമാണ്. പല പൗരസ്ത്യ സഭകളും സ്ളീബാ എന്ന് ഉച്ചരിക്കാതെ മാർ സ്ളീബ എന്നാണ് സംബോധന ചെയ്യുക. കൈയ്യിൽപിടിക്കുന്ന സ്ളീബായും സ്വർണ്ണമോ വജ്രമോ ഉപയോഗിച്ച് നിർമ്മിക്കുന്നു. ഇത് സഭാദ്ധ്യക്ഷന്റെയോ സഭയുടെയോ പ്രൗഡിയല്ല കാണിക്കുന്നത്. പ്രത്യുത ഉദ്ധിതനായ മിശിഹായുടെ പ്രതീകമാണ്.

ഇത് അതേപോലെ തുടരുന്നത് അർത്ഥവത്താണ്. ശത്രുക്കൾക്ക് എതിരായ ആയുധവും വിജയത്തിന്റെ ആയുധവും ആണ് മാർ സ്ളീബാ എന്ന് സ്ളീബാ കൈയ്യിലെടുക്കുമ്പോൾ മെത്രാൻ ചൊല്ലുന്ന പ്രാർത്ഥന വ്യക്തമാക്കുന്നു. 1884–ൽ ഫ്രാൻസിൽ ജനിച്ച്, പരിശുദ്ധ കത്തോലിക്ക സഭയിലെ പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ ആയിരുന്ന്, 1953ൽ കേരള സന്ദർശനം നടത്തിയ കർദ്ദിനാൾ ടിസറാങ്ങ് പിതാവ്, മലങ്കര സഭയെക്കുറിച്ച് പറഞ്ഞ പ്രശസ്തമായ ഒരു വാക്യം ഉണ്ട്. ''ഞാൻ ഈ സഭയെ സ്നേഹിക്കുന്നു. കാരണം എനിക്ക് ഇതിന്റെ പാരമ്പര്യം അറിയാം''.

സഭയെ അറിയുന്നതിലൂടെ യേശു മിശിഹായെയാണ് നാം സ്നേഹിക്കുക. കാരണം യേശു മിശിഹായുടെ തുടർച്ചയാണ് സഭ. ഈ ഒരു തിരിച്ചറിവ് സഭയെക്കുറിച്ചുള്ള ആഴമായ പഠനത്തിലേക്ക് നയിക്കട്ടെ എന്ന് ആശംസിക്കുന്നു. ●


**ഉപകാര സ്മരണ**



**ഒരു വിശ്വാസി**

**ഉപകാര സ്മരണ**



**ഒരു വിശ്വാസി**

**ഉപകാര സ്മരണ**



**ഒരു വിശ്വാസി**

**ഉപകാര സ്മരണ**



**ഒരു വിശ്വാസി**

**രോഗശമനത്തിന് ഉപകാരസ്മരണ**



**മേഴ്സി, പറപ്പള്ളിൽ**

**രോഗശമനത്തിന് ഉപകാരസ്മരണ**



**മേഴ്സി, പറപ്പള്ളിൽ**

# അത്തി


**സിജി മാത്യു,ബോധന, തിരുവല്ല.**
(പരിസ്ഥിതി പ്രവർത്തകൻ)



ഔഷധസസ്യങ്ങൾ ഭൂമിയുടെ വരദാനവും അനുഗ്രഹവും ആണ്. അതിനെ തിരിച്ചറിഞ്ഞ് സംരക്ഷിക്കുന്നത് നമ്മുടെ സംസ്കാരവും. ഒരു പ്രകൃതിരമണീയ ഔഷധസസ്യ തോട്ട നിർമ്മാണത്തിൽ ഒരു ഔഷധച്ചെടിയെക്കൂടി പരിചയപ്പെടാം.


നാല്പാമരത്തിലെ ഒരു ഔഷധമാണ് അത്തി. അത്തി, ഇത്തി, പേരാൽ, അരയാൽ എന്നിവയാണ് നാല്പാമരം. അത്തിമരത്തെ വിശ്വാസത്താലുള്ള സംരക്ഷണം കൊടുത്ത് വളർത്തുന്നവരാണ് നമ്മൾ ചിലരെങ്കിലും. ഒരിക്കലും കണ്ടിട്ടില്ലാത്തവർപോലും അത്തിമരം തേടി നേഴ്സറികളിൽ ചെല്ലുന്ന കാഴ്ചകൾപോലും ഇന്നു കാണുവാൻ സാധിക്കുന്നു. പടർന്നു നിരവധി ശാഖകളോടുകൂടി വളരുന്ന അത്തിവൃക്ഷത്തിന്റെ ചുവട്ടിലായി അതിന്റെ കായ്കൾ കാണാം. ഈ വൃക്ഷം വളരെ ഔഷധമൂല്യങ്ങൾ ഉള്ളതാണെന്നുള്ള കാര്യവും നമ്മൾ ഓർക്കേണം. തണലിനു വേണ്ടിയും ഭംഗിക്കുവേണ്ടിയും വിശ്വാസഭാഗമായും അത്തിയിന്ന് പ്രചാരം നേടിയിട്ടുണ്ടെങ്കിലും ഇന്നിന്റെ ചില തലമുറകൾ ഇതിന്റെ ഗുണങ്ങൾ തിരിച്ചറിയാതെ പോകുന്നു. കോലരക്ക് നിർമ്മാണ ആവശ്യത്തിനായി അത്തിയെ അതിഥി വൃക്ഷമായി ഉപയോഗിക്കുന്നതായി പറയപ്പെടുന്നു. കൂടാതെ തന്നെ അത്തിയുടെ ഔഷധ ഗുണങ്ങൾ നമ്മളെ അത്ഭുതപ്പെടുത്തുന്നു. അത്തിമരത്തിന്റെ തോലും ഇലയും പഴവും എല്ലാം ഔഷധമൂല്യമുള്ളതും ആയുർവേദ ഔഷധ നിർമ്മാണത്തിന് ഉപയോഗിച്ചുവരുന്നതുമാണ്. അത്തിപ്പഴം പിത്തത്തെയും നീരിനെയും ശമിപ്പിക്കുന്നത് മാത്രമല്ല, അത്യാർത്തവം, രക്തം ചുമച്ചു തുപ്പൽ, വായ്പുണ്ണ് എന്നീ രോഗങ്ങൾക്ക് അത്തിപ്പഴം തേൻ ചേർത്ത് സേവിക്കുന്നത് അത്യുത്തമമാണ്. മനുഷ്യശരീരത്തിലെ ആന്തരിക അവയവങ്ങൾക്കുണ്ടാകുന്ന തടസ്സങ്ങൾക്ക് അത്തിപ്പഴം വേവിച്ചു കഴിക്കുന്നത് ഉത്തമമാണ്. ഹൃദയത്തിലേക്കുള്ള രക്തപ്രവാഹത്തിന്റെ തടസ്സങ്ങളെ നീക്കുവാൻ അത്തിപ്പഴം ഔഷധമായി ഉപയോഗിക്കുന്നു. പ്രമേഹരോഗികൾക്ക് അത്തിമരത്തിന്റെ വെള്ളം(അത്തമരത്തിന്റെ ചുവട്ടിൽ മുറിവുണ്ടാക്കി 12 മണിക്കൂർകൊണ്ട് ശേഖരിക്കുന്ന വെള്ളം) ശുദ്ധ ജലവുമായി ചേർത്ത് കഴിക്കുന്നത് പ്രമേഹത്തെ കുറയ്ക്കുവാൻ സാധിക്കുന്നു. ദിവ്യഔഷധമായി കാണുന്നു. മോണപഴുപ്പിന് അത്തിമരത്തോലും ഇലയുമിട്ട് കഷായംവച്ച് കുലുക്കുഴിഞ്ഞാൽ ശമനം കിട്ടും. അത്യാർത്തവത്തിനും ഗർഭാശയ അർബുദങ്ങൾക്കും എല്ലാം അത്തിമരത്തോൽ ഔഷധമായി ഉപയോഗിക്കുന്നു. ഇത്രയേറെ ഔഷധഗുണങ്ങൾ ഉള്ള ഈ അത്തിമരം ദൈവത്തിന്റെ സൃഷ്ടിയിൽവച്ച് പ്രകൃതിയുടെ വരദാനമാണ്. ഈ മരങ്ങളെയും ഔഷധച്ചെടികളെയും നമ്മുടെ ഔഷധതോട്ടത്തിൽ പരിപാലിക്കുന്നവരായി നമ്മൾക്ക് മാറാം.

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങ യെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മേരിക്കുട്ടി, കണ്ടത്തിൽ**



# പ്രബോധനം

## തിരുവചനത്തിന്റെ പുനർവായന

മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...


**2014 ആഗസ്റ്റ് 3 ഞായർ, പെന്തിക്കോസ്തിക്ക് ശേഷം എട്ടാം ഞായർ സണ്ടേസ്കൂൾ ദിനം**

**മത്തായി 19:1-12, കോരി 7:1-7**

പരാമൃഷ്ടമായ വേദഭാഗത്ത് രണ്ട് ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളുമാണുള്ളത്. (1) വിവാഹം അവിഭാജ്യമാണോ അഥവാ ഭാര്യാഭർത്തൃബന്ധം വേർപെടുത്താമോ? (2) അങ്ങനെയെങ്കിൽ മോശയുടെ വിധി തെറ്റല്ലേ?

ദൈവികനിയമം ഭാര്യാഭർത്താക്കന്മാർ സ്നേഹത്തിലും ഐക്യത്തിലും ഒരു ശരീരം കണക്കെ ഒരുമയോടെ ജീവിക്കണമെന്നുള്ളതാണ്. മനുഷ്യൻ വേർപെടുത്തരുതാത്ത ഒരു ജീവിതചര്യയാകണം ഭാര്യാഭർത്തൃ ജീവിതം. പൂർണ്ണവും ആധികാരികവും സംശയത്തിനിട നൽകാത്തതുമാണ് യേശുവിന്റെ ഉത്തരം. വിവാഹബന്ധം അവിഭാജ്യമാണ്.

തങ്ങളുടെ സാമൂഹ്യജീവിതത്തിൽ വിവാഹമോചനം നിലവിലുണ്ടായിരുന്നതിനാൽ ഫരിസേയർക്ക് ഉത്തരം തൃപ്തി നൽകിയില്ല. നിയമാവർത്തനപ്പുസ്തകം 24-ാം അദ്ധ്യായമാരംഭിക്കുന്നത് ഇഷ്ടമില്ലെങ്കിൽ ഏതുകാരണവും പറഞ്ഞ് ഭാര്യയെ ഒഴിവാക്കാമെന്നാണ്. റബ്ബി ഷമ്മായി വ്യഭിചാരത്തിന് എന്ന കർക്കശ നിലപാടെടുത്തപ്പോൾ, റബ്ബി ഹില്ലേലിന്റെ പഠിപ്പിക്കലനുസരിച്ച് ഏതു അനിഷ്ടത്തിനും ഉപേക്ഷണ പത്രമെഴുതാമെന്ന ഉദാരമായ നിലപാടായിരുന്നു. അതിനാൽ യഹൂദരുടെ ഇടയിൽ വിവാഹമോചനം പതിവായിരുന്നു. അത് പുരുഷാധിപത്യവും ഏകപക്ഷീയവുമായിരുന്നു. യേശു ഈ രണ്ട് വ്യാഖ്യാനങ്ങളെയും നിരാകരിച്ചു.



ദൈവഹിതം അതല്ല എന്നാണ് യേശുവിന്റെ നിലപാട്. പഴയ നിയമത്തിന് പുതുമയാർന്നതും പൂർണ്ണവുമായ വ്യാഖ്യാനം നൽകുകയാണ് യേശു. ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്ത് കല്പന ലംഘനത്തിൽ പെടുന്നു എന്ന മർക്കോസും (10:11-12) ലൂക്കോസും (16:18) വ്യക്തമാക്കുന്നു. ഉപേക്ഷിക്കപ്പെട്ട ഭാര്യ പുനർവിവാഹിതയായാൽ അവളും വ്യഭിചാരം ചെയ്യുന്നു. ഒരു വിവാഹമോചനം നാലുപേരുടെ പ്രമാണലംഘനത്തിന് കാരണമാകുന്ന ഗൗരവതരമായ കുറ്റമായിട്ടാണ് യേശു കാണുന്നത്. വിവാഹബന്ധം അവിഭാജ്യമെന്ന നിലപാടിനാധാരമായത് സാമൂഹികമായ ഈ അപഭ്രംശമാണ്. വിവാഹത്തിന്റെ അവിഭാജ്യതയും വിവാഹബന്ധത്തിന്റെ വിശുദ്ധിയും ഒരുപോലെ യേശു ഉയർത്തിപ്പിടിക്കുന്നു.

ഈ ദൈവിക കാഴ്ചപ്പാട് ആധുനിക ലോകത്തിൽ നഷ്ടപ്പെടുന്നു. ദുഃഖകരമായ കാഴ്ച നമ്മെ വേദനിപ്പിക്കുന്നു. സ്വാഭാവിക നിയമങ്ങളും ദൈവിക നിയമങ്ങളും അതിസ്വാഭാവിക കാഴ്ചപ്പാടുകളും ജഡമോഹത്തിന്റെയും സുഖലോലുപതയുടെയും പേരിൽ നഷ്ടപ്പെടുത്തുന്ന മനുഷ്യന്റെ എക്കാലത്തെയും ആത്യന്തിക ദുരന്തമാണിത്. വിസ്താരമേറിയ നാശത്തിന്റെ വീഥിയിലൂടെ പ്രയാണം തുടരുന്നതിന്റെ ഫലമാണിത്. മോശ അങ്ങനെ പറയേണ്ടിയിരുന്നില്ല എന്നാണ് യേശുവിന്റെ പക്ഷം.

ആസ്വാദ്യമായ പഴം കണ്ണിനു കൗതുകമെന്ന് തോന്നലുണ്ടായപ്പോൾ ആദ്യമാതാവിന് ചുവടുപിഴച്ചു. അത് വ്യതിചലനം - വ്യഭിചാരം - എന്ന് ആദ്യപുസ്തകം (ഉല്പ.3:6) പഠിപ്പിക്കുന്നു. പൂർവ്വയൗസേഫ് വടിവൊത്ത ശരീരമുള്ളവനും സുമുഖനുമായിരുന്നു. അവനിൽ അഭിലാഷം തോന്നിയ യജമാനഭാര്യ, അവിഹിതത്തിന് നിർബന്ധിച്ചപ്പോഴും, എല്ലാ അനുകൂല സാഹചര്യമുണ്ടായിട്ടും അവൻ വഴങ്ങിയില്ലെന്നത് ഉദാത്ത മാതൃകയാണ് (ഉല്പ.39:7). ഇച്ഛാശക്തി പുലർത്താൻ വിവേകവും ദൈവാത്മാവുമുള്ള മനുഷ്യനു കഴിയണം എന്നു പഠിപ്പിക്കാനാകണം ഈ സംഭവം വിവരിച്ചിരിക്കുന്ന

ത്. ഇസ്രായേൽ സംസ്കാരം പുരോഗമിക്കുന്നത് ഈ ഗോത്രപിതാവിലൂടെയാണ്. സുഭാഷിതഗ്രന്ഥം ആവർത്തിച്ചു പറയുന്നു - നിന്റെ ഉറവയിൽനിന്നു മാത്രമേ കുടിക്കാവൂ (സുഭാ. 5:3-14; 6:24-35; 7:5-27).


മഹാകവി ടാഗോറിന്റെ നസ്തേനീർ (തകർന്ന കിളിക്കൂട്) എന് നോവലിലെ ചാരുലത ആധുനീക തയുടെ ഒരു പര്യായമാണ്. അസംതൃപ്തമായ, സ്നേഹത്തിനായി കേഴുന്ന, സ്വാതന്ത്ര്യം കൊതിക്കുന്ന സ്ത്രീയുടെ അമർത്തിപ്പിടിച്ച വേദനയാണത്. ആധുനിക യുഗത്തിൽ നാൾക്കുനാൾ സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന സ്ത്രീപുരുഷ ബന്ധങ്ങളുടെ നേർചിത്രമാണത്. ദാമ്പത്യത്തിനു പുറത്തുള്ള സ്ത്രീപുരുഷ ബന്ധങ്ങൾ വർത്തമാനകാല മാധ്യമങ്ങളിലെ അപ്രധാനമല്ലാത്ത ദുരന്തവാർത്തകളാകുമ്പോൾ യേശുവിന്റെ മറുപടിക്ക് കാലാതിശായിയായ പ്രസക്തിയുണ്ട്.

മണലിന്മേൽ തീർക്കുന്ന വീടിന്റെ വീഴ്ച അനിവാര്യമെന്നും വലുതെന്നും യേശു പഠിപ്പിച്ചു. ദാമ്പത്യ ജീവിതം ചൂതാട്ടം നടത്തുന്ന ആരുടെയും ഭാവി ഇരുളടഞ്ഞത് മാത്രമായിരിക്കും. നിതാന്ത ജാഗ്രതയും ദൈവഭയവും തികഞ്ഞ സ്നേഹവും ഉറച്ച ബന്ധങ്ങളുമാണ് കുടുംബ ഭദ്രതയ്ക്ക് നൽകേണ്ട വില.

***ഫാ. ഏബ്രഹാം നടുവിലേടം***

## 2014 ആഗസ്റ്റ് 10
## തേജസ്ക്കരണത്തിനുശേഷം ഒന്നാം ഞായർ
## മത്താ. 21:28-32,2 കോരി:3:1218

മുൻപന്മാർ പിൻപന്മാർ ആകുന്നത് എപ്രകാരമാണ് എന്നു പഠിപ്പിക്കുവാൻ സുവിശേഷത്തിൽ ക്രിസ്തു ഫരിസേയനേയും ചുങ്കക്കാരനേയും ഉപയോഗിക്കുമ്പോൾ വിശുദ്ധ പൗലോസ് ശ്ലീഹാ തന്റെ ലേഖനങ്ങളിൽ യഹൂദനെയും ഗ്രീക്കുകാരനെയും ഉപയോഗിക്കുന്നു. അതിനാൽ തന്നെ രണ്ടു പുത്രന്മാരുടെ ഈ ഉപമ റോമാക്കാർക്കുള്ള ലേഖനത്തിലെ യഹൂദനും ഗ്രീക്കുകാരനും തമ്മിലുള്ള താരതമ്യവുമായി ചേർത്തു വായിക്കുന്നത് ഏറെ ഉചിതമായിരിക്കും.



അവൻ ഒന്നാമന്റെ അടുത്തു ചെന്നു പറഞ്ഞു: "മകനേ പോയി ഇന്നു മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യുക" (മത്തായി 21:28).

യഹൂദന്റെ മേന്മ - "ദൈവത്തിന്റെ അരുളപ്പാടുകൾ ഭരമേല്പിച്ചത് യഹൂദരെയാണ്" (റോമാ. 3:2)

''ഞാൻ പോകാം എന്ന് അവൻ പറഞ്ഞു. എങ്കിലും പോയില്ല" (മത്തായി 21:29).

അവരുടെ അവിശ്വസ്തത ദൈവത്തിന്റെ വിശ്വസ്തതയെ ഇല്ലാതാക്കുകയില്ല. എങ്കിൽപോലും അവർ നിമിത്തം ദൈവത്തിന്റെ നാമം വിജാതീയരുടെയിടയിൽ ദുഷിക്കപ്പെടുന്നു. (റോമാ. 3:3; റോമാ. 2:24).

തെരഞ്ഞെടുക്കപ്പെടുന്നവൻ തിരസ്കൃതനാവുന്നത് അവന്റെ അവിശ്വസ്തത മൂലമാണ്. അവൻ സ്വാഭാവിക ശാഖയാണെങ്കിൽ പോലും മുറിക്കപ്പെടുകയും കാട്ടൊലിവിന്റെ ശാഖയ്ക്ക് വഴിമാറുകയും ചെയ്യുന്നു.

"അവൻ രണ്ടാമന്റെ അടുത്തുചെന്ന് ഇതുതന്നെ പറഞ്ഞു, അവനാകട്ടെ. എനിക്ക് മനസ്സില്ല എന്നു പറഞ്ഞു. എങ്കിലും പിന്നീട് പശ്ചാത്തപിച്ച് അവൻ പോയി." (മത്തായി 21:30).

''ഹൃദയത്തിൽ നടക്കുന്ന പരിച്ഛേദനമാണ് യഥാർത്ഥ പരിച്ഛേദനം" (റോമാ. 2:29).

പശ്ചാത്താപം ഹൃദയത്തിൽ നടക്കുന്ന പരിച്ഛേദനമാണ്. അത് ഒരുവനിൽനിന്ന് ദൈവേഷ്ടമല്ലാത്തതെല്ലാം മുറിവുകളാകുന്നു. അവൻ ദൈവേഷ്ടത്തിനു വിധേയനാകുവാൻ തന്നെത്തന്നെ വിട്ടുകൊടുക്കുന്നു.

ഒന്നാമന് സംഭവിച്ച ദുരിതം നിയമത്തിന്റെയും പാരമ്പര്യത്തിന്റെയും സ്ഥിരാവകാശിയാണ് താനെന്ന തെറ്റിദ്ധാരണ അവരെ ആത്മീയ അവസ്ഥയിലേക്കെത്തിച്ചു. നിയമവും പാരമ്പര്യവും എന്നും ശ്രേഷ്ഠമാണ്. ഒരിക്കലും നിയമം വിശ്വാസത്താൽ അസാധുവാക്കപ്പെടുന്നില്ല (റോമാ. 3:31). എന്നാൽ നിയമം വിശ്വാസത്താൽ ഉറപ്പിക്കപ്പെടണം. ആത്മീയ അലസതയാൽ ദൈവത്തിന്റെ സാക്ഷ്യത്തിൽ (മത്തായി 24:32) ഒന്നാമൻ വിശ്വസിച്ചില്ല. രണ്ടാമന്റെ പശ്ചാത്താപവും അതുളവാക്കിയ വിശ്വാസവും തന്റെ വിളിയുടെ ഒരു ഓർമ്മപ്പെടുത്തലായി കാണുവാൻപോലും ഒന്നാമനു സാധിച്ചില്ല. അത് അവനെ സ്വർഗ്ഗരാജ്യപ്രവേശനത്തിൽ പിൻപന്മാരാക്കുന്നു.

***ഫാ.തോമസ് പയ്യംപ്പള്ളിൽ***

## 2014 ആഗസ്റ്റ് 17
## തേജസ്കരണശേഷം 2 – ാം ഞായർ
**വി. മർക്കോസ് 12:28 – 34, ഫിലി. 4:10 – 14**

ദൈവത്തിന്റെ പത്തു കല്പനകൾ മോശയിലൂടെ തങ്ങൾക്കു ലഭിച്ചതാണെന്നും മറ്റു സകല ജനതകളെയുംകാൾ തങ്ങളാണ് ദൈവത്തിന്റെ സ്വന്തം ജനമെന്നും അഭിമാനിക്കുകയും ആത്മനിർവൃതി അനുഭവിക്കുകയും ചെയ്ത ജനമാണ് ഇസ്രാ



യേൽക്കാർ. പഠിച്ചാലും പഠിച്ചാലും തീരാത്തവിധം ഇസ്രായേലിലെ മതപണ്ഡിതർ പഴയനിയമഗ്രന്ഥങ്ങളെയും അവയിലടങ്ങിയ സത്യങ്ങളെയും ഗ്രഹിക്കാൻ ശ്രമിച്ചിരുന്നു. എന്നാലും നമ്മുടെ കർത്താവിന്റെ കാലത്തും ഉത്തരമില്ലാതെ ശേഷിച്ച ഒരു വലിയ പ്രശ്നമായിരുന്നു, പത്തു കല്പനകളിൽ പ്രധാനപ്പെട്ടത് ഏതെന്നത്. പരസ്യജീവിതകാലത്ത് തന്നെ എതിർക്കുന്നവർക്കും തർക്കിച്ച് പരാജയപ്പെടുത്തുവാൻ വന്നവർക്കും ഒക്കെ വ്യക്തമായ ഉത്തരം, പരിഹാരം നൽകുന്ന യേശുവിന്റെ ജ്ഞാനം അംഗീകരിച്ചുകൊണ്ട് തന്റെ വലിയ സംശയത്തിന് നീക്കുപോക്കന്വേഷിച്ച് ഒരു നിയമജ്ഞൻ അവിടുത്തെ സമീപിക്കുന്നതും കൃത്യമായ ഉത്തരം നമ്മുടെ കർത്താവ് അയാൾക്കു നൽകുന്നതുമായ സുവിശേഷഭാഗമാണ് ഇന്നത്തെ വിശുദ്ധ കുർബാനയ്ക്കുള്ള ഏവൻഗേല്യോൻ.

ആ നല്ല നിയമജ്ഞൻ വളരെ ലളിതമായി യേശുവിനോട് ചോദിച്ചു: ഏതാണ് എല്ലാറ്റിലും പ്രധാനമായ കല്പന. അയാളുടെ ആത്മാർത്ഥത മനസ്സിലാക്കിയ യേശു വളരെ ചുരുങ്ങിയ വാക്കുകളിൽ കൃത്യമായ ഉത്തരം പറയുന്നു: "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുക. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക". നിയമാവർത്തന പുസ്തകം 6–ാം അദ്ധ്യായം 5–ാം വാക്യമാണ് ആദ്യഭാഗത്തിനടിസ്ഥാനം. ലേവ്യപുസ്തകം 19–ാം അദ്ധ്യായം 18–ാം വാക്യം രണ്ടാം ഭാഗത്തിന് അടിസ്ഥാനമായി നിൽക്കുന്നു. പക്ഷേ രണ്ടുംകൂടി ഒരുമിച്ചു ചേർത്ത് ഒരു കല്പനയുടെ രണ്ടു വശങ്ങളാക്കി രൂപപ്പെടുത്തിയത് യേശുവാണ്. അന്നുവരെ ആർക്കും സാധിക്കാത്ത ആ ഘടന ചോദ്യകർത്താവായ നിയമജ്ഞനും വളരെ സന്തോഷം നൽകുന്ന ഉത്തരമായിരുന്നു. അയാളും തന്റേതായ ഒരു ലഘുവാക്യം വളരെ അർത്ഥവത്തായ വിശദീകരണമായി ചേർത്തു പറഞ്ഞു: അയൽക്കാരനെ തന്നെപ്പോലെ സ്നേഹിക്കുന്നത് ബലികളേക്കാളും സകല ദഹന ബലികളേക്കാളും ശ്രേഷ്ഠമാണെന്ന്. യേശുവും അയാളെ അംഗീകരിച്ചു പറഞ്ഞു, താങ്കൾ സ്വർഗ്ഗരാജ്യത്തിൽ നിന്ന് അകലെയല്ല.

ക്രൈസ്തവരായ നമ്മെ സംബന്ധിച്ച് ഈ പ്രശ്നം ഒരിക്കലും ഉണ്ടാകുകയില്ല. നമ്മൾ സഭയിലൂടെ കേട്ടുപഠിച്ചതാണ് ദൈവത്തെ സ്നേഹിക്കണമെങ്കിൽ കാണപ്പെടുന്ന സഹോദരനെ സ്നേഹിച്ചാലേ സാദ്ധ്യമാകൂ എന്ന്. നമ്മുടെ സഭ ഇന്ന് സാമൂഹ്യനീതി ഞായർ ആയിട്ട് ആചരിക്കുകയാണ്. അതുകൊണ്ട് ഇന്നത്തെ സുവിശേഷഭാഗത്തെപ്പറ്റി ആ നിലയിൽതന്നെ നമുക്ക് പഠനവിഷയമാക്കാം.

അപ്പസ്തോലിക കാലം മുതൽ സാമൂഹികസ്നേഹം സഭയുടെ പഠിപ്പിക്കലിന്റെ പ്രധാന ഘടകമാണ്. അപ്പസ്തോല നടപടി പുസ്തകം 2–ാം അദ്ധ്യായത്തിൽതന്നെ അത് എടുത്തു പറഞ്ഞിരിക്കുന്നു. പെന്തിക്കോസ്തി പെരുന്നാൾ ദിവസം യറുസലേമിൽ സമ്മേളിച്ച വിപ്രവാസികളായ യഹൂദരുൾപ്പെടെ വലിയൊരു ജനാവലിയോട് അന്നു പരിശുദ്ധാത്മാവിനെ സ്വീകരിച്ച വിശുദ്ധ പത്രോസ് പ്രസംഗിച്ചപ്പോൾ മനുഷ്യരക്ഷാർത്ഥം ദൈവപുത്രനായ യേശു ബലിയായി മരണം സ്വീകരിച്ചതും മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റതുമായ സംഭവങ്ങൾ വിശദീകരിക്കുന്നു. അതുകേട്ട് 3000 പേർ അന്നുതന്നെ സ്നാനം സ്വീകരിച്ച് വിശ്വാസികളായി. അവർ ഒരു സമൂഹമായി, സ്വന്തമായുണ്ടായിരുന്നതെല്ലാം സമൂഹത്തിലെ ആവശ്യമുള്ളവരുടെയെല്ലാം ചെലവിനായി ഉപയോഗിച്ച കാര്യം എഴുതിയിട്ടുണ്ട് (അദ്ധ്യായം 2:44–45). അതേതുടർന്ന് 6–ാം അദ്ധ്യായത്തിൽ ജനങ്ങളുടെ പൊതു ആവശ്യങ്ങൾ അന്വേഷിക്കാൻവേണ്ടി ഏഴുപേരെ ഡീക്കൺമാരായി നിയമിച്ച കാര്യവും എഴുതിയിട്ടുണ്ട്.

അപ്പസ്തോലന്മാരായ പൗലോസും യാക്കോബും ആദ്യകാലത്തുതന്നെ സഭയുടെ സാമൂഹ്യസ്നേഹത്തെ ലേഖനങ്ങളിൽ വളരെ പ്രാധാന്യം കൊടുത്ത് എഴുതിയിട്ടുണ്ട്. വിശുദ്ധ യാക്കോബ് വളരെ പച്ചയായി പറയുന്നതിങ്ങനെ: ഒരു സഹോദരനോ സഹോദരിയോ ഭക്ഷണമോ വസ്ത്രമോ

ഇല്ലാതെ വലയുമ്പോൾ, അതുകൊടുക്കാതെ, നല്ല ഉപദേശങ്ങൾ കൊടുത്താൽ എന്തു പ്രയോജനം? തുടർന്നു പറയുന്നത് വളരെ ഗൗരവമായ വാക്യമാണ്: "പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽ തന്നെ നിർജ്ജീവമാണ്" (അദ്ധ്യായം 2, വാക്യം 15-17). വിശുദ്ധ പൗലോസ് വിവിധങ്ങളായ ലേഖനങ്ങളിൽ സാമൂഹിക ആവശ്യങ്ങളിൽ പരസ്പരം സഭകൾ കൂട്ടായ്മാ മനഃസ്ഥിതിയോടെ പെരുമാറാൻ പ്രേരിപ്പിക്കുന്നുണ്ട്. കോരിന്തൃർക്കുള്ള രണ്ടാം ലേഖനം 9-ാം അദ്ധ്യായത്തിൽ കുറേ കാര്യങ്ങൾ ഒരുമിച്ചു ചേർത്ത് എഴുതുന്നു. 1. സമൂഹനന്മയ്ക്കായി സംഭാവന നൽകുന്നത്, സന്മനസ്സോടെ വേണം. നിർബന്ധം മൂലമാകരുത്. 2. കൊടുക്കുന്നതനുസരിച്ച് തിരിച്ചു ലഭിക്കും. 3. ദൈവം നമ്മെ തന്റെ കൃപയാൽ ധനികരാക്കി. അതിൽനിന്ന് ഇല്ലാത്തവർക്കായി ഒരു പങ്കുകൊടുത്താൽ കുറവില്ലാതെ തന്നെ അവിടുന്ന് നമ്മെ പരിപാലിക്കും. 4. കൊടുക്കുന്നത് ദൈവം കൃതജ്ഞതാ ബലിയായി പരിഗണിക്കും. 5. കൂട്ടായ്മയിലുള്ള ഔദാര്യം ബോദ്ധ്യപ്പെട്ട് സ്വീകർത്താക്കൾ ദൈവത്തെ സ്തുതിക്കും. ഇതുകൂടാതെ ദാതാക്കളോട് വി. പൗലോസ് പറയുന്നത് സ്വീകർത്താക്കളായ യറുസലേമിലെ മനുഷ്യരിൽനിന്ന് (യഹൂദപാരമ്പര്യമുള്ളവർ) രക്ഷയുടെ അനുഭവം കിട്ടിയവർ അവരോടുള്ള നന്ദിയായി സാമ്പത്തിക കാര്യങ്ങളിൽ അവരെ സഹായിക്കുക അവരുടെ കടമയാണെന്നാണ് (2 കോരി. 9:6-14).

സാമൂഹ്യനീതിയുടെ ഈ ഞായറാഴ്ച ഈ വലിയ സത്യങ്ങളിൽ നമ്മുടെ ഹൃദയത്തെയും അല്പനേരം വ്യാപിപ്പിക്കാം.

*ഫാ. തോമസ് പുതിയവീട്ടിൽ*

## 2014 ആഗസ്റ്റ് 24 ഞായർ
## തേജസ്കരണശേഷം 3-ാം ഞായർ
**വി. ലൂക്കോസ് 18:9-14; 2 കോരി.12:1-10**

നമുക്കെല്ലാം സുപരിചിതമായ നമ്മുടെ കർത്താവിന്റെ ഒരു ഉപമയാണല്ലോ ദൈവാലയത്തിൽ പ്രാർത്ഥിച്ചിറങ്ങുന്ന ഫരിസേയന്റേയും ചുങ്കക്കാരന്റേയും ഉപമ. വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിൽ 18-ാം അദ്ധ്യായം ഒൻപതു മുതൽ പതിന്നാലു വരെ വാക്യങ്ങളിൽ ഉള്ള ആ ഉപമയാണ് ഇന്നത്തെ വിശുദ്ധ കുർബാനയ്ക്കുള്ള ഏവൻഗേലിയോൻ. ഇസ്രായേൽ സമൂഹത്തിന്റെ മുകളിലത്തെയും താഴത്തെയും നിരകളിലുള്ള രണ്ടു വ്യക്തികളാണ് പ്രാർത്ഥനക്കാർ. മുകളിൽ പരിശുദ്ധനെന്നും ജ്ഞാനിയെന്നും അംഗീകാരമുള്ള ഫരിസയനും താഴെ പാപിയെന്നും സാമൂഹ്യദ്രോഹിയെന്നും മുദ്രകുത്തപ്പെട്ട ചുങ്കക്കാരനും.



ഫരിസേയൻ ദൈവാലയത്തിൽ കയറി നല്ല മനസ്സോടെ ദൈവസാന്നിദ്ധ്യം അംഗീകരിച്ചും തന്റെ ജീവിതത്തിൽ ധാരാളമായ കൃപചൊരിഞ്ഞ ദൈവത്തിനു നന്ദി പറഞ്ഞും പ്രാർത്ഥന ആരംഭിച്ചു. പക്ഷേ വളരെവേഗം ശ്രദ്ധ മാറിപ്പോയി. പിറകിലായി നിന്നു പ്രാർത്ഥിക്കുന്ന ചുങ്കക്കാരനിലേക്ക് തിരിഞ്ഞപ്പോൾ അയാളുമായിട്ടു തന്നെ താരതമ്യപ്പെടുത്തി സ്വയം വീർത്തുപോയി. ദൈവത്തെ മറന്ന് ദൈവാലയം വിട്ടിറങ്ങിപ്പോയി. ജനദ്രോഹിയും പാപിയെന്നും മുദ്രകുത്തപ്പെട്ടവനുമായ ചുങ്കക്കാരൻ ദൈവാലയത്തിൽ കയറിയപ്പോൾ ദൈവത്തെയും അവിടുന്നു നൽകിയ കൃപകളെ മറന്നു ജീവിച്ച തന്റെ ദയനീയാവസ്ഥയെയും പറ്റി ചിന്തിച്ചും പാപിയെന്ന ബോദ്ധ്യം വന്നപ്പോൾ അനുതാപവും എളിമയുംകൊണ്ട് മനസ്സുരുകി അയാൾ പ്രാർത്ഥിച്ചു: കർത്താവേ പാപിയായ എന്റെ മേൽ കനിയണമേ. കണ്ണീർ ധാരയായി ഒഴുകി. ദൈവസമക്ഷം അയാളുടെ എളിമയാർന്ന പ്രാർത്ഥന സ്വീകാര്യമായി. സമാധാനവും സന്തോഷവും നിറഞ്ഞവനായി അയാൾ ദൈവാലയത്തിനു പുറത്തിറങ്ങിയതായി നമ്മുടെ കർത്താവു പറയുന്നു.

ക്രൈസ്തവ പുണ്യങ്ങളുടെ ഏറ്റവും താഴെയുള്ള പടി എളിമയാണ്. എളിമയുണ്ടെങ്കിലേ വിശ്വാസം ഉണ്ടാകൂ. സ്നേഹത്തിൽ വളരാനാകൂ. മറ്റെല്ലാ സുകൃതങ്ങളെയും പ്രാവർത്തികമാക്കി ജീവിക്കാനാകൂ. നമ്മുടെ കർത്താവു തന്നെ സ്വയം വിശേഷിപ്പിക്കുന്നത് ഹൃദയശാന്തതയും എളിമയും ഉള്ളവൻ എന്നാണ്( മത്തായി 11:28). ഫരിസയന്റെ പരാജയം അയാൾ ദൈവത്തോട് ബന്ധപ്പെടുത്തി തന്നെ കാണാതെ, താഴെയുള്ള ചുങ്കക്കാരനോടു താരതമ്യപ്പെടുത്തി തൃപ്തിയടയാൻ ശ്രമിച്ചതുകൊണ്ടാണ്. നമ്മൾ ശ്രദ്ധിക്കേണ്ടതും ദൈവത്തിന്റെ കൃപയിൽ എനിക്ക് അഭിമാനിക്കാനുള്ള വക കണ്ടെത്തുവാനുമാണ്. അവിടെ കുറവുണ്ടെന്നു കണ്ടാൽ ചുങ്കക്കാരനെപ്പോലെ കർത്താവേ കനിയമണമേ എന്നു പ്രാർത്ഥിക്കാൻ സാധിക്കും. നമ്മിൽ ശ്രേഷ്ഠ

മായതിനെയൊക്കെ പ്രതി ദൈവത്തിനു നന്ദി പറഞ്ഞു സന്തോഷിക്കാം. വിശുദ്ധരോടു സ്വയം താരതമ്യപ്പെടുത്തിയാൽ നമ്മൾക്കു ബോദ്ധ്യമാകും നമ്മൾ ഒത്തിരി വളരാനുണ്ടെന്ന്. അതായിരിക്കട്ടെ നമ്മുടെ രീതി.

ഇന്നത്തെ വിശുദ്ധ പൗലോസിന്റെ ലേഖനഭാഗം കൂടി നമുക്കൊന്നു ശ്രദ്ധിക്കാം. കോരിന്ത്യർക്കുള്ള രണ്ടാം ലേഖനം 12–ാം അദ്ധ്യായം തുടങ്ങുന്നതിങ്ങനെ: "എനിക്ക് ആത്മപ്രശംസ ചെയ്യാന് പലതുമുണ്ട്. അതുകൊണ്ടൊരു നേട്ടവും ഇല്ലെന്നു പറയുന്നുണ്ടെങ്കിലും കുറേ പറഞ്ഞു. അതു കഴിഞ്ഞപ്പോൾ തനിക്കു ലഭിച്ചതൊക്കെ ദൈവകൃപയാണെന്ന ബോധം വന്നു. 5–ാം വാക്യമായപ്പോഴേക്കും പറയുന്നത് മൂന്നാം സ്വർഗംവരെ ഉയർത്തപ്പെട്ട തന്നെക്കുറിച്ച് സ്വന്തം ബലഹീനതയിലല്ലാതെ ഞാൻ അഭിമാനം കൊള്ളുകയില്ലെന്നാണ്. ഈ ഭാഗം വലിയൊരു പാഠം നമുക്കും തരുന്നു. 3–ാം സ്വർഗംവരെ ഉയർത്തപ്പെട്ടവനായാലും അതു ദൈവാനുഗ്രഹമാണ്, കൃപയാലാണ്, എനിക്ക് അഹങ്കരിക്കാനാവില്ല എന്നത്.

നമ്മുടെ പ്രാർത്ഥന ദൈവതിരുമുമ്പിലെ നമ്മുടെ ജീവിതം കൂടുതൽ കൂടുതൽ എളിമപ്പെടുത്തുന്നതും മറ്റുള്ളവരെ ദൈവകൃപയ്ക്ക് സമർപ്പിച്ച് അവരുടെയും നന്മയും മാനസാന്തരവും വിശുദ്ധ ജീവിതവും ആയിരിക്കട്ടെ.

***ഫാ. തോമസ് പുതിയവീട്ടിൽ***




## കന്തീലാശുശ്രൂഷ

തിരുവല്ല അതിരൂപതയുടെ മുൻ അദ്ധ്യക്ഷൻ അഭി. ഗീവർഗീസ് മാർ തീമോത്തിയോസ് പിതാവിന് ആഘോഷകരമായ കന്തീലാ നല്കി. 2014 ജൂലൈ 17–ാം തീയതി ഉച്ചയ്ക്ക് 3 മണിക്ക് തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ് ചാപ്പലിൽ വച്ചായിരുന്നു ശുശ്രൂഷകൾ നടത്തിയത്. സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു. തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, പുത്തൂർ രൂപതാദ്ധ്യക്ഷൻ അഭി. ഗിവർഗിസ് മാർ ദിവന്ന്യാസിയോസ് മെത്രാപ്പോലീത്ത, മാർത്താണ്ഡം രൂപതാദ്ധ്യക്ഷൻ അഭി. വിൽസന്റ് മാർ പൗലോസ്, തിരുവല്ല അതിരൂപതാ സഹായമെത്രാൻ അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ്, തിരുവനന്തപുരം മേജർ അതിരൂപതാ സഹായമെത്രാൻ സാമുവേൽ മാർ ഐറേനിയസ്, കൂറിയാ മെത്രാൻ അഭി. തോമസ് മാർ അന്തോനിയോസ്, എന്നീ പിതാക്കന്മാരും അനേകം വൈദികരും സന്യസ്തരും വിശ്വാസികളും ഈ അനുഗ്രഹീത ശുശ്രൂഷയിൽ പങ്കെടുക്കുകയും പിതാവിന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

## മാർ ഈവാനിയോസ് പദയാത്ര

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിലേക്കുള്ള പദയാത്ര തിരുവല്ല അതിരൂപതയുടെ ആഭിമുഖ്യത്തിൽ എം.സി.വൈ.എം ന്റെ നേതൃത്വത്തിൽ ജൂലൈ മാസം 10–ാം തീയതി ഉച്ചയ്ക്ക് 3 പി.എംന് തിരുവല്ല സെന്റ്.ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ നിന്ന് ആരംഭിച്ചു. തിരുവല്ല അതിരൂപതയുടെ നവ കോറെപ്പിസ്കോപ്പാ വന്ദ്യ തോമസ് കൊടിനാട്ടുകുന്നേലച്ചൻ പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കുകയും വന്ദ്യ പിതാക്കന്മാരുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി പദയാത്രക്ക് തുടക്കം കുറിക്കുകയും ചെയ്തു. നിരവധി വൈദീകരും സന്യസ്തരും അല്മായരും യുവജനങ്ങളും ഈ പദയാത്രയിൽ പ്രാർത്ഥനാപൂർവ്വം പങ്കെടുത്തു.



# വിശുദ്ധ മരിയ ജോൺ വിയാനി




**(ക്ഷമയും സഹനവും ആയുധമാക്കിയ വൈദികൻ)**

**ആൻസി തോമസ്, പുല്ലാട്**

**1786** മെയ് 8-ാം തീയതി ഫ്രാൻസിലെ ലയൻസ് പട്ടണത്തിന് വടക്കുമാറി ഡാർഡിലി എന്ന ഗ്രാമത്തിൽ വിയാനിയച്ചൻ ജനിച്ചു. മാതാപിതാക്കളുടെ നാലാമത്തെ പുത്രനായിരുന്നു. താൻ എന്തായി തീരണമെന്ന് ചെറുപ്പത്തിൽ തന്നെ തീരുമാനിച്ചിരുന്നു. അമ്മയിൽ നിന്ന് പഠിച്ച പാഠങ്ങൾ വിയാനി തന്റെ കൂട്ടുകാരെ പഠിപ്പിച്ചു. 19 മത്തെ വയസിൽ വിയാനി സെമിനാരിയിൽ ചേർന്നു. പഠനത്തിൽ വളരെ പുറകോട്ടായിരുന്നു വിയാനി. പഠനത്തിൽ വിയാനിയെ ഒരു സുഹൃത്ത് സഹായിച്ചു. ഒരിക്കൽ സുഹൃത്ത് പറഞ്ഞു കൊടുക്കുന്നതോന്നും വിയാനിക്ക് മനസിലായിരുന്നില്ല. അവൻ ചെവിക്കു പിടിച്ച് തിരിച്ചു. വൈദികനാകാനുള്ള തീക്ഷ്ണമായ ആഗ്രഹം ഒരു വശത്ത് ആത്മാർത്ഥമായി എത്ര ശ്രമിച്ചിട്ടും പഠിക്കാൻ പറ്റാത്ത അവസ്ഥ അതും രണ്ടും വിയാനിയെ വളരെ തളർത്തി.

ജോൺ പട്ടാളത്തിൽ ചേർന്നു. അവിടെ നിന്നും അപ്രത്യക്ഷനായി ഒരു ഗ്രാമത്തിൽ ഒളിച്ചു താമസിച്ചു. യുദ്ധം കഴിഞ്ഞപ്പോൾ ജോൺ വീട്ടിൽ തിരിച്ചെത്തി. വീട്ടിലെത്തിയ ജോൺ വൈദിക പഠനത്തിൽ മുഴുകി. മണ്ടനായ വിദ്യാർത്ഥി വീണ്ടും അവഗണിക്കപ്പെട്ടു. പഠനത്തിൽ ഒട്ടും പുരോഗതിയില്ലാത്ത ജോണിനെപ്പറ്റി പണ്ഡിതൻമാരായ വൈദികർ ഇങ്ങനെ വിധിയെഴുതി.:"മറ്റേതെങ്കിലും രൂപതയിലെ മെത്രാന് ഈ ചെറുപ്പക്കാരനെ പട്ടം കൊടുക്കാൻ മനസ്സുണ്ടെങ്കിൽ അവിടെ പൊയ്ക്കൊള്ളട്ടെ". എന്നാൽ പണ്ഡിതന്മാരായ വൈദികരെയല്ല ഭക്തരായ വൈദികരെയാണ് സഭയ്ക്ക് ആവശ്യമെന്ന് മനസ്സിലാക്കിയ ലയൺസ് രൂപതയുടെ മെത്രാൻ വിയാനി ഭക്തനാണോ എന്നു മാത്രമേ അന്വേഷിച്ചുള്ളു. 1815 ആഗസ്റ്റ് 13 -ാം തീയതി ജോൺ വിയാനി പുരോഹിതനായി.

ആർസ് എന്ന ഗ്രാമമാണ് മരിയ ജോൺ വിയാനിയച്ചന്റെ പ്രവർത്തന രംഗമായി തീർന്നത്. ആർസിലെത്തിയപ്പോൾ സാമ്പത്തികമായും ധാർമ്മികമായും ക്ഷയിച്ച ഒരു ജന സമൂഹത്തെയാണ് അദ്ദേഹം അവിടെ കണ്ടത്. അവരുടെ അജ്ഞത അദ്ദേഹത്തെ ഒരുപാട് വേദനിപ്പിച്ചു. അജ്ഞതയിൽ നിന്നും അവരെ രക്ഷിക്കാൻ വിയാനിയച്ചൻ ശ്രമിച്ചു. ആർസിലെ ജനങ്ങൾ വിശുദ്ധ ദിനത്തോട് അനാദരവ് കാണിച്ചു. ഞയറാഴ്ച്ച ദിവസം മറ്റു വിനോദങ്ങൾക്കായി അവർ തിരഞ്ഞെടുത്തു. ഈ അധാർമ്മികക്കേതിരെ ധാർമ്മിക ദൂതൻ യുദ്ധപ്രഖ്യാപനം നടത്തി. പ്രസംഗവേദിയും പാപസങ്കിർത്തനപീഠവും സംഭാഷണസന്ദർഭങ്ങളും അദ്ദേഹം ഉപകരണങ്ങളാക്കി. വിയാനിയച്ചന്റെ ജീവിതമാണ് ഏറ്റവും വലിയ പ്രസംഗം.

ആർസ് ഇടവകയിലെ മാത്രമല്ല വിദൂര സ്ഥലങ്ങളിൽ നിന്നുപോലും ആളുകൾ പാപഭാരം ഇറക്കിവച്ചു സമാധാനം പ്രാപിക്കാൻ അദ്ദേഹത്തിന്റെ അടുത്തെത്തി. മണിക്കൂറുകൾ കുമ്പസാരക്കൂട്ടിൽ അച്ചൻ ചിലവഴിച്ചു. പകലും രാത്രിയും നടന്ന പാപസങ്കീർത്തനമാണ് ആർസിലെ വികാരിയുടെ വലിയ അത്ഭുതം. അദ്ദേഹം പ്രവർത്തിച്ച ഏറ്റവും വലിയ അത്ഭുതം പാപികളുടെ മാനസാന്തരമാണ്. അച്ചന്റെ ആത്മീയ വിജയങ്ങളും പാപികളുടെ മാനസാന്തരവും മൂലം അദ്ദേഹത്തിന് ദുഷ്ടരൂപികളുടെ ശല്യങ്ങൾ കൂടിവന്നു.

വിയാനിയച്ചന്റെ സേവനങ്ങൾ കണ്ട് അധികാരികൾ അച്ചന് 'മാടമ്പി' എന്ന സ്ഥാനം നൽകി. വിശുദ്ധ വിയാനിയുടെ കരുത്തേറിയ രണ്ടു ആയുധങ്ങൾ ആയിരുന്നു ക്ഷമയും സഹനവും. ഈ ആയുധങ്ങൾ ഇടത്തും വലത്തും പിടിച്ച് അദ്ദേഹം ശത്രുക്കളെ കീഴ്പ്പെടുത്തി. ഗ്രാമത്തിലെ ഒരു കുട്ടി പള്ളിയിൽ നിന്നും പണം മോഷ്ടിച്ചിരുന്നു. ആ ശീലം തഴക്കത്തിലെ മാറ്റണമെന്ന് അവന്റെ അമ്മയോട് മെയർ ഉപദേശിച്ചു. തന്റെ മകനെ കുറിച്ച് ഈ ആരോപണം ഉന്നയിച്ചത് വിയാനിയച്ചനാണ് എന്ന് വിചാരിച്ച് അവൾ നിന്ദനങ്ങളും ഭർത്സനങ്ങളും കൊണ്ട് അച്ചന് വീർപ്പുമുട്ടിച്ചു. എല്ലാം കെട്ടിട്ടും "നിങ്ങൾ എനിക്ക് വേണ്ടി പ്രാർത്ഥിക്കൂ" എന്നു മാത്രമാണ് അച്ചൻ പറഞ്ഞത്. പുണ്യമാർജ്ജിക്കുന്നതിന് വിശുദ്ധൻ പ്രാർത്ഥനയും പ്രായശ്ചിത്തവും അനുഷ്ഠിച്ചു. മരണക്കിടക്കയിലായിരിക്കുമ്പോൾ പരി. കുർബാനയിൽ ക്രിസ്തുവിനോടുകൂടി ആയിരിക്കാനുള്ള അവസരം നഷ്ടപ്പെടുമല്ലോയെന്ന് സങ്കടപ്പെട്ടു. 1859 ആഗസ്റ്റ് 4-ാം തീയതി വിയാനിയച്ചൻ ലോകത്തോട് വിടവാങ്ങി. 1925 മെയ് 31 -ാം തീയതി 11-ാം പീയുസ് മാർപാപ്പ അദ്ദേഹത്തെ വിശുദ്ധ പദവിയിലേക്കുയർത്തി.

●

# ക്രിസ്തുവാകുന്ന ലഹരിയിലേക്ക്



ബ്രദർ ലിബിൻ
ഒ. ഐ. സി


യൗവ്വനത്തിൻെറ കണ്ണുകൾ തിളക്കമേറിയവയാണ്. അവിടെ വിരിയുന്ന സപ്നരാജികളിൽ ഞാനിഷ്ടപ്പെടുന്ന നിറം മാത്രമേ ഞാൻ കാണുന്നുള്ളു. കാരണം ഞാനവിടെ ചില പ്രത്യേക സവിശേഷതകൾക്കുമാത്രമാണ് മൂല്യം നിർണ്ണയിക്കുന്നത്. യഥർത്ഥമൂല്യവും, യഥാർത്ഥ ലഹരിയും നാം തിരയേണ്ടത് യേശുവിലാണ്. പ്രീയ യുവജന സുഹൃത്തുക്കളേ നമ്മുടെയെല്ലം ജീവിതം ഒരു നിയോഗമാണ്. ജീവിത പന്ഥാവിൻെറ തീരത്ത് സഹയാത്രികനായ് എത്തുന്ന ദൈവിക ഭാവങ്ങളിലാണ് നാം യഥാർത്ഥ ലഹരിയെ കണ്ടെത്തേണ്ടത്. ഇതൊരു ആധുനികയുഗമാണ്. ജീവിതസൗകര്യങ്ങൾ ബലപ്പെടുത്തുന്നതിനും ഭാവി മെച്ചപ്പെടുത്തുന്നതിനും വേണ്ടി നെട്ടോട്ടമോടുന്ന ഒരു പുതിയ തലമുറ. സ്വാർത്ഥതയുടെ പരകായപ്രവേശത്തിൽ പല ലഹരികളും [മദ്യം, മാധ്യമങ്ങൾ] എന്നിങ്ങനെ പലതും അവരുടെ ലഹരിയായി മാറി. പല മൂല്യങ്ങളും നിഷ്പ്രഭമായിപ്പോയിരിക്കുന്നു. പത്തുമാസം സ്വശരീരത്തിൽ വളർത്തി ഇമവെട്ടാതെ കാത്തിരുന്നു നൊന്തുപെറ്റ അമ്മയുടെ സ്നേഹമെന്ന യഥാർത്ഥ ലഹരി പോലും അവർ മറന്നുപോകാൻ തുടങ്ങിയിരിക്കുന്നു. മദ്യവും മയക്കുമരുന്നും അതുപോലുള്ള പല ലഹരി പദാർത്ഥങ്ങളും നിന്നെ വേട്ടയടുമ്പോൾ യഥാർത്ഥസ്നേഹത്തിൻെറ ആഴവും പരപ്പും ഇല്ലതാകുന്നു. ലഹരിവസ്തുക്കളുടെ പരീക്ഷണ ശാലയായി ജീവിതം തരംതാഴ്ത്തപ്പെടുന്നു. ജീവിതം ഒരു ലഹരിയാണ്. യൗവ്വനത്തിൽ നീ ലഹരി കണ്ടെത്തേണ്ടത് നിനക്ക് ജന്മം നൽകിയ മാതാപിതാക്കളുടെ സ്നേഹത്തിലും കരുതലിലും അതിലുപരി നിന്നെ ചൂഴ്ന്നുനിൽക്കുന്ന ദൈവാനുഭവത്തിനും മീതെയാണ്. ആധുനികതയുടെ തിയറികളും ലോജിക്കിൻെറ ശകലങ്ങളും ഉൾപ്പെടുത്തി യഥാർത്ഥ ലഹരിയായ ദൈവസ്നേഹത്തെ വിദൂരതയിലാക്കരുത്. ഇനിയും തിരിച്ചറിവിൻെറ ബോധിവൃക്ഷത്തണലിലേക്ക് വരിക. ദൈവം നമ്മോട് സംസാരിക്കുന്നത് വചനത്തിലൂടെയാണ്. ബൈബിൾ ഒരു ലഹരിയാണ്. അതിനെ അനുദിനം അനുഭവിച്ചറിയുക. കേവലം വൈകാരികതയുടെ നെരിപ്പൊടിനുള്ളിൽ യഥാർത്ഥ സ്നേഹത്തിൻെറ ലഹരി. ലഹരിവസ്തുക്കളിലൂടെ നാം പകരം വയ്ക്കുന്നു. അവിടെ യേശുവെന്ന അപരിമേയമായലഹരിയെ പുനപ്രതിഷ്ഠിക്കാം. അങ്ങനെ ജീവിതം ഒരു പുതുവീഞ്ഞിൻെറ ക്രിസ്തീയ ലഹരിയായി മാറട്ടെ.







ഫാ. എൽദോ മോഴശ്ശേരിൽ



# ദ റോക്കറ്റ്
## (The Rocket)

ദ റോക്കറ്റ് എന്ന ചിത്രം ഒരു ലാവോഷ്യൻ (Laotion) ചിത്രമാണ്. ലാവോസ് (Laos) എന്ന രാജ്യം വളരെ ചെറിയ ഒരു രാജ്യമാണ്. സ്വന്തമായി ഒരു ചിത്രം നിർമ്മിക്കാൻ കഴിയാത്തതുകൊണ്ട് ആസ്ത്രേലിയക്കാർ ആണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്. ഈ ചിത്രത്തിന്റെ സംവിധായകനും കീം മോർഡൗണത്ത് (Kim Mordaunt) എന്ന ആസ്ത്രേലിയക്കാരൻ തന്നെ.

ദ റോക്കറ്റ് എന്ന ചിത്രം അഹ്ലോ (Ahlo) എന്ന പത്തു വയസ്സുകാരന്റെ കഥയാണ് പറയുന്നത്. കഥ തുടങ്ങുന്നത് ലാവോസിലെ ഒരു ഗ്രാമത്തിലാണ്.

ഒരു ലാവോഷ്യൻ സ്ത്രീ ഇരട്ടക്കുട്ടികൾക്ക് ജന്മം നൽകുന്നു. പൊതുവെ ചില ഗോത്രങ്ങളിൽ ഇരട്ടപ്രസവത്തെ അശുഭലക്ഷണമായി കാണുകയും പലപ്പോഴും ഇരട്ടകളെ കൊന്നുകളയുന്നതാണ് പതിവു സമ്പ്രദായം. അതിനു കാരണമായി അവർ പറയുന്നത് ഇരട്ടകളിൽ ഒരാൾ ആ ഗ്രാമത്തിനും സ്വഭവനത്തിനും നന്മയും ഐശ്വര്യവും അഭിവൃദ്ധിയും കൊണ്ടുവരുമെന്നും മറ്റെയാൾ ദോഷങ്ങളും വൻദുരന്തങ്ങളും സമ്മാനിക്കുമെന്നും അവർ വിശ്വസിച്ചിരുന്നു. ആ കുട്ടികളിൽ ആരാണ് നന്മ കൊണ്ടുവരുന്നതെന്ന് അറിയാത്തതുകൊണ്ട് രണ്ടു പിഞ്ചുകുഞ്ഞുങ്ങളെയും കൊന്നുകളയുകയാണ് അവർ ചെയ്തിരുന്നത്. അന്ധവിശ്വാസങ്ങളുടെയും ആഭിചാര പ്രവർത്തിയുടെയും ഈറ്റില്ലമാണ് ലാവോസ്. മലി എന്നു വിളിക്കപ്പെടുന്ന ആ സ്ത്രീ സുന്ദരനായ ഒരു കുഞ്ഞിനും ഒരു ചാപിള്ളയ്ക്കും ജന്മം നൽകുന്നു. സൂതികർമ്മിണിയായി വർത്തിക്കുന്നത് മലിയുടെ അമ്മായിയമ്മ തന്നെയാണ്. ഇരട്ട കുട്ടികളാണ് ജനിച്ചതെന്നറിയുമ്പോൾ ജീവനുള്ള ആ കുഞ്ഞിനെയും കൊന്നുകളയാൻ അമ്മായിയമ്മ ആജ്ഞാപിക്കുന്നു. ആദ്യം ഭീഷണിപ്പെടുത്തിയും പിന്നീട് കരഞ്ഞുകൊണ്ടും മലി തന്റെ അമ്മായിയമ്മയോട് കുഞ്ഞിന്റെ ജീവൻ എടുക്കരുതെന്നും മരിച്ച കുഞ്ഞിനെ മറവുചെയ്ത് അവൾ ഇരട്ടക്കുട്ടികൾക്ക് ജന്മം നൽകിയെന്ന സത്യം ലോകം അറിയരുതെന്നും അപേക്ഷിക്കുന്നു. അങ്ങനെ അവർ ആ ചാപിള്ളയുടെ മൃതശരീരം ഒരു മാവിന്റെ ചുവട്ടിൽ രാത്രിയുടെ യാമത്തിൽ മറവുചെയ്യുന്നു. പക്ഷേ അപ്പോഴും അമ്മായിയമ്മ ആ ജീവനുള്ള കുട്ടി അവരുടെ മേൽ ദോഷം കൊണ്ടുവരുമോയെന്ന് ശങ്കിക്കുന്നു.

ആ കുഞ്ഞ് വളരെ സമർത്ഥനായ ഒരു ബാലനായി വളരുന്നു. സ്വന്തമായി പണിചെയ്ത്, കഠിനാദ്ധ്വാനംകൊണ്ട് മീൻപിടിച്ച് ചന്തയിൽ വിറ്റ് പണം ഉണ്ടാക്കുന്നു. വാക്സാമർത്ഥ്യവും അവനെ മറ്റുള്ള കുട്ടികളിൽനിന്ന് വ്യത്യസ്തനാക്കുന്നു.

ആസ്ത്രേലിയൻ സർക്കാരിന്റെ സഹായത്തോടെ നിർമ്മിക്കപ്പെട്ടിരിക്കുന്ന ഒരു ഡാമുണ്ട് അഹ്ലോയുടെ ഗ്രാമത്തിൽ. ഒരു ദിവസം ഡാമിലെ ഉദ്യോഗസ്ഥർ ആ ഗ്രാമത്തിലേക്ക് വരികയും ആ ഗ്രാമത്തിലെ ഓരോ ഭവനത്തിലെയും കുടുംബനാഥന്മാർ ഡാമിന്റെ അധികൃതർ നടത്തുന്ന ഒരു പഠനക്ലാസിൽ നിർബന്ധമായും സംബന്ധിക്കണമെന്ന് ആവശ്യപ്പെടുന്നു. അഹ്ലോയെയും കൂട്ടി അവന്റെ പിതാവ് ആ ക്ലാസിൽ സംബന്ധിക്കാൻ പോകുന്നു. അവിടെവച്ച് ഡാം അധികാരികൾ പുതിയ ഒരു ഡാമുകൂടി നിർമ്മിക്കുന്നതിനെപ്പറ്റിയും അതിനായി ഡാമിന്റെ നിർമ്മാണ പരിധിയിൽ വരുന്ന കുറച്ച് ഗ്രാമങ്ങൾ അവിടെനിന്ന് ഒഴിഞ്ഞുപോകണമെന്നും ആവശ്യപ്പെടുന്നു. പകരം അവർക്ക് നല്ല ഒരു പ്രദേശം, ഭവനം, വൈദ്യുതി ഇവ നൽകാമെന്ന് വാഗ്ദാനം ചെയ്യുന്നു. ഡാം അധികാരികൾ അവരെ പുനരധിവസിപ്പിക്കുമെന്ന് വിശ്വസിച്ച്, അഹ്ലോയുടെ ഗ്രാമത്തിലുള്ളവരെല്ലാം ആ ഗ്രാമം വിട്ടുപോകുന്നു.

സത്യത്തിൽ ഡാം അധികാരികൾ അവരെ കബളിപ്പിക്കുകയായിരുന്നു. പാഴായ

ഒരു സ്ഥലത്ത്, നല്ല കെട്ടിടങ്ങളോ വെള്ളമോ ഇല്ലാത്ത ഒരു പ്രദേശത്ത്, അവരെ പുനരധിവസിപ്പിക്കുന്നു. ഉന്നതാധികാരികൾ അവർക്ക് ലഭിക്കേണ്ട പണം കൈക്കലാക്കി. അങ്ങനെ അവർ തെരുവിലേക്ക് വലിച്ചെറിയപ്പെട്ടു. അവർക്ക് നല്ല ഭക്ഷണം, നല്ല വായു, വെള്ളം, ഭവനം എല്ലാം ഉണ്ടായിരുന്നു. പക്ഷേ ഇന്ന് വികസനത്തിന്റെ പേരിൽ അവർ ക്ക് എല്ലാം നഷ്ടമായിരിക്കുന്നു. ആരുടെ വികസനമാണ് അവർ നടപ്പിലാക്കിയത്? പണക്കാരന്റെ വീട് പ്രകാശപൂരിതമാക്കാൻ പാവപ്പെട്ടവന്റെ വീട് അന്ധകാരത്തിലാക്കി.


പ്രകൃതിയെയും മനുഷ്യനെയും ചൂഷണം ചെയ്തുകൊണ്ടുള്ള വികസനം വളർച്ചയല്ല വിനാശമാണ് വരുത്തിവയ്ക്കുന്നത്. സാമ്പത്തിക അസമത്വമാണ് (economic disparity) ഈ വികസനത്തിന്റെ ലക്ഷ്യം. Sustainable development in the case of nature and people should be the proper channel to the progress of a nation. പ്രകൃതിയെയും മനുഷ്യനെയും മാനിക്കുന്ന വികസനമാണ് പിന്തുടരേണ്ടത്.




അഹ്ലോ അടുത്തുള്ള വ്യവസായശാലയിൽനിന്ന് വൈദ്യുതി മോഷ്ടിച്ചതിന് അവനെയും കുടുംബത്തെയും ആ ചേരിയിൽനിന്ന് പുറത്താക്കുന്നു. അങ്കിൾ പർപിളും കൈയും അഹ്ലോയുടെ കുടുംബത്തോടൊപ്പം മറ്റൊരു ഗ്രാമത്തിലേക്ക് പലായനം ചെയ്യുന്നു.

അവിടെ എത്തുമ്പോൾ ആ ഗ്രാമത്തിലെ മൂപ്പൻ അവിടെ വന്ന് അവരോട് അവിടെ എല്ലാവർഷവും നടത്തിവരുന്ന റോക്കറ്റ് ഉത്സവത്തിൽ പങ്കെടുത്തിട്ട്, ആ ഗ്രാമം വിട്ടുപോകണമെന്ന് ആവശ്യപ്പെടുന്നു. റോക്കറ്റ് ഉത്സവം എന്നത് എല്ലാവർഷവും ആ ഗ്രാമക്കാർ നടത്തിപ്പോന്ന ഉത്സവമാണ്. മഴ പെയ്യാത്തപ്പോൾ ആകാശത്ത് വെടിക്കെട്ട് നടത്തി മേഘങ്ങളിൽ വസിക്കുന്ന ദേവന്മാർ അവരുടെ വെടിക്കെട്ടിൽ പ്രസാദിക്കുകയും അങ്ങനെ മഴ പെയ്യിപ്പിക്കുകയും ചെയ്യുന്നു എന്നവർ വിശ്വസിച്ചിരുന്നു. ഏറ്റവും ഉയർന്നുപോകുന്ന റോക്കറ്റിന് വലിയ പാരിതോഷികം നൽകിയിരുന്നു. ആ വർഷത്തെ പ്രത്യേകത, മഴ പെയ്തിട്ട് മാസങ്ങളായി എന്നതാണ്.

അഹ്ലോയും ആ മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിച്ചു. പക്ഷേ അവന്റെ വല്ല്യമ്മ അവനെ നിരുത്സാഹപ്പെടുത്തി. പകരം അവന്റെ പിതാവിനോട് റോക്കറ്റ് നിർമ്മിക്കാൻ പറയുന്നു. അഹ്ലോ അങ്കിൾ പർപിളിന്റെ സഹായത്തോടെ റോക്കറ്റ് നിർമ്മിക്കാനുള്ള രാസവസ്തുക്കൾ മനസ്സിലാക്കുകയും ആ രാസപദാർത്ഥങ്ങൾ കണ്ടെത്തുന്നു. അങ്ങനെ റോക്കറ്റ് മത്സരത്തിന്റെ ദിനം കടന്നുവന്നു. പല മത്സരാർത്ഥികളും പരാജയപ്പെടുന്നു. അഹലലോയയുടടെ പിതാവും ആ മത്സരത്തിൽ പരാജിതനായി. അപ്പോഴാണ് അഹ്ലോ തന്റെ റോക്കറ്റുമായി വരുന്നത്. ഒരു കൊച്ചുകുട്ടിയായതുകൊണ്ട് റോക്കറ്റിന് തീ കൊളുത്താന് അവനെ മത്സരം നടത്തിപ്പുകാർ അനുവദിച്ചില്ല. അവസാനം അവന്റെ പിതാവ് തന്നെ ആ കർമ്മം ഏറ്റെടുക്കുന്നു. അപ്പോൾ അവന്റെ അമ്മ പറയുന്നത്, അഹ്ലോ ഭാഗ്യദോഷിയാണ്. അവൻ മറ്റുള്ളവർക്കും ദുരന്തം കൊണ്ടുവരുമെന്ന്. പക്ഷേ അഹ്ലോയുടെ പിതാവ് തന്റെ അമ്മയുടെ വാക്കുകൾ അവഗണിച്ച്, അഹ്ലോയുടെ റോക്കറ്റിന് തീ കൊളുത്തുന്നു. ആ റോക്കറ്റ് ഏറ്റവും ഉയരത്തിൽ പോയി ബഹുവിധ വർണ്ണങ്ങൾ സൃഷ്ടിക്കുന്നു. ആ ദേവന്മാർ ആ മനോഹര കാഴ്ചയിൽ സന്തുഷ്ടരായി ഭൂമിയുടെ ദാഹം മാറ്റാൻ കനത്ത മഴ പെയ്യിക്കുന്നു. അഹ്ലോ ഭാഗ്യദോഷിയായ കുട്ടിയല്ല, വളരെ സമർത്ഥനും വിവേകമതിയും ഭാഗ്യവാനുമായ കുട്ടിയാണെന്ന് എല്ലാവരും തിരിച്ചറിയുന്നു. ആ ഗ്രാമത്തിലെ മൂപ്പൻ അവർക്ക് കൃഷി ചെയ്യാനും താമസിക്കാനുമുള്ള നിലം കൊടുക്കുന്നു. ആ മത്സരത്തിലെ വിജയിയായ അഹ്ലോയ്ക്ക് ആ വലിയ പാരിതോഷികം നൽകുകയും ചെയ്യുന്നു.



വലിയ വിശ്വാസികൾ എന്നു പറയുന്നവർപോലും രാഹുകാലം, റൂഹ്കുദിശാ തമ്പുരാനെ മറന്ന് നോക്കുന്നത് കണ്ടിട്ടുണ്ട്. ചില വ്യക്തികളെ ദുർനിമിത്തങ്ങളായി കാണുകയും, അവരെ മാനസികമായി തകർക്കുകയും ചെയ്യാറുണ്ട്. ഒരു വിശ്വാസിയുടെ ജീവിതത്തിൽ നടക്കുന്ന നല്ലതും ചീത്തയുമായ എല്ലാ സംഭവങ്ങൾ തന്നെയും ദൈവ മഹത്വത്തിന് വേണ്ടിയാണെന്ന് നാം അറിയണം.






# ഉൾക്കണ്ണ്

**'വിശ്വാസം അതല്ലേ എല്ലാം'** ഇതെത്ര പ്രാവിശ്യം നാം കേട്ടിരിക്കുന്നു. പരസ്യത്തിനൊപ്പം പറയുന്നുണ്ടെങ്കിലും ആരെയും വിശ്വാസമില്ല, പ്രത്യേകിച്ച് സ്വന്തം കുടുംബത്തിലുള്ളവരെപ്പോലും. എന്നാൽ ചിലപ്പോൾ ചിലരെ, അതും ഒരു പരിചയമില്ലാത്തവരെ കേറിയങ്ങ് വിശ്വസിക്കും, ചോദിക്കുന്നതെന്തും കൊടുക്കും. അതു പിന്നെ ജോസ്കോ മുതൽ ജോയി ആലുക്കാസ് വരെ കയറി ഇറങ്ങി വാരിക്കൂട്ടിയ സ്വർണ്ണമാണെങ്കിലും കാശുണ്ടാക്കാൻ ബ്ലേഡ് കൊണ്ട് പാവപ്പെട്ടവന്റെ കഴുത്തറുത്തുണ്ടാകിയ ബാങ്ക് ബാലൻസ് ആണെങ്കിലും കൊടുക്കും..... അതല്ല കൊടുത്തുപോലും. ഇതാണ് നമ്മൾ...?

തട്ടിപ്പിനിരയായവരെപ്പറ്റിയുള്ള വാർത്തകൾ പത്രങ്ങളിൽ തലങ്ങും വിലങ്ങും കണ്ടിട്ട് ചാരുകസേരയിലിരുന്ന് ഒരായിരം പ്രാവിശ്യം ആക്ഷേപ ചിരി ചിരിച്ചിട്ടില്ലേ? തട്ടിപ്പിനിരയാകില്ലന്ന് ചിന്തിച്ചിട്ടില്ലേ? ഓർത്തുനോക്കൂ ഒരു ദിവസം ഒരാളെങ്കിലും നിങ്ങളെ പറ്റിക്കുന്നില്ലേ? കുറഞ്ഞ പക്ഷം ഒരാളെയെങ്കിലും നിങ്ങൾ....? തട്ടിപ്പുകൾ പലരൂപത്തിലും ഭാവത്തിലുമെത്തുന്നു. ന്യൂജനറേഷൻ തട്ടിപ്പുകൾക്കു മുമ്പിൽ പിടിച്ചു നിൽക്കാനാവാത്ത അവസ്ഥ. അത് മന്ത്രവാദിയായും മാന്ത്രികനായും ഭൂമാഫിയായും വിവാഹതട്ടിപ്പായും ഒക്കെ മുമ്പിലെത്തുന്നു എന്നു മാത്രം. അയൽവക്കത്തെ വീടിന്റെ വലിപ്പം നോക്കി വീടുപണിയാൻ ലോണിനപേക്ഷിക്കുന്ന നമുക്ക് അത് പുറത്ത് പറയാനാവില്ല...... അതുകൊണ്ട് കതകും പൂട്ടിയൊരിരുപ്പാ..... കണ്ടില്ലേ മന്ത്രവാദത്തിന്റെ ഇരയായ ഒരു പാവം പെണ്ണിന്റെ കഥ. ക്രൂരമായ രീതിയിൽ കൊലചെയ്യപ്പെട്ട ഒരു ജീവൻ.

ആദ്യം വിശ്വാസവും വിശ്വസ്തതയും നമ്മുടെ കുടുംബത്തിൽ ജനിക്കട്ടെ. എന്ത് കേട്ടാലും അത് കൊള്ളാമല്ലോ! അല്ലെങ്കിൽ അതൊന്ന് പരീക്ഷിച്ച് നോക്കിയാലോ! ഈ ചിന്ത വളരുമ്പോൾ ഇടത്തരം തട്ടിപ്പുകളും വളരും. തീർച്ച.... 'വിശ്വാസം അതല്ലേ എല്ലാം' എന്ന് ഇനിയും കേൾക്കുമ്പോൾ, കൂടെ ചൊല്ലുമ്പോൾ വിശ്വാസത്തിന്റെ പ്രകാശം ഹൃദയത്തിൽ വളരണം, ദൈവത്തിലും മനുഷ്യരിലുമുള്ള വിശ്വാസം......



പാവനസ്മരണയ്ക്ക്



ത്രേസ്യാക്കുട്ടി എബ്രഹാം
ചിറയിൽ ചങ്ങനാശ്ശേരി



തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ഇടവക ചന്ദനപ്പള്ളിൽ ജോസഫ് ജോണിന്റെയും എൽസിയുടെയും മകൻ **അരുൺ ജോൺ ജോസഫും** (Sharjah) വെണ്ണിക്കുളം കൊച്ചുഴത്തിൽ ചക്കുംമൂട്ടിൽ കെ.സി ജോണിന്റെയും ലീലാമ്മയുടെയും മകൾ **ലിയാ അന്ന ജോണും** (Software Engineer) തമ്മിലുള്ള വിവാഹം 31-05-2014 ന് കത്തീഡ്രലിൽ വച്ച് വികാരി **ഫാ. തോമസുകുട്ടി പടിനെട്ടിലിന്റെ** കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.




**Rt.Rev. Mathews Remban Chamakalayil**

**Remban 02-07-2014**

ആശംസകളോടെ,
ചാമക്കാലായിൽ ഫാമിലി, റാന്നി,പൂഴിക്കുന്ന്

**ഒന്നാം പിറന്നാൾ**

(27-7-2014)



**യോഹാൻ അജൂപ്**
വാമറ്റത്തിൽ, മുരിക്കാശ്ശേരി
s/o അജൂപ് ആന്റണി & ദീപ്തി അജൂപ്
പ്രാർത്ഥനാശംസകളോടെ,
പപ്പ, അമ്മച്ചി, ചാച്ചൻ, അമ്മ

Date of Publication: 29-07-2014 **AIKYADEEPAM MONTHLY** **REG. NO. G/KL/TLA/40/2012-14**
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 **R.N.I. 35982/90**
Licenced to Post without Pre Payment No. KL/TLA/WPP/112/12-14 **August 2014**



കോഴിക്കോട് പാലത്തിങ്കൽ P.I. Issacന്റെയും Solly Zachariahയുടെയും മകൻ **JIJO** (Malaysia)യും എറണാകുളം ചീപ്പുങ്കൽ C.V. Mathewന്റെയും A.V. Agnesന്റെയും മകൾ **ANSA** (Enger.Infosys) തമ്മിലുള്ള വിവാഹം 15-05-2014 ൽ മാവേലിക്കര രൂപതാദ്ധ്യക്ഷൻ **അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ്** പിതാവിന്റെയും മറ്റു ബഹുമാനപ്പെട്ട വൈദീകരുടെയും മഹനീയ കാർമ്മികത്വത്തിൽ തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ചു നടത്തപ്പെട്ടു.



തച്ചമം സെന്റ് ജോസഫ് മലങ്കര കത്തോലിക്ക ദേവാലയത്തിൽ ചാലനടിയിൽ ഒറ്റപ്ലാമൂട്ടിൽ പരേതനായ ഏബ്രഹാം തോമസിന്റെയും അന്നമ്മ തോമസിന്റെയും മകനും എം.സി.വൈ.എം വെണ്ണിക്കുളം മേഖല ജനറൽ സെക്രട്ടറിയുമായ **ഹണി സി. തോമസും** തെള്ളിയൂർ സെന്റ് ഫ്രാൻസിസ് സേവ്യർ മലങ്കര കത്തോലിക്ക ദേവാലയത്തിൽ തൈപ്പറമ്പിൽ റ്റി. എൻ വർഗ്ഗീസിന്റെയും ജോളി വർഗ്ഗിസിന്റെയും മകളും തിരുവല്ല അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. ജോസ് തൈപ്പറമ്പിലിന്റെ സഹോദര പുത്രിയുമായ **ജോബിനാ വർഗ്ഗിസും** തമ്മിലുള്ള വിവാഹം 2014 ജൂലൈ 7-ാം തീയതി തോട്ടഭാഗം സെന്റ് മേരിസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് **അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് പിതാവിന്റെയും** സഹവൈദീകരുടെയും കാമ്മികത്വത്തിൽ ആശിർവദിക്കപ്പെട്ടു.

*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Dr. Thomaskutty Pathinettil.*